# വചന പ്രകാശിനി

## Vol. V

## ആരാധന: തിരുവചനവെളിച്ചത്തിൽ

*Published by*
**ATHMAPRAKASHINI PUBLICATIONS**
**KUMBANAD**

# VACHANA PRAKASHINI - VOL. V

Copyright Reserved

***First Published***
December 2007

Copies : 1000

***Printed at***
AMY Graphics
Muttumon, Pullad

***Contributers***
Dr. O.M. Samuel
Mr. Charles E. Wigg
Dr. K.C. Johnson
Mr. Saji A. John
Mr. Dani Ezekiel

***Published by***
Athmaprakashini Publications,
Kumbanad

Price Rs. 25/-

***For copies write to***

**The Manager**
ATHMAPRAKASHINI
P.O Box 10
Kumbanad 689 547
Kerala, India.
Ph: 0469-2664314
kcjohnson3000@gmail.com

www.athmaprakashini.com

# വിഷയവിവരം


| | | |
|---|---|---|
| 1. ആരാധന: തിരുവചനവെളിച്ചത്തിൽ | Dr. O.M. Samuel | 7 |
| 2. കർത്തൃമേശയും ആരാധനയും | Dr. K.C. Johnson | 14 |
| 3. അർത്ഥവത്തായ ആരാധന | Mr. Dani Ezekiel | 20 |
| 4. വിവിധ ആരാധനകൾ | Mr. Saji A. John | 38 |
| 5. ആരാധനയ്ക്കുള്ള തടസ്സങ്ങൾ | Dr. K.C. Johnson | 53 |
| 6. ആരാധന: ചില ചിന്തകളും നിർദ്ദേശങ്ങളും | Mr. Charles E. Wigg | 57 |

# ആമുഖം

പുതിയനിയമ പ്രമാണങ്ങൾ ശരിയായി പഠിക്കുന്നവരും പഠിപ്പിക്കുന്നവരുമാണ് വേർപെട്ട വിശ്വാസികൾ എന്ന ധാരണയിൽ തെറ്റില്ല എന്നാണു ഞങ്ങൾ വിശ്വസിക്കുന്നത്. അതുകൊണ്ട് വിശ്വാസത്തിലോ നടപടിയിലോ ഉണ്ടാകുന്നതോ ഉണ്ടായേക്കാവുന്നതോ ആയ വ്യതിചലനങ്ങളെ ചൂണ്ടിക്കാണിക്കുകയും തിരുത്തലുകൾ വരുത്തുവാൻ സഹായിക്കുകയും ചെയ്യേണ്ടത് ഒരു കടമയായി ഞങ്ങൾ കരുതുന്നു. അതിന്റെ വെളിച്ചത്തിൽ ആത്മപ്രകാശിനി മൂന്ന് നടപടികൾ സ്വീകരിക്കുകയുണ്ടായി. ഒന്നാമതായി, *"ആത്മപ്രകാശിനി ഡോട് കോം"* (www.athmaprakashini.com) എന്നൊരു വെബ്സൈറ്റ് ആരംഭിച്ചു. രണ്ടാമതായി, ആത്മപ്രകാശിനിയുടെ ആഭിമുഖ്യത്തിൽ ആറ് സമ്മേളനങ്ങൾ കുമ്പനാട്ടുവച്ചു നടത്തി. മൂന്നാമതായി, ആത്മപ്രകാശിനിയുടെ ആഭിമുഖ്യത്തിൽ നടന്ന സമ്മേളനങ്ങളിൽ അവതരിപ്പിച്ച പ്രബന്ധങ്ങളും വെബ്സൈറ്റിൽ ഇംഗ്ലീഷിൽ ചേർത്തിരുന്ന ലേഖനങ്ങളുടെ മലയാള വിവർത്തനവും ചേർത്ത് **'വചനപ്രകാശിനി'** എന്ന പേരിൽ നാലു വാല്യങ്ങൾ പ്രസിദ്ധീകരിക്കുകയുണ്ടായി.

കുമ്പനാട്ടുവച്ച് നടക്കുന്ന ഏഴാം സമ്മേളനത്തിൽ അവതരിപ്പിക്കുന്ന പഠനങ്ങളാണ് **'വചനപ്രകാശിനി'**യുടെ ഈ അഞ്ചാം വാല്യത്തിൽ പ്രധാനമായും ഉൾപ്പെടുത്തിയിരിക്കുന്നത്. ആത്മാവിലും സത്യത്തിലും ദൈവത്തെ ആരാധിക്കുന്നവരാണ് നാം എന്നാണ് നമ്മുടെ അവകാശവാദം. എന്നാൽ അലിഖിതവും തികച്ചും വചനാനുസൃതമെന്നു പറയാൻ കഴിയാത്തതുമായ പലതും നമ്മുടെ ആരാധനയിൽ കടന്നു കൂടിയിട്ടില്ലേ? അപ്പം നുറുക്കൽ മാത്രമാണ് ആരാധനയെന്നു കരുതിയിരിക്കുന്നവരും അനേകരാണ്. "ആരാധന: തിരുവചനവെളിച്ചത്തിൽ" എന്ന വിഷയത്തിന്റെ വചനസത്യങ്ങളുടെ പ്രകാശനമാണ് ഈ അഞ്ചാം വാല്യത്തിലെ ലേഖനങ്ങൾ കൊണ്ട് ഉദ്ദേശിക്കുന്നത്.

ഈ പഠനങ്ങൾ ദൈവജനത്തിനു വളരെ പ്രയോജനപ്പെടുന്നതിനും അവർ കർത്താവിനെ ആരാധിക്കേണ്ട നിലയിൽ വചനപ്രകാരം ആരാധിക്കേണ്ടതിനും മുഖാന്തരമാകട്ടെ എന്നും ആത്മാർത്ഥമായി പ്രാർത്ഥിച്ചു കൊണ്ട് വചനപ്രകാശിനിയുടെ ഈ അഞ്ചാം വാല്യം ദൈവമക്കൾക്കായി അവതരിപ്പിക്കുന്നു.

എഡിറ്റോറിയൽ ബോർഡിനുവേണ്ടി,

ഡോ. ഒ.എം. സാമുവേൽ (ഒപ്പ്)

10.12.2007

# ആരാധന: തിരുവചനവെളിച്ചത്തിൽ

**ഡോ. ഓ.എം. സാമൂവേൽ**

## ആമുഖം

ദൈവം നമ്മുടെ സ്രഷ്ടാവും നാം അവന്റെ സൃഷ്ടിയുമാണ്. സൃഷ്ടി സ്രഷ്ടാവിനെ ആരാധിക്കുകയെന്നുള്ളത് തികച്ചും സ്വാഭാവികമായ ഒന്നാണ്. മനുഷ്യനും ദൈവവുമായിട്ടുള്ള ബന്ധത്തിലെ ഏറ്റവും ശ്രേഷ്ഠവും സ്വാഭാവികവുമായുള്ള കണ്ണിയാണ് ആരാധന. ആരാധനയെക്കുറിച്ച് അർത്ഥവത്തായ അനേകം നിർവ്വചനങ്ങൾ ഉണ്ടെങ്കിലും ആരാധനയുടെ അർത്ഥവും വ്യാപ്തിയും നൽകുന്ന ചില കാര്യങ്ങൾ തിരുവചനത്തിൽ നിന്നും ചിന്തിക്കുക എന്നതാണ് ഈ ലേഖനത്തിന്റെ ലക്ഷ്യം. ആരാധന യാചനയിൽ നിന്നും സ്തോത്രത്തിൽ നിന്നും മദ്ധ്യസ്ഥതയിൽ നിന്നും വ്യത്യസ്തമാണ്. ***കർത്താവേ എന്റെ പ്രാണനെ രക്ഷിക്കേണമേ*** എന്നുള്ളതു പ്രാർത്ഥനയും ***എന്റെ ആത്മാവിനെ രക്ഷിച്ചതിന്നായി നന്ദി*** എന്നു പറയുന്നത് സ്തോത്രവും ***കർത്താവേ ഇന്ത്യയിലെ നശിച്ചുപോകുന്ന ജനലക്ഷങ്ങളെ രക്ഷിക്കേണമേ*** എന്നുള്ളത് മദ്ധ്യസ്ഥപ്രാർത്ഥനയും ആണ്; ആരാധനയല്ല. **ദൈവമേ, അങ്ങ് എത്രയോ വലിയവൻ എന്ന് ഓർത്ത് അങ്ങയെ വന്ദിക്കുന്നു** എന്നതാണ് യഥാർത്ഥ ആരാധന എന്നു പറയുന്നത്. യഥാർത്ഥ ആരാധന ദൈവത്തിൽ നിന്നും സ്വീകരിക്കുക എന്നുള്ളതല്ല. ദൈവത്തിന് നൽകുക എന്നുള്ളതാണ് യഥാർത്ഥ ആരാധന. 29-ാം സങ്കീർത്തനത്തിലെ ആദ്യത്തെ രണ്ട് വാക്യങ്ങൾ ശ്രദ്ധിക്കുക. "*ദൈവപുത്രന്മാരേ, യഹോവയ്ക്കു കൊടുപ്പിൻ, യഹോവയ്ക്കു മഹത്വവും ശക്തിയും കൊടുപ്പിൻ. യഹോവയ്ക്കു അവന്റെ നാമത്തിന്റെ മഹത്വം കൊടുപ്പിൻ; വിശുദ്ധ വസ്ത്രാലങ്കാരം ധരിച്ച് യഹോവയെ നമസ്കരിപ്പിൻ.*" ഈ സങ്കീർത്തനത്തിൽ നമസ്കരിക്കുക എന്ന മലയാള വാക്കിന്റെ ശരിയായ തർജ്ജമ ആരാധിക്കുക എന്നതാണ്. ഈ ഭാഗത്ത് ആരാധനയെന്നു പറയുന്നത് യഹോവയ്ക്കു കൊടുക്കുന്നതിനെയാണ്. രണ്ട് വാക്യങ്ങളിൽ മൂന്നു പ്രാവശ്യം കൊടുക്കുക എന്ന വാക്ക് ആവർത്തിച്ചു വരുന്നത് പ്രത്യേകം ശ്രദ്ധേയമാണ്. ദൈവപുത്രന്മാരോടാണ് ആരാധിക്കുവാൻ ആഹ്വാനം ചെയ്യുന്നത്.

## A. അബ്രാഹാമിന്റെ ആരാധന

തിരുവചനത്തിൽ ആരാധന എന്ന വാക്യം ആദ്യം വരുന്നത് ഉല്പത്തി 22:5-ൽ ആണ്. ഉല്പത്തി 4:25-ൽ മലയാളത്തിൽ ആരാധന

എന്ന വാക്കു വരുന്നുണ്ടെങ്കിലും *അവർ യഹോവയുടെ നാമത്തെ വിളിച്ചപേക്ഷിച്ചു* എന്നാണ് ശരിയായ തർജ്ജമ. ഉല്പത്തി 22:5-ൽ നിന്നും ആരാധനയുടെ ചില പ്രാഥമിക സത്യങ്ങൾ ഗ്രഹിക്കാം.

**1. ആരാധന ദൈവിക വെളിപ്പാടിൽ അധിഷ്ഠിതമാണ്**

ദൈവത്തിന്റെ കല്പനപ്രകാരമാണ് യിസ്ഹാക്കിനെ യാഗം കഴിക്കാൻ തീരുമാനിച്ചത്. അബ്രാഹാമിന്റെ ബുദ്ധിയിൽ ഉരുത്തിരിഞ്ഞ ആശയമല്ല യിസ്ഹാക്കിനെ യാഗം അർപ്പിക്കുക എന്നുള്ളത്. ദൈവിക കല്പന അഥവാ ദൈവിക വെളിപ്പാടിന്റെ അടിസ്ഥാനത്തിലായിരിക്കണം യഥാർത്ഥ ആരാധന. വിശ്വാസികളുടെ പിതാവായ അബ്രാഹാമിന് ദൈവിക കല്പനയുണ്ടായതിന്റെ വെളിച്ചത്തിലാണ് അബ്രാഹാം മകനെ യാഗം കഴിക്കാൻ ഒരുങ്ങുന്നത്. ദൈവിക കല്പനയില്ലാതെ യിസ്ഹാക്കിനെ യാഗം കഴിച്ചാൽ അത് കേവലം കൊലപാതകമായി അവശേഷിക്കും.

**2. ആരാധന ദൈവിക വെളിപ്പാടിനോടുള്ള വിശ്വാസത്തിൽ അധിഷ്ഠിതമാണ്**

ദൈവിക കല്പനയെ അബ്രാഹാം ചോദ്യം കൂടാതെ അംഗീകരിച്ചു എന്നുള്ളത് ആരാധനയിലെ മറ്റൊരു പ്രധാന ഘടകമാണ്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ ദൈവത്തിന്റെ വെളിപ്പാടിനെ വിനയത്തോടുകൂടി വിശ്വസിച്ച് അംഗീകരിച്ചു എന്നുള്ളതാണ്. വിശ്വാസത്താലുള്ള അബ്രാഹാമിന്റെ യാഗം ശ്രേഷ്ഠമായ ആരാധനയായി പരിണമിച്ചു. വിശ്വാസത്താൽ അബ്രാഹാം യിസ്ഹാക്കിനെ യാഗം അർപ്പിച്ചു. കയീന്റെ യാഗത്തിൽ ദൈവം പ്രസാദിക്കാതിരുന്നതിന്റെ പ്രധാന കാരണവും ഇതു തന്നെ (എബ്രാ.11:17).

**3. ആരാധന വിലപ്പിടിപ്പുള്ള എന്തിന്റെയെങ്കിലും അർപ്പണം ആയിരിക്കണം**

വില കുറഞ്ഞ കാര്യങ്ങളുടെ അർപ്പണത്തിൽ ദൈവത്തിനു താല്പര്യമില്ല. അബ്രാഹാമിന്റെ എല്ലാ പ്രതീക്ഷയും കേന്ദ്രീകൃതമായിരുന്നത് യിസ്ഹാക്ക് എന്ന ഏക വ്യക്തിയിൽ ആയിരുന്നു. ആ വിലപ്പിടിപ്പുള്ള യിസ്ഹാക്കിനെയാണ് ദൈവത്തിന് യാഗമായി അർപ്പിക്കുന്നത്. ഇതോടുള്ള ബന്ധത്തിൽ ദാവീദ് രാജാവ് അരവ്നയോട് പറയുന്ന വാക്കുകൾ ശ്രദ്ധേയമാണ്: *ഞാൻ അത് നിന്നോട് വിലക്കേ വാങ്ങുകയുള്ളൂ; എനിക്ക് ഒന്നും ചെലവില്ലാതെ ഞാൻ ദൈവമായ യഹോവയ്ക്കു ഹോമയാഗം കഴിക്കുകയില്ലയെന്നു പറഞ്ഞു. അങ്ങനെ ദാവീദ് കളത്തെയും കാളകളെയും 50 ശേക്കൽ വെള്ളിക്കു വിലക്കു വാങ്ങി. ദാവീദ് യഹോവയ്ക്ക് അവിടെ ഒരു യാഗപീഠം പണിതു ഹോമ*

*യാഗങ്ങളും സമാധാനയാഗങ്ങളും കഴിച്ചു* (2 ശമൂ. 24:24,25). ദൈവം അത് അംഗീകരിക്കുകയും ചെയ്തു. നമ്മുടെ ആരാധനയുടെ പിന്നിൽ എന്തു മൂല്യമാണുള്ളത്. വെറുതെ ചെലവു കൂടാതെ ഓസിനുള്ള ആരാധന അർപ്പിക്കാനാണ് നാം ഇഷ്ടപ്പെടുന്നത്. ദൈവത്തിന് അങ്ങനെയുള്ള ആരാധന ആവശ്യമില്ല.

### 4. ആരാധനയിൽ വേർപാടുണ്ടായിരിക്കണം

ആരാധനയോടുള്ള ബന്ധത്തിൽ നാം ഗ്രഹിക്കേണ്ട മറ്റൊരു സത്യമാണ് ആരാധനയിൽ വേർപാടുണ്ടായിരിക്കണം എന്നുള്ളത്. അബ്രാഹാം ഹോമയാഗത്തിനുള്ള സ്ഥലത്തോടടുത്തപ്പോൾ ബാല്യക്കാരോട് പറയുന്നത് നിങ്ങൾ ഇവിടെ ഇരിക്കുക, ഞാനും ബാലനും അവിടത്തോളം പോയി ആരാധന കഴിഞ്ഞു മടങ്ങിവരാം എന്നാണ്. ബാല്യക്കാരുടെ സഹായം അതുവരെ ആവശ്യമായിരുന്നു. എന്നാൽ അവർക്കു യഹോവയെ ആരാധിക്കാനുള്ള അവകാശം ഇല്ലായിരുന്നു. 29-ാം സങ്കീർത്തനത്തിൽ ആരാധിക്കുവാനുള്ള ആഹ്വാനം നൽകുന്നത് ദൈവപുത്രന്മാർക്കാണ്. ദൈവമക്കൾക്കാണ് ആരാധിക്കുവാനുള്ള അവകാശം ഉള്ളത്. മറ്റാർക്കും ആരാധിക്കാൻ അവകാശമില്ല.

### 5. ആരാധന ദൈവനാമ മഹത്വത്തിനും നമ്മുടെ അനുഗ്രഹത്തിനും കാരണമായിത്തീരും

അബ്രാഹാമിന്റെ ആരാധന ദൈവനാമ മഹത്വത്തിന് കാരണമായി. നമ്മുടെ ആരാധനകൊണ്ട് ദൈവനാമത്തിന് മഹത്വം ഉണ്ടാകണം. സ്വയത്തിന് ഒട്ടും സ്ഥാനവും ഇവിടെയില്ല. 50-ാം സങ്കീർത്തനത്തിൽ നാം വായിക്കുന്നത് ശ്രദ്ധിക്കുക: *സ്തോത്രമെന്ന യാഗം അർപ്പിക്കുന്നവൻ എന്നെ മഹത്വപ്പെടുത്തുന്നു* (വാക്യം 23). യാഗാർപ്പണം കഴിഞ്ഞപ്പോൾ യഹോവയുടെ ദൂതൻ പ്രത്യക്ഷപ്പെട്ടു അബ്രാഹാമിനെ അനുഗ്രഹിക്കുന്നതായി നാം കാണുന്നു. യഥാർത്ഥ ആരാധന ദൈവനാമ മഹത്വത്തിനും നമ്മുടെ അനുഗ്രഹത്തിനും കാരണമായിത്തീരും.

## B. വിദ്വാന്മാരുടെ ആരാധന

പുതിയനിയമത്തിലും ഇതേ സത്യം തന്നെ നമുക്കു ദർശിക്കാം. പുതിയനിയമത്തിൽ ആരാധന എന്ന വാക്ക് ആദ്യം വരുന്നത് മത്തായി 2:11-ൽ ആണ്. *ശിശുവിനെ അമ്മയായ മറിയയോടു കൂടി കണ്ടു, വീണു അവനെ നമസ്കരിച്ചു*. ഇവിടെ നമസ്കരിച്ചു എന്ന പദം വീണു അവനെ ആരാധിച്ചു എന്നാണ് ശരിയായി തർജ്ജമ ചെയ്യേണ്ടത്. ഈ ആരാധനയിൽ നിന്നും ഗ്രഹിക്കാവുന്ന ചില വസ്തുതകൾ ശ്രദ്ധിക്കുക.

### 1. ആരാധകർ: രക്ഷയ്ക്കു ജ്ഞാനികളായവർ

ഇവിടെ ആരാണ് ആരാധകർ? പൂർവ്വദിക്കിൽ നിന്നു വന്നിട്ടുള്ള വിദ്വാന്മാർ. പുതിയനിയമ വിശുദ്ധന്മാരെക്കുറിച്ചു നാം വായിക്കുന്നത് നാം രക്ഷയ്ക്കു ജ്ഞാനികളായവർ എന്നാണ് (2 തിമൊ. 3:14) ദൈവത്തിൽ നിന്നുള്ള ജ്ഞാനമാണ് നമ്മെ ജ്ഞാനികളാക്കിയിരിക്കുന്നത്. ദൈവിക സത്യങ്ങളെ അറിയാൻ സാധിക്കുന്ന ദൈവമക്കളെക്കാൾ ജ്ഞാനികൾ ആരും ഇല്ല. യേശുക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിച്ചു നാം ജ്ഞാനികളായി അവനെ ആരാധിക്കാൻ അർഹതയുള്ളവരായി തീർന്നിരിക്കുന്നു. ഈ വിദ്വാന്മാർക്കും ദൈവിക വെളിപ്പാടു ലഭിച്ചിരിക്കുന്നു. ആകാശ മദ്ധ്യത്തിൽ പൊട്ടിവിടർന്ന ഒരു നക്ഷത്രം അവരുടെ വെളിപ്പാടായിരുന്നു. ഇന്നു പുതിയനിയമവിശ്വാസികൾക്ക് പൂർണ്ണമായ ഒരു ദൈവിക വെളിപ്പാടുണ്ട്. അത് തിരുവചനമാണ്. ആ തിരുവചനസത്യങ്ങളാണ് അവരുടെ ആരാധനയെ നിയന്ത്രിക്കുന്നത്.

### 2. ആരാധ്യൻ: ദൈവം

പൂർവ്വദിക്കിൽ നിന്നും ആഗതരായ വിദ്വാന്മാർ ആരേയാണ് ആരാധിക്കുന്നത്? അവർ ആ ശിശുവിനെ വീണ് നമസ്കരിച്ചു. *ശിശുവിനെ അമ്മയായ മറിയയോടു കൂടി കണ്ടു, വീണു അവനെ നമസ്കരിച്ചു* (മത്തായി 2:11). അവർ ആരാധിച്ച ശിശു കേവലം ഒരു ശിശു മാത്രമായിരുന്നില്ല. വചനം ജഡമായി തീർന്ന ദൈവത്തെയാണ് അവർ വീണ് ആരാധിച്ചത്. ദൈവം മാത്രമാണ് ആരാധനയ്ക്ക് യോഗ്യൻ.

### 3. തിരുമൂല്ക്കാഴ്ച നൽകിയുള്ള ആരാധന

പൂർവ്വദിക്കിൽ നിന്നും ആഗതരായ വിദ്വാന്മാർ എങ്ങനെയാണ് ശിശുവിനെ ആരാധിക്കുന്നത്. പൊന്ന്, മൂര്, കുന്തിരിക്കം ഇവ തിരുമൂല്ക്കാഴ്ചയായി നൽകി ആ ശിശുവിനെ വീണ് നമസ്കരിച്ചു. ദൈവത്തിൽ നിന്നും സ്വീകരിക്കുക എന്നുള്ളതല്ല, ദൈവത്തിന് നൽകുക എന്നുള്ളതാണ് യഥാർത്ഥ ആരാധന.

## C. ആരാധനയുടെ പ്രാധാന്യം

ദൈവവചനത്തിൽ ആരാധനയ്ക്കു അതുല്യമായ ഒരു സ്ഥാനം നൽകിയിട്ടുണ്ട്. ആരാധന സൃഷ്ടിയോടുള്ള സ്രഷ്ടാവിന്റെ ആദ്യ കല്പനയാണ്. *ഞാനല്ലാതെ അന്യദൈവങ്ങൾ നിനക്ക് ഉണ്ടാകരുത്* (പുറ. 20:2). *നിന്റെ ദൈവമായ യഹോവയെ നീ പൂർണ്ണഹൃദയത്തോടും പൂർണ്ണമനസ്സോടും പൂർണ്ണശക്തിയോടും കൂടെ സ്നേഹിക്കേണം* (ആവ. 6:5). *അന്യദൈവത്തെ നമസ്കരിക്കരുത്; യഹോവയുടെ നാമം തീക്ഷ്ണൻ എന്നാകുന്നു* (പുറ.34:14). ആരാധനയുടെ പ്രാധാന്യം മന

സ്സിലാക്കി കൊടുക്കേണ്ടതിനാണ് ദൈവം യിസ്രായേൽ മക്കൾക്ക് മരുഭൂമിയിൽ സമാഗമനകൂടാരവും തുടർന്നു ദൈവാലയവും നൽകിയത്. സമാഗമനകൂടാരത്തിന്റെ നിർമ്മാണം യഹോവ കാണിച്ചുകൊടുത്ത മാതൃകയിൽത്തന്നെയാണ്. അതുപോലെ യാഗങ്ങളും യഹോവയുടെ ഉത്സവങ്ങളും ദൈവം നൽകിയതാണ്. ഒന്നും തന്നെ മോശെയുടെ ബുദ്ധിമൂശയിൽ രൂപം കൊണ്ടതായിരുന്നില്ല. യിസ്രായേൽ ജനം വിഗ്രഹാരാധനയിൽ മുഴുകിയപ്പോൾ ദൈവം യിസ്രായേലിനെ ലോകത്തിന്റെ നാലു ദിക്കിലേക്കും ചിതറിച്ചു കളഞ്ഞു. റോമർക്കെഴുതിയ ലേഖനം 9-ാം അദ്ധ്യായത്തിൽ യിസ്രായേലിന്റെ സവിശേഷതയെക്കുറിച്ചു അപ്പൊസ്തലനായ പൗലൊസ് പറയുമ്പോൾ ആരാധന എടുത്തുപറയുന്നുണ്ട്. യിസ്രായേലിന്റെ ആരാധന ദൈവദത്തമായ ഒന്നായിരുന്നു. അതു മാനുഷികമല്ലായിരുന്നു. ഇതെല്ലാം ആരാധനയുടെ പ്രാധാന്യത്തിലേക്കു വിരൽ ചൂണ്ടുന്ന സത്യങ്ങളാണ്. സഭയുടെ ഉത്പ്രാപണം കഴിഞ്ഞാൽ അവർ സ്വർഗ്ഗത്തിൽ കാണുന്ന ഒന്നാമത്തെ രംഗം സ്വർഗ്ഗത്തിലെ ആരാധനയുടെ പാവനരൂപമാണ്. അവന്റെ ദാസന്മാർ അവനെ ആരാധിക്കും. അവർ അവനെ കാണുമെന്നു പറഞ്ഞുകൊണ്ടാണല്ലോ തിരുവചനം അവസാനിക്കുന്നതു തന്നെ. ദൈവജനത്തിന്റെ നിത്യതയിലെ ഏറ്റവും വലിയ പ്രവർത്തനം ദൈവത്തെ ആരാധിക്കുക എന്നുള്ളതായിരിക്കും (വെളി. 4:5).

## D. ആരാധിക്കേണ്ട സ്ഥലം

യേശുക്രിസ്തുവും ഈ ഭൂമിയിൽ ആയിരുന്നപ്പോൾ ആരാധനയെക്കുറിച്ച് വ്യക്തമായി സംസാരിച്ചിട്ടുണ്ട്. പാപിനിയായ ശമര്യാസ്ത്രീയോട് ആരാധനയെന്ന ഉപദേശവിഷയം യേശുക്രിസ്തു സംസാരിച്ചതു ഒരുപക്ഷേ അല്പം അനൗചിത്യമായി തോന്നിയേക്കാം. ഏതായാലും ആരാധനയെക്കുറിച്ചുള്ള ദൈവപുത്രന്റെ വെളിപ്പാടു നാം പ്രത്യേകം പരിഗണിക്കേണ്ടതാണ്. യോഹ. 4:20-24 വരെയുള്ള ഭാഗത്താണ് ഈ വെളിപ്പാടു നാം വായിക്കുന്നത്.

ആരാധിക്കേണ്ട സ്ഥലത്തെക്കുറിച്ചു ശമര്യാസ്ത്രീയുടെ ഭാഷ്യം അവർ ഗെരിസിം മലയിൽ ആരാധിക്കുന്നു. യെഹൂദന്മാർ യെരുശലേമിൽ ആരാധിക്കുന്നു. യേശുക്രിസ്തു ശമര്യാസ്ത്രീയോടു പറയുന്നതു ശ്രദ്ധിക്കുക. *സ്ത്രീയേ, എന്റെ വാക്കു വിശ്വസിക്ക; നിങ്ങൾ പിതാവിനെ നമസ്കരിക്കുന്നത് ഈ മലയിലും അല്ല യെരുശലേമിലും അല്ല എന്നുള്ള നാഴിക വരുന്നു* (4:21). ആരാധനയ്ക്ക് സ്ഥലത്തിനുള്ള പ്രാധാന്യം അവസാനിച്ചു. യെരുശലേം ദൈവാലയം ദൈവം തിരഞ്ഞെടുത്ത സ്ഥലമായിരുന്നെങ്കിലും അതിനുള്ള പ്രസക്തി നഷ്ടപ്പെട്ടു

കഴിഞ്ഞു. യാഗങ്ങളും ഉത്സവങ്ങളും ദൈവം നൽകിയ ആരാധനാമാദ്ധ്യമങ്ങളായിരുന്നു. എന്നാൽ അതെല്ലാം അവസാനിച്ചു. യേശുക്രിസ്തു ക്രൂശിൽ മരിച്ചപ്പോൾ മന്ദിരത്തിന്റെ തിരശ്ശീല മുകൾതൊട്ട് അടിവരെ കീറിപ്പോയി. ഇങ്ങനെ ദൈവാലയത്തിലെ ആരാധനയുടെ പ്രസക്തി ഇല്ലാതായി. അതുപോലെ മഹാപുരോഹിതൻ വസ്ത്രം കീറുന്നതായും നാം വായിക്കുന്നു. പൗരോഹിത്യവസ്ത്രവും ആവശ്യമില്ലാതായി. വീണ്ടെടുക്കപ്പെട്ട ജനം എവിടെയാണോ അവന്റെ നാമത്തിൽ കൂടി വരുന്നതു അവിടെയാണ് യഥാർത്ഥ ആരാധന നടക്കുന്നത്. ദൈവാലയത്തിലെ ആരാധന ദൈവഭവനത്തിലേക്കു മാറി എന്നു പറയുന്നതായിരിക്കും ശരി.

## E. ആരാധിക്കേണ്ടത് ആരെ?

ലൂക്കൊസ് 4:8-ൽ *നിന്റെ ദൈവമായ കർത്താവിനെ നമസ്കരിച്ച് അവനെ മാത്രമേ ആരാധിക്കാവു എന്ന് എഴുതിയിരിക്കുന്നു*. സത്യദൈവത്തെ അല്ലാതെ ആരെയും ആരാധിച്ചു കൂടാ. *ഒരു വിഗ്രഹം ഉണ്ടാക്കരുത്; മീതെ സ്വർഗ്ഗത്തിൽ എങ്കിലും താഴെ ഭൂമിയിൽ എങ്കിലും ഭൂമിക്കു കീഴെ വെള്ളത്തിൽ എങ്കിലും ഉള്ള യാതൊന്നിന്റെയും പ്രതിമയും അരുത്* (പുറ. 20:3) ചിലർ പ്രതിമകളായി ഉണ്ടാക്കിയ വിഗ്രഹങ്ങളെ ആരാധിക്കുമ്പോൾ മറ്റ് ചിലർ സ്വയം, പണം, സുഖസൗകര്യങ്ങൾ, വ്യാപാരം, മുതലായവയെ ദൈവത്തിന്റെ സ്ഥാനത്തു പ്രതിഷ്ഠിച്ച് ആരാധിക്കുന്നു. ഇങ്ങനെയുള്ള ആരാധനയും വിഗ്രഹാരാധന തന്നെ. അതുകൊണ്ടാണ് യോഹന്നാൻ തന്റെ ലേഖനം ഇങ്ങനെ അവസാനിപ്പിക്കുന്നത്: *കുഞ്ഞുങ്ങളേ, വിഗ്രഹങ്ങളോട് അകന്നു സൂക്ഷിച്ചു കൊൾവിൻ* (1 യോഹ. 5:21). നാം പിതാവും പുത്രനും പരിശുദ്ധാത്മാവുമായി വെളിപ്പെട്ട ഏകസത്യദൈവത്തെയത്രെ ആരാധിക്കേണ്ടത്.

ആരാധനാവിഷയം പിതാവാണ്. പിതാവിനെ ആത്മാവിലും സത്യത്തിലും ആരാധിക്കുക എന്നുള്ളതാണ് യഥാർത്ഥ ആരാധന. പഴയനിയമത്തിൽ യഹോവയായ ദൈവത്തെ ഭയത്തോടും വിറയലോടും കൂടി ദൂരത്തുനിന്നു ആരാധിക്കുകയായിരുന്നു. പർവ്വതത്തോട് അടുത്തുവരരുത് എന്ന് കല്പിച്ചിരുന്നു. ഇന്ന് പുതിയനിയമ വിശ്വാസികൾ പിതാവായ ദൈവത്തെയാണ് ആരാധിക്കുന്നത്. യേശുക്രിസ്തുവിന്റെ ദൈവവും പിതാവുമായവൻ പുതിയനിയമ വിശ്വാസിയുടെ പിതാവും ദൈവവുമാണ്. യേശുക്രിസ്തുവിൽ വിശ്വസിച്ചു വീണ്ടും ജനനം പ്രാപിക്കുന്ന ഒരു വിശ്വാസിക്ക് സ്രഷ്ടാവായ ദൈവം പിതാവായിത്തീരുന്നു. അബ്ബാ പിതാവേ എന്നു വിളിക്കുന്ന പുത്രസ്വീകാര്യ

ത്തിന്റെ അവകാശം നമുക്ക് ലഭിച്ചിരിക്കുകയാണ്. ഇങ്ങനെ പിതാവായ ദൈവത്തെ അരാധിക്കുക എത്ര അഭികാമ്യം.

നമ്മുടെ ആരാധന ആത്മാവിലും സത്യത്തിലുമുള്ള ആരാധനയാണ്. പഴയനിയമ ആരാധന വസ്തുമയവും ദൃശ്യവുമായിരുന്നു. ആത്മാവിലുള്ള ആരാധന ഇതിൽ നിന്നും പൂർണ്ണമായി വ്യത്യസ്തമാണ്. പുതിയനിയമ ആരാധനയുടെ അടിസ്ഥാനം ദൈവവചനസത്യത്തെ ആധാരമാക്കിയാണ്. ആത്മാവായ ദൈവത്തെ ദൈവാത്മാവിൽ കൂടിയാണ് ആരാധിക്കുന്നത്. അങ്ങനെയുള്ള ആരാധനയാണ് ഇന്നാവശ്യം. യിസ്രായേലിന്റെ ആരാധന ശബത്തിലായിരുന്നെങ്കിൽ ഇന്നു നാം ആരാധിക്കുന്നത് ആഴ്ചവട്ടത്തിന്റെ ഒന്നാം ദിവസമാണ്. ശബത്തു കഴിഞ്ഞു; ഇപ്പോൾ ആഴ്ചവട്ടത്തിന്റെ ഒന്നാം ദിവസം; യേശുക്രിസ്തു മരണത്തെ ജയിച്ച് ഉയിർത്തെഴുന്നേറ്റ ദിവസം. സഭയായുള്ള ആരാധനയുടെ ക്രമീകരണമാണ് ഇവിടെ വ്യക്തമാക്കുന്നത്. വ്യക്തിപരമായ ആരാധനയ്ക്ക് ഇതൊന്നും ബാധകമല്ലല്ലോ?

## ഉപസംഹാരം

ആരാധനയുടെ ഏക അടിസ്ഥാനം യേശുക്രിസ്തുവിന്റെ രക്തമാണ്. ആ അടിസ്ഥാനത്തിലല്ലാതെ പാപിയായ മനുഷ്യന് വിശുദ്ധനും നീതിമാനുമായ ദൈവത്തോട് ബന്ധപ്പെടുക സാദ്ധ്യമല്ല. വെളിപ്പാടു പുസ്തകം 5-ാം അദ്ധ്യായത്തിലെ സ്വർഗ്ഗീയ ആരാധനയുടെ ഏക അടിസ്ഥാനം അറുക്കപ്പെട്ട കുഞ്ഞാടാണ്. ആ കുഞ്ഞാടിന്റെ രക്തത്താൽ വിലക്കു വാങ്ങപ്പെട്ടവരാണ്, ഗോത്രത്തിൽ നിന്നുള്ളവരായാലും ഭാഷയിൽ നിന്നുള്ളവരായാലും, ദൈവത്തെ ആരാധിക്കുന്നത്.

ദൈവം നമ്മുടെ യഥാർത്ഥ ആരാധന ആഗ്രഹിക്കുന്നു. ഹൃദയം നിറഞ്ഞു തുളുമ്പുന്ന നന്ദിയാൽ ദൈവത്തെ സത്യത്തിലും ആത്മാവിലും ആരാധിക്കുവാൻ നാം വെമ്പൽ കൊള്ളുകയും അതിനാൽ ദൈവത്തെ മഹത്വപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

# കർത്തൃമേശയും ആരാധനയും
Dr. K.C. Johnson

## ആമുഖം

ആദിമ സഭയിലെ വിശ്വാസികളുടെ ജീവിതത്തിൽ അവർ പ്രാധാന്യം നൽകിയിരുന്ന ഒന്നായിരുന്നു കർത്തൃമേശ എന്നുള്ളത്. ഇതിനെ അപ്പം നുറുക്കൽ എന്നും വചനത്തിൽ പരാമർശിക്കുന്നുണ്ട് (അപ്പൊ. 2:42; 20:7). ഒരു സ്ഥലംസഭയുടെ ആരാധനയിൽ ഈ കർത്തൃമേശയ്ക്ക് വളരെ പ്രാധാന്യം ഉണ്ട്. വേർപെട്ട സഭകൾ ആഴ്ചവട്ടത്തിന്റെ ഒന്നാം ദിവസത്തിൽ ക്രമമായി ആചരിക്കുന്ന ഈ അനുഷ്ഠാനം നമ്മുടെ ആരാധനയുടെ ഒരു സുപ്രധാന ഘടകമാണ്. കർത്തൃമേശയെക്കുറിച്ചുള്ള ഈ പഠനത്തിലേയ്ക്ക് അനുവാചകരുടെ ശ്രദ്ധയെ ക്ഷണിക്കുന്നു.

## A. കർത്തൃമേശുടെ പ്രത്യേകതകൾ

### 1. കർത്തൃമേശ ഒരു അനുഷ്ഠാനമാണ്

ദൈവസഭയിലെ വിശ്വാസികൾ ആചരിക്കുന്നതിനുവേണ്ടി കർത്താവ് ഏല്പിച്ചുതന്ന രണ്ട് അനുഷ്ഠാനങ്ങളിൽ ഒന്നാണ് കർത്തൃമേശ. മറ്റൊന്ന് രക്ഷിക്കപ്പെട്ട ദൈവമക്കൾ അനുസരിക്കേണ്ട സ്നാനവും. ക്രിസ്തീയ വിശ്വാസത്തിലെ ചില അടിസ്ഥാന സത്യങ്ങൾ വ്യക്തമാക്കുന്നതിനും ഓർപ്പിക്കുന്നതിനും വേണ്ടി വിശ്വാസികൾ എല്ലാവരും കാൺകെ ചെയ്യേണ്ട സാദൃശ്യപരമായ ആചരണത്തിനാണ് അനുഷ്ഠാനം എന്നു പറയുന്നത്. നാം നന്ദികെട്ടവരായിത്തീരാതെ ദൈവം നമ്മുടെ ആത്മീയ ജീവിതത്തിൽ ചെയ്ത ഉപകാരത്തെ ഓർക്കുവാൻ കർത്താവ് നമ്മെ ഏല്പിച്ച അനുഷ്ഠാനമാണ് കർത്തൃമേശ.

യേശുക്രിസ്തു വ്യക്തമായി കല്പിച്ചതും ആദിമസഭയിലെ പിതാക്കന്മാർ ആചരിച്ചതും ലേഖനങ്ങളിൽ ഉപദേശപരമായ വസ്തുതകൾ വ്യക്തമാക്കപ്പെട്ടതും ആയിരിക്കണം സഭയുടെ അനുഷ്ഠാനങ്ങൾ. ഈ മൂന്നു വസ്തുതകളും ഒന്നിച്ച് പാലിക്കപ്പെടുന്ന തിരുവചനത്തിലെ ആചരണങ്ങൾ വിശ്വാസ സ്നാനവും കർത്തൃമേശയുമാണ്.

1. തന്നെ കാണിച്ചു കൊടുത്ത രാത്രിയിൽ യേശുക്രിസ്തു കർത്തൃമേശയുടെ ആചരണത്തിനുള്ള കല്പന നൽകി (മത്തായി 26:26-28; മർക്കൊസ് 14:22-24; ലൂക്കൊസ് 22:19,20; 1 കൊരി. 11:23-26).

2. ആദിമസഭയിലെ വിശ്വാസികൾ കർത്താവിന്റെ കല്പന അനുസരിച്ച് കർത്തൃമേശയിൽ പങ്കെടുത്തിരുന്നു (അപ്പൊ. 2:42; 20:7).

3. കർത്തൃമേശയുടെ ഉപദേശസംബന്ധമായ സത്യങ്ങൾ ലേഖനത്തിൽ അപ്പൊസ്തലനായ പൗലൊസ് വിശദമാക്കുന്നുമുണ്ട് (1 കൊരി. 11:23-32).

**2. കർത്തൃമേശ ഒരു കൂദാശ അല്ല**

കൂദാശ എന്ന ആശയം തന്നെ ദൈവവചനത്തിന്റെ ഉപദേശത്തിനു വിരുദ്ധമാണ്. കൂദാശ (sacrament) എന്ന പദത്തിന്റെ അർത്ഥം കൃപാമുഖാന്തരങ്ങൾ (means of grace) എന്നാണ്. റോമൻ കത്തോലിക്ക സഭ പോലെയുള്ള സമുദായ സഭകൾ പഠിപ്പിക്കുന്നത് ഒരു വ്യക്തി കൂദാശ ഏൽക്കുന്നതിന്റെ ഫലമായി ആ വ്യക്തിക്ക് ദൈവത്തിൽനിന്നും കൃപ ലഭിക്കുന്നു എന്നാണ്. നാം എന്തെങ്കിലും ചെയ്തിട്ട് അതിനു പകരമായി ദൈവം നമുക്ക് തരുന്നതിനെ കൃപ എന്നു വിളിക്കുവാൻ കഴികയില്ല. അത് കൃപ എന്ന തിരുവചന സത്യത്തിനു നേരെ വിപരീതവുമാണ്. അർഹിക്കാത്ത സ്ഥാനത്ത് ദൈവം നമുക്ക് സൗജന്യമായി നല്കുന്നതിനെയാണ് കൃപ എന്നു വിളിക്കുന്നത്. എഫെസ്യർ 2:8,9-ൽ ഈ ആശയം വ്യക്തമാണ്. കൃപ ലഭിക്കുന്നതിനല്ല നാം കർത്തൃമേശയിൽ നിന്നും പങ്കെടുക്കുന്നത്; മറിച്ച്, കൃപ ലഭിച്ചതുകൊണ്ടാണ് അങ്ങനെയുള്ള ദൈവമക്കൾ കർത്തൃമേശയിൽ നിന്നും പങ്കെടുക്കുന്നത്.

**3. കർത്തൃമേശ ആരാധനയ്ക്ക് ഒരു പര്യായമല്ല**

കർത്തൃമേശയിൽ പങ്കെടുക്കുന്നതാണ് ആരാധനയെന്ന് ചിന്തിക്കുന്നവർ നമ്മുടെ മദ്ധ്യത്തിൽ ധാരാളമാണ്. വ്യക്തിപരമായ കാരണങ്ങളാൽ കർത്തൃമേശയിൽ പങ്കെടുക്കാത്തവർ ഞാൻ ഇന്ന് ആരാധിച്ചില്ല എന്നു പറയുന്നത് സർവ്വസാധാരണമായിട്ടുണ്ട്. എന്നാൽ, കർത്തൃമേശ ആരാധനയ്ക്ക് ഒരു പര്യായമല്ല.

ആരാധന പ്രധാനമായും രണ്ടു തരത്തിൽ ഉണ്ട്. വ്യക്തിപരവും സഭാപരവും.

***a. വ്യക്തിപരമായ ആരാധന.*** വ്യക്തിപരമായ ആരാധനയ്ക്ക് സമയമോ സ്ഥലമോ ഒരു തടസ്സമല്ല. ഏതു സമയത്തും ഏതു സ്ഥലത്തു വെച്ചും ആരാധിക്കാം. എല്ലാ വിശ്വാസികളും പുരോഹിതന്മാരാണ് (1 പത്രൊസ് 2:5,9; വെളി.1:6; 5:10). പുരോഹിതന്മാർ എന്ന നിലയിൽ വിശ്വാസികൾ ദൈവത്തിന്നു പ്രസാദമുള്ള ആത്മികയാഗം കഴിക്കേണ്ടവരാണ് (1 പത്രൊസ് 2:5). ഇനി പറയുന്ന

ആത്മികയാഗങ്ങൾ ഒരു വിശ്വാസി എപ്പോഴും അർപ്പിക്കുന്നതിന് കടപ്പെട്ടവനാണ്.

(1). ദൈവത്തിനു അവന്റെ നാമത്തെ ഏറ്റുപറയുന്ന അധരഫലം എന്ന സ്തോത്രയാഗം ഇടവിടാതെ അർപ്പിക്കുക (എബ്രാ. 13:15).

(2). വിശ്വാസികൾ തങ്ങളുടെ ശരീരങ്ങളെ വിശുദ്ധവും ദൈവത്തിനു പ്രസാദവുമുള്ള സജീവ യാഗമായി സമർപ്പിക്കുക (റോമർ 12:1).

(3). നന്മ ചെയ്യുക (എബ്രാ. 13:16).

(4). കൂട്ടായ്മ കാണിക്കുക (എബ്രാ. 13:16).

(5). സുവിശേഷഘോഷണത്തിൽ ഏർപ്പെടുക (1 പത്രൊസ് 2:9; റോമർ 15:15).

***b.സഭാപരമായ ആരാധന.*** ആഴ്ചവട്ടത്തിന്റെ ഒന്നാം നാൾ ഒരു സ്ഥലംസഭയിൽ ഉള്ള ദൈവമക്കൾ ഒന്നിച്ച് കൂടിവന്ന് ദൈവത്തെ ആരാധിക്കുന്നതിനെയാണ് സഭയുടെ ആരാധന എന്നതുകൊണ്ട് ഇവിടെ അർത്ഥമാക്കുന്നത്. കർത്തൃമേശ ആരാധനയ്ക്ക് ഒരു പര്യായമല്ല എങ്കിലും സഭാപരമായ ആരാധനയിൽ കർത്തൃമേശയ്ക്ക് വളരെ പ്രാധാന്യമുണ്ട്. അർത്ഥവത്തായി ദൈവത്തെ ആരാധിക്കുവാൻ കർത്തൃമേശ നമ്മെ സഹായിക്കും.

## B. കർത്തൃമേശയെക്കുറിച്ചുള്ള വ്യത്യസ്ത ഉപദേശങ്ങൾ

### 1. വസ്തുമാറ്റം സംഭവിക്കുന്നു (Transubstantiation)

ഇത് റോമൻ കത്തോലിക്ക സഭയുടെ ഉപദേശമാണ്. സഭയുടെ പുരോഹിതൻ കർത്തൃമേശയിലെ അപ്പത്തിനും വീഞ്ഞിനും വേണ്ടി പ്രാർത്ഥിച്ചു കഴിയുമ്പോൾ ആ അപ്പവും വീഞ്ഞും യഥാക്രമം യേശുവിന്റെ ശരീരവും രക്തവുമായിത്തീരുന്നു. ഈ ഉപദേശമനുസരിച്ച് ഓരോ തവണയും കർത്തൃമേശാ ശുശ്രൂഷ നടക്കുമ്പോഴും യേശുവിന്റെ മരണം അതിൽ പങ്കെടുക്കുന്നവർക്കു വേണ്ടി ആവർത്തിക്കപ്പെടുന്നു. ഇത് ബൈബിൾ പഠിപ്പിക്കുന്ന ഒരു ഉപദേശമല്ല. വസ്തുമാറ്റം സംഭവിക്കുന്നില്ല. മാത്രമല്ല, യേശുവിന്റെ മരണം ആവർത്തിക്കപ്പെടുന്നതുമില്ല (എബ്രാ. 10:10,14).

### 2. വസ്തുവിൽ സാന്നിധ്യമുണ്ടാകുന്നു (Consubstantiation)

കർത്തൃമേശയ്ക്ക് മാർട്ടിൻ ലൂഥർ നൽകിയ വ്യാഖ്യാനമാണിത്. ഇത് ലൂഥറൺ സഭയുടെ ഉപദേശമാണ്. സഭയുടെ പുരോഹിതൻ

കർത്തൃമേശയിലെ അപ്പത്തിനും വീഞ്ഞിനും വേണ്ടി സ്തോത്രം ചെയ്ത് കഴിഞ്ഞ് ഒരു വിശ്വാസി അതിൽനിന്നും പങ്കെടുക്കുമ്പോൾ ആ അപ്പത്തോടും വീഞ്ഞിനോടും കൂടെ യഥാക്രമം യേശുവിന്റെ ശരീരവും രക്തവും നാം ഭക്ഷിക്കുകയാണ്. ഇതും തിരുവചനം പഠിപ്പിക്കുന്ന ഉപദേശമല്ല. ഇതിന് കത്തോലിക്ക സഭയുടെ ഉപദേശവുമായി വളരെ വ്യത്യാസവുമില്ല.

**3. ആത്മീയ സാന്നിധ്യമുണ്ടാകുന്നു (Spiritual Presence)**

ഇത് ജോൺ കാൽവിൻ കർത്തൃമേശയ്ക്ക് നൽകിയ വ്യാഖ്യാനമാണ്. വസ്തുമാറ്റം സംഭവിക്കുന്നില്ല. വസ്തുവിൽ സാന്നിധ്യവുമുണ്ടാകുന്നില്ല. എന്നാൽ ഒരു വിശ്വാസി അപ്പത്തിൽനിന്നും വീഞ്ഞിൽനിന്നും പങ്കെടുക്കുമ്പോൾ ആ അപ്പത്തിലും വീഞ്ഞിലും യേശുക്രിസ്തുവിന്റെ ആത്മീയ സാന്നിദ്ധ്യമുണ്ടായിരിക്കും എന്ന് കാൽവിൻ പഠിപ്പിച്ചു. ഇതിനും വചനത്തിൽ ആധാരമില്ല.

**4. ഓർമ്മയ്ക്കായുള്ള സാദൃശ്യം (Symbolic and Commemorative)**

കർത്തൃമേശ യേശുക്രിസ്തുവിന്റെ ഓർമ്മയ്ക്കായ് നൽകിയ ഒരു അനുഷ്ഠാനമാണ്. യേശുക്രിസ്തുവിന്റെ വാക്കുകളിലും പൗലൊസിന്റെ വാക്കുകളിലും ഈ ആശയം വ്യക്തമാണ്. *എന്റെ ഓർമ്മയ്ക്കായ് ഇത് ചെയ്വിൻ* (ലൂക്കൊസ് 22:19; 1 കൊരി. 11:24,25). ഒരു വിശ്വാസി അപ്പത്തിൽനിന്നും പങ്കെടുക്കുമ്പോൾ അവനുവേണ്ടി വേദന അനുഭവിച്ച യേശുവിന്റെ ശരീരത്തെ അത് ഓർപ്പിക്കുന്നു. അതുപോലെ, ഒരു വിശ്വാസി വീഞ്ഞിൽനിന്നും പങ്കെടുക്കുമ്പോൾ അവനുവേണ്ടി ചൊരിയപ്പെട്ട യേശുവിന്റെ രക്തത്തെ അത് ഓർപ്പിക്കുന്നു. കർത്തൃമേശയെക്കുറിച്ചുള്ള തെറ്റായ ഉപദേശങ്ങൾ നിലനിന്നിരുന്ന നവീകരണ കാലഘട്ടത്തിൽ സ്വിംഗ്ളി (Zwingli) യാണ് കർത്തൃമേശയെക്കുറിച്ചുള്ള ശരിയായ വിശദീകരണം നൽകിയത്.

## C. കർത്തൃമേശ ആചരിക്കേണ്ടവരും സമയവും

രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട് വേർപെട്ട് തിരുവചന ഉപദേശമനുസരിച്ച് ജീവിച്ച്, അങ്ങനെയുള്ളവരുമായി കൂട്ടായ്മ ആചരിക്കുന്നവർ മാത്രമേ കർത്തൃമേശയിൽനിന്നും പങ്കെടുക്കുവാൻ പാടുള്ളൂ (അപ്പൊ. 2:41,42).

സഭയുടെ പ്രാരംഭ നാളുകളിൽ വിശ്വാസികൾ ദിനംപ്രതി കർത്തൃമേശയിൽ നിന്നും പങ്കെടുത്തിരുന്നതായി സൂചന ഉണ്ടെങ്കിലും (അപ്പൊ. 2:46) പിന്നീട് അത് ആഴ്ചവട്ടത്തിന്റെ ഒന്നാം നാളിലേയ്ക്ക് നിജപ്പെടുത്തി എന്ന് വചനത്തിൽനിന്നും വ്യക്തമാണ്. അപ്പൊസ്തല

ന്മാർ നമ്മുടെ മുമ്പിൽ വെച്ചിരിക്കുന്ന കീഴ്വഴക്കം ആഴ്ചവട്ടത്തിന്റെ ഒന്നാം നാളാണ്. "*ആഴ്ചവട്ടത്തിന്റെ ഒന്നാം ദിവസത്തിൽ ഞങ്ങൾ അപ്പം നുറുക്കുവാൻ കൂടിവന്നപ്പോൾ*" (അപ്പൊ. 20:7) എന്ന പ്രയോഗവും "*ആഴ്ചവട്ടത്തിന്റെ ഒന്നാം നാൾതോറും നിങ്ങളിൽ ഓരോരുത്തൻ*" (1 കൊരി.16:2) എന്ന പ്രയോഗവും ഇത് ഉറപ്പിക്കുന്നു.

അപ്പൊസ്തലനായ പൗലൊസ് തന്റെ സുവിശേഷയാത്രയിൽ ത്രോവാസിൽ എത്തിച്ചേർന്നപ്പോൾ ഏഴുദിവസം അവിടെ താമസിച്ചു എന്നു കാണുന്നു (അപ്പൊ. പ്രവൃ. 20:6,7). വളരെ തിരക്കിലായിരുന്നു പൗലൊസ് എന്നത് അപ്പൊ. 20:16,17-ൽ നിന്നും വ്യക്തമാണ്. ഈ അവസ്ഥയിൽ എന്തു കാരണത്താലായിരിക്കണം പൗലൊസ് ത്രോവാസിൽ പാർത്തത്? ഉത്തരം 20:7-ൽ ഉണ്ട്. അവിടെയുള്ള സഭയിലെ വിശ്വാസികളുമായി കർത്തൃമേശയിൽ പങ്കെടുക്കുന്നതിനു വേണ്ടിയായിരുന്നു എന്നതാണ് വാസ്തവം. ഏതു ദിവസവും പങ്കെടുക്കുവാൻ കഴിയുന്ന ഒരു അനുഷ്ഠാനമായിരുന്നെങ്കിൽ പൗലൊസ് തന്റെ തിരക്കിനിടയിൽ അതു ചെയ്യുമായിരുന്നു. ആഴ്ചവട്ടത്തിന്റെ ഒന്നാം നാൾതോറും കർത്താവിന്റെ വരവുവരേയും തുടരേണ്ട ഒന്നാണിത്.

## D. കർത്തൃമേശയുടെ പ്രാധാന്യം

കർത്തൃമേശയിൽ നിന്നും പങ്കെടുക്കുമ്പോൾ അതിന്റെ പ്രാധാന്യം മനസ്സിലാക്കേണ്ടതാണ്. താഴെ കൊടുത്തിരിക്കുന്ന ആശയങ്ങൾ ഉൾക്കൊണ്ടുവേണം അതിൽ പങ്കെടുക്കേണ്ടത്.

**1. ഉയരത്തിലേയ്ക്ക് നോക്കുവാൻ കർത്തൃമേശ നമ്മെ സഹായിക്കുന്നു**

ക്രിസ്തു പറഞ്ഞത് "*എന്റെ ഓർമ്മയ്ക്കായി ഇതു ചെയ്വിൻ*" (1 കൊരി. 11:24,25) എന്നാണ്. കർത്തൃമേശയിൽ നിന്നും പങ്കെടുക്കുമ്പോൾ ഉയരത്തിലേയ്ക്ക് നോക്കുവാൻ, ക്രിസ്തുവിനെ നോക്കുവാൻ അതു നമ്മെ സഹായിക്കുന്നു. ക്രിസ്തു ആരായിരുന്നു, ക്രിസ്തു നമുക്കുവേണ്ടി എന്തായിത്തീർന്നു, ഇപ്പോൾ അവൻ ആരാണ്, ഇങ്ങനെ കർത്താവിനെ ഓർക്കുവാനും ധ്യാനിക്കുവാനും അതിന്റെ അടിസ്ഥാനത്തിൽ അവനെ സ്തുതിക്കുവാനും അവനു മഹത്വം കരേറ്റുവാനും കർത്തൃമേശ നമ്മെ സഹായിക്കുന്നു.

**2. പിന്നിലേയ്ക്ക് നോക്കുവാൻ കർത്തൃമേശ നമ്മെ സഹായിക്കുന്നു**

കർത്തൃമേശയിൽ നിന്നും പങ്കെടുക്കുമ്പോൾ നാം ക്രിസ്തുവിന്റെ മരണത്തെ പ്രസ്താവിക്കുകയാണു ചെയ്യുന്നത് (1 കൊരി. 11:26). അപ്പം

യേശുവിന്റെ ശരീരത്തെയും വീഞ്ഞ് യേശുവിന്റെ രക്തത്തെയുമാണ് ഓർപ്പിക്കുന്നത്. അങ്ങനെ നമുക്കുവേണ്ടിയുള്ള ക്രിസ്തുവിന്റെ മരണത്തെ ഓർത്ത് നന്ദി നിറഞ്ഞ ഹൃദയത്തോടുകൂടി ക്രിസ്തു മുഖാന്തരം പിതാവായ ദൈവത്തെ ആരാധിക്കുവാൻ കർത്തൃമേശ നമ്മെ സഹായിക്കുന്നു.

**3. നമ്മിലേയ്ക്ക് നോക്കുവാൻ കർത്തൃമേശ നമ്മെ സഹായിക്കുന്നു**

കർത്തൃമേശയിൽ നിന്നും പങ്കെടുക്കുമ്പോൾ നാം വിശുദ്ധിയോടെ അതിൽനിന്നും പങ്കെടുക്കേണ്ടതാണ്. "*മനുഷ്യൻ തന്നെത്താൻ ശോധന ചെയ്തിട്ടുവേണം ഈ അപ്പം തിന്നുകയും ഈ പാനപാത്രത്തിൽനിന്നും കുടിക്കുകയും ചെയ്വാൻ*" (1 കൊരി. 11:28) എന്ന വാക്യത്തിന്റെ അടിസ്ഥാനത്തിൽ നാം നമ്മിലേയ്ക്ക് നോക്കുമ്പോൾ അത് നമ്മുടെ പ്രായോഗിക വിശുദ്ധീകരണത്തിന് സഹായകമായിത്തീരും. നാം നമ്മെത്തന്നെ ശോധന ചെയ്തുകൊണ്ട് യോഗ്യമായി കർത്തൃമേശയിൽ നിന്നും പങ്കുകൊണ്ടില്ലെങ്കിൽ ദൈവം നമ്മെ ശിക്ഷിക്കും എന്നതും ബൈബിൾ വ്യക്തമാക്കുന്നു (1 കൊരി. 11:28-32).

**4. മുന്നിലേയ്ക്ക് നോക്കുവാൻ കർത്തൃമേശ നമ്മെ സഹായിക്കുന്നു**

"*കർത്താവ് വരുവോളം അവന്റെ മരണത്തെ പ്രസ്താവിക്കുന്നു*" (1 കൊരി. 11:26) എന്നുള്ളതിനാൽ ആഴ്ചവട്ടത്തിന്റെ ഒന്നാം നാളിൽ കർത്തൃമേശയിൽ നിന്നും പങ്കെടുക്കുമ്പോൾ കർത്താവിന്റെ വരവിന്റെ പ്രത്യാശ പുതുക്കുന്നതിനും അതിന്റെ അടിസ്ഥാനത്തിൽ ആ വരവിനായ് ഒരുങ്ങുന്നതിനും വിശ്വാസികൾക്ക് സാധിക്കുന്നു.

## ഉപസംഹാരം

കൊരിന്ത്യ സഭയിലെ വിശ്വാസികളിൽ ചിലർ കർത്തൃമേശയിൽ അയോഗ്യമായി പങ്കെടുത്തതിന്റെ ഫലം പൗലൊസ് രേഖപ്പെടുത്തിയിട്ടുണ്ട്. "*ഇതു ഹേതുവായി* (അർത്ഥാൽ, കർത്തൃമേശയിൽ അയോഗ്യമായി പങ്കെടുത്തതുകൊണ്ട്) *നിങ്ങളിൽ പലരും ബലഹീനരും രോഗികളും ആകുന്നു; അനേകരും നിദ്രകൊള്ളുന്നു*" (1 കൊരി. 11:30). കർത്തൃമേശ കർത്താവിന്റെ മേശയാണ്. തന്നെത്താൻ ശോധന ചെയ്ത് യോഗ്യമായി ഈ അനുഷ്ഠാനത്തിൽ പങ്കെടുത്ത് അർത്ഥവത്തായ ആരാധന അർപ്പിക്കുന്നതിന് ദൈവമായ കർത്താവു എല്ലാ അനുവാചകരെയും സഹായിക്കട്ടെ.

# അർത്ഥവത്തായ ആരാധന

**Dani Ezekiel**

## ആമുഖം

അർത്ഥവത്തായ ആരാധന "*യഹോവയ്ക്ക് അവന്റെ നാമത്തിന് തക്കമഹത്വം*" കൊടുക്കുമ്പോഴാണെന്ന് സങ്കീ. 96:8 വളരെ വ്യക്തമാക്കുന്നു. തക്കമഹത്വം കൊടുക്കാത്ത ആരാധനകളും തക്കമഹത്വം കൊടുക്കുന്നആരാധനയും ഉണ്ടെന്ന് ഇതിൽ നിന്നും വ്യക്തമാണ്. തക്കമഹത്വം കൊടുക്കണമെന്ന് ദൈവം അനുശാസിക്കുമ്പോൾ എങ്ങനെയാണ് തക്കമഹത്വം കരേറ്റേണ്ടതെന്ന് ദൈവം തന്നെ പറയേണം. പഴയനിയമത്തിൽ യാഗം അർപ്പിക്കേണ്ടതെങ്ങനെയെന്ന് ദൈവമാണ് ജനത്തെ അഭ്യസിപ്പിച്ചത്. മാത്രവുമല്ല, ശമര്യാസ്ത്രീയോട് കർത്താവ് സംസാരിക്കുമ്പോൾ "*തന്നെ നമസ്കരിക്കുന്നവർ ഇങ്ങനെയുള്ളവർ ആയിരിക്കേണം എന്ന് പിതാവ് ഇച്ഛിക്കുന്നു*" (യോഹ. 4:23) എന്ന് നമസ്കരിക്കുന്നവന്റെ യോഗ്യത പറയുമ്പോൾ നമസ്കാരത്തിന്റെ വിധവും പറയേണ്ടതുണ്ട്. ദൈവം അത്യുന്നതനും മഹാപരിശുദ്ധനും അപരിമേയനും ആകയാൽ അവനെ പരിമിതികൾ ഉള്ള നമുക്ക് ആരാധിച്ചു സന്തോഷിപ്പിക്കുവാനോ സ്വയം തൃപ്തിയടയുവാനോ ആവില്ല. ഇത് നമ്മുടെ രക്ഷയോട് ചേർത്ത് ചിന്തിക്കുക. "*സഹോദരൻ ശവക്കുഴി കാണാതെ എന്നെന്നേക്കും ജീവിച്ചിരിക്കേണ്ടതിന്നു . . . ദൈവത്തിന് വീണ്ടെടുപ്പുവില കൊടുപ്പാനോ ആർക്കും കഴികയില്ല*" (സങ്കീ. 49:7,8). പക്ഷേ മനുഷ്യരാൽ അസാദ്ധ്യമായത് ദൈവത്താൽ സാദ്ധ്യമാകുന്നു (ലൂക്കൊസ് 18:27). ദൈവം സാദ്ധ്യവുമാക്കി. എന്നാൽ അതിൽ പ്രവേശിക്കണമെങ്കിൽ ദൈവം നിർദ്ദേശിച്ച രീതി അവലംബിച്ചേ മതിയാകൂ. അത് വിശ്വാസത്താലാണെന്ന് ദൈവം വ്യക്തമാക്കി. എന്നാൽ, വിശ്വാസമാർഗ്ഗത്തെ പുച്ഛിച്ച് തള്ളി ദൈവം പറയാത്തതും മേന്മയേറിയതെന്ന് സ്വന്തം കണ്ണിന് തോന്നിയതുമായ മാർഗ്ഗങ്ങൾ അവലംബിച്ചവർ അതിൽ പ്രവേശിച്ചില്ല. യെഹൂദർ രക്ഷയിൽ പ്രവേശിക്കാത്തത് സ്വന്തരീതിയിൽ രക്ഷ അന്വേഷിച്ചതിനാലാണ്. "*അവർ ദൈവത്തിന്റെ നീതിയെ അറിയാതെ സ്വന്തനീതി സ്ഥാപിപ്പാൻ അന്വേഷിച്ചുകൊണ്ട് ദൈവത്തിന്റെ നീതിക്ക് കീഴ്പ്പെട്ടില്ല*" (റോമർ 10:3). "*വിശ്വാസത്താലല്ലാ, പ്രവൃത്തികളാൽ അന്വേഷിച്ചതുകൊണ്ടു തന്നേ അവർ ഇടർച്ചക്കല്ലിൽ മേൽ തട്ടി ഇടറി*" (റോമർ 9:32). രക്ഷയ്ക്ക് ദൈവം പറഞ്ഞ രീതി അവലംബിച്ചില്ലെങ്കിൽ അത് അപ്രാപ്യമാണ്. അതുപോലെ,

ആരാധനക്കും ദൈവം കാണിച്ചു തന്ന രീതി അവലംബിച്ചില്ലെങ്കിൽ നമുക്ക് ദൈവത്തിന്നു തക്കമഹത്വം കരേറ്റാനാവില്ല. ആയതിനാൽ ദൈവം പറഞ്ഞ രീതിയിൽ നാം രക്ഷ നേടിയതുപോലെ ദൈവം പറഞ്ഞരീതിയിൽ ആരാധിച്ചെങ്കിൽ മാത്രമേ തക്കമഹത്വം കരേറ്റുന്ന ആരാധന അർപ്പിക്കാനാകൂ.

എന്നാൽ മഹത്വം കൊടുക്കുമ്പോൾ അത് തക്കതായ രീതിയിൽ കൊടുത്തില്ല എങ്കിൽ അത് ആരാധന ആകയില്ല മറിച്ച്, ശിക്ഷയ്ക്കേ വിഷയീഭവിക്കൂ. കയീനും ഹാബേലും യാഗം കഴിച്ചെങ്കിലും വിവിധ മാതൃകകളിലൂടെ ദൈവം കാണിച്ചുകൊടുത്ത രക്തം ചൊരിഞ്ഞുള്ള യാഗം കഴിക്കാത്ത കയീന്റെ യാഗത്തിൽ ദൈവം പ്രസാദിച്ചില്ല. ദൈവം നിഷ്കർഷിച്ച യാഗരീതി പിൻപറ്റിയ ഹാബേലിന്റെ യാഗത്തെ മാത്രമേ തക്കതായ ഒന്നായി ദൈവം കണ്ടുള്ളൂ. മാത്രവുമല്ല, ദൈവം കയീനെ നന്മ ചെയ്യുവാൻ പ്രേരിപ്പിച്ചു; അതിൽ താൻ പ്രസാദിക്കാമെന്നുള്ള വാഗ്ദത്തവും നല്കി (ഉല്പത്തി 4:6). എന്നാൽ കുലപാതകനും ശാപഗ്രസ്തനുമായിരിക്കുന്നത് അവൻ തിരഞ്ഞെടുത്തു. **നാം എന്ത് തിരഞ്ഞെടുക്കും? യെഹൂദന്മാരെയും കയീനേയും പോലെ ദൈവനീതിയെ പുറന്തള്ളി സ്വന്തനീതിയിൽ ആശ്രയിച്ച് സ്വയുക്തി അനുസരിച്ച് സ്വേച്ഛാരാധന നടത്തി ദൈവപ്രസാദമില്ലാത്തവരായി അസൂയ നിറഞ്ഞ് സഹോദരവർഗ്ഗത്തെ ഹനിക്കാനോ അതോ ദൈവം അനുശാസിച്ച രീതിയിൽ ആരാധന അർപ്പിച്ച് സൗരഭ്യവാസന ഉയർത്തുവാനോ?** "*അനുസരിക്കുന്നത് യാഗത്തെക്കാൾ നല്ലത്.*" ആകയാൽ, ദൈവത്തെ അനുസരിച്ച് അവൻ അനുശാസിച്ച രീതിയിലേ ആരാധനയാകാവൂ.

## A. തക്കമഹത്വം കരേറ്റാൻ ദൈവം അനുശാസിച്ച രീതി

ദൈവം പറഞ്ഞിട്ടുള്ള ആരാധനാ രീതിയും മറ്റെല്ലാ ഉപദേശ വിഷയങ്ങളെ പോലെ പലയിടത്താണെങ്കിലും ക്രമാനുഗതവും പരസ്പരം ഇണക്കിയും ആണ് പറഞ്ഞിരിക്കുന്നത്. അത് അന്വേഷിച്ച് വായിച്ച് നോക്കി കണ്ടെത്തി അനുഷ്ഠിക്കയെന്നത് നമ്മുടെ കർത്തവ്യമാണ്. ആരാധനയെ സംബന്ധിച്ചുള്ള വിവാദത്തിന് കാരണം പലരും അന്വേഷിച്ച് വായിച്ച് നോക്കാൻ മിനക്കിടാത്തതും ദൈവനീതിയല്ല സ്വന്തനീതിയെ തൃപ്തിപ്പെടുത്തുവാൻ ശ്രമിക്കുന്നതുമാണ്. "*യഹോവയുടെ പുസ്തകത്തിൽ അന്വേഷിച്ചു വായിച്ചു നോക്കുവിൻ; അവയിൽ ഒന്നും കാണാതിരിക്കയില്ല; ഒന്നിനും ഇണ ഇല്ലാതിരിക്കയുമില്ല; അവന്റെ വായല്ലോ കല്പിച്ചത്*" (യെശ. 34:16). മാനസാന്തരം,

രക്ഷ, സ്നാനം, സഭ, സ്വർഗ്ഗം, നരകം തുടങ്ങി സകലവും ഒരിടത്ത് തന്നെ അക്കമിട്ടല്ല ദൈവം പറഞ്ഞിട്ടുള്ളത്. ആരാധനയെക്കുറിച്ചും അതുപോലെ ഒരിടത്തല്ല പറഞ്ഞിരിക്കുന്നത്. ദൈവം അപരിമേയനായതിനാൽ അവനുള്ള ആരാധനയ്ക്കും പരിധിയില്ല. പക്ഷേ പരിമിതികൾ ഉള്ള നാം അവന് തക്കമഹത്വം കരേറ്റണമെന്ന് വേദപുസ്തകതാളുകളിൽ ദൈവം തന്നെ കല്പിച്ചിരിക്കുന്നു.

**1. നിർവ്വചനം**

**കുഞ്ഞാടിന്റെ രക്തത്താൽ വീണ്ടെടുക്കപ്പെട്ട സഭ ആഴ്ചവട്ടത്തിന്റെ ഒന്നാം നാൾ കൂടിവന്ന് ദൈവത്തെ സ്തുതിസ്തോത്ര ഗാനാലാപനത്തോടെ നമസ്കരിച്ച് കർത്താവ് ഏല്പിച്ചുതന്ന കർത്തൃമേശയിലൂടെ അവനെ ഓർത്ത് പ്രബോധനവും സ്വീകരിച്ച് മടങ്ങുന്നതാണ് പുതിയനിയമ മാതൃക പ്രകാരമുള്ള ആരാധന.**

**2. ആരാധനയ്ക്ക് ചട്ടങ്ങൾ**

പഴയനിയമ ആരാധനയ്ക്ക് ചട്ടങ്ങൾ ഉണ്ടായിരുന്നു. "*എന്നാൽ ആദ്യനിയമത്തിനും ആരാധനയ്ക്കുള്ള ചട്ടങ്ങളും ലൗകികമായ വിശുദ്ധമന്ദിരവും ഉണ്ടായിരുന്നു*" (എബ്രാ. 9:1). മോശെ മദ്ധ്യസ്ഥനായ പഴയനിയമത്തിലെ ആരാധനയ്ക്ക് ചിട്ടയുണ്ടെങ്കിൽ കലക്കത്തിന്റെ ആത്മാവില്ലാത്ത യേശു മദ്ധ്യസ്ഥനായ പുതിയനിയമത്തിന് ചിട്ടകൾ എത്രയോജ്യം. ആ ചന്തവും ഉചിതവുമായ ആരാധനാചിട്ടകൾ ഈ ലേഖനത്തിൽ അന്യത്ര വിശദമാക്കുന്നുണ്ട്.

## B. തെറ്റായ വിധത്തിലുള്ള ആരാധന

മനുഷ്യൻ പറയുന്ന നിർവ്വചനങ്ങൾ അനുസരിച്ചാണ് ആരാധന ധൂപമായുയരും എന്ന് വ്യാമോഹത്തോടെ അനേകരും കരേറ്റുന്നത്. മനുഷ്യന്റെ നിർവ്വചനങ്ങൾ അല്ല ദൈവത്തിന്റേത്. എങ്കിലും ചിലത് നോക്കാം. ഇംഗ്ലീഷിലെ Worship എന്നത് Worth അധികം ship എന്നതിന്റെ ഒരു സംയോഗമാണ്. അതായത് മൂല്യം ഉള്ളവന് ചെയ്യുന്ന സേവ. മലയാളത്തിലെ ആരാധന ആകട്ടെ 'അങ്ങ്' അതായത് ദൂരത്തിരിക്കുന്നവന് ചെയ്യുന്ന 'രാധ/രാധന' അതായത് സേവ ആണ്.

മാനുഷിക നിർവ്വചനങ്ങൾ വെച്ച് ദൈവത്തെ നിർവ്വചിക്കാനോ ആരാധിപ്പാനോ സാധ്യമല്ല. എന്നാൽ മനുഷ്യൻ സ്വന്തയുക്തിക്ക് ദൈവത്തെ ആരാധിക്കുന്നു.

1. Praise and Worship. ഇത് ഒരു നാഥനില്ലാകളരി പോലെ ആണ്. എങ്ങനെയുള്ളവർക്കും ഇവിടെ കയറി ദൈവത്തെ സ്തുതിക്കാമെന്നതാണ് ഇതിന്റെ പ്രത്യേകത.
2. സാക്ഷ്യം പറഞ്ഞ് ആരാധിക്കുക.

3. കാണിക്ക അർപ്പിച്ചാരാധിക്കുക.
4. സഭയിൽ പോകാതെ ഒറ്റയ്ക്കിരുന്ന് ആരാധിക്കുക. യാത്രയിലോ, തിരക്കിലോ മറ്റൊക്കെ ആയാലും എവിടെയും എങ്ങനെയും കഴിക്കാവുന്ന ഒരാരാധന.
5. കല്യാണാരാധന
6. ശവം അടക്കാരാധന
7. ക്യാമ്പുകളിലെ ആരാധന

ഇതൊന്നും തക്കതായ ആരാധന അല്ലാത്തതെന്ത് കൊണ്ട്? അതു മനസ്സിലാക്കണമെങ്കിൽ എന്തൊക്കെയാണ് തക്കതായ ആരാധനയുടെ ഘടകങ്ങൾ എന്നു ഗ്രഹിക്കേണ്ടതാണ്.

## C. ആരാധനയുടെ ഘടകങ്ങൾ

**1. തക്ക മഹത്വം കരേറ്റാൻ സഭ കൂടിവരണം**

സഭയെ ദൈവം സ്വന്തരക്തത്താൽ സമ്പാദിച്ചതിനാലും (അപ്പൊ. 20:27) ക്രിസ്തുവിന്റെ ശരീരമാക്കിയതിനാലും (എഫെ. 1:23) ആ ശരീരത്തിന്റെ ആത്മികവർദ്ധനയ്ക്കായി അപ്പൊസ്തല പ്രവാചക ഇടയ ഉപദേഷ്ടകവൃന്ദത്തെ നിയമിച്ചതിനാലും (എഫെ. 4:11-14) സഭയ്ക്ക് ശിക്ഷണനടപടികൾ ഏർപ്പെടുത്തിയിരിക്കയാലും (തീത്തൊസ് 3:10) സഭ അമൂല്യമാണ്. ആഗോളസഭയുടെ പ്രാദേശിക പതിപ്പുകളായ സ്ഥലം സഭകളാൽ വളരെ പ്രായോഗികമായി കർത്താവിന്റെ ശരീരത്തിന്റെ ശ്രേഷ്ഠത വെളിവാകുന്നു. ആയതിനാൽ ഓരോരോ പ്രാദേശിക സഭയും കൂടി വന്നാണ് ആരാധന അർപ്പിക്കേണ്ടത്. ഏതൊരു വിശ്വാസിയും ഒരു പ്രാദേശിക സഭയുടെ അംഗമായിരിക്കും. അല്ലെങ്കിൽ വളർച്ചയ്ക്കുള്ള ഉതവിയോ (എഫെ. 4:16) പോറ്റിപുലർത്തലോ (എഫെ. 5:29) ശിക്ഷണമോ (1 കൊരി. 5:13) ഒന്നും ലഭിക്കാതെ ക്രിസ്തു ശരീരമായ സഭയുടെ മർമ്മം മനസ്സിലാകാതെയും (എഫെ. 5:32) മുരടിച്ചിരിക്കും. സഭയുടെ ശ്രദ്ധയോടു കൂടിയ പ്രാർത്ഥന വളരെ ഫലിക്കുന്നത് പോലെ സഭ കൂടി ആരാധിക്കുമ്പോഴാണ് ആരാധനയും ഫലിക്കുന്നത്.

***a. ആദിമസഭകൾ കൂടിവന്നിരുന്നു.*** ആദിമ പ്രാദേശിക സഭകൾ കൂടിവന്നാണ് ആരാധിച്ചിരുന്നത്. ത്രോവാസിൽ ആഴ്ചവട്ടത്തിന്റെ ഒന്നാം നാൾ സഭ അപ്പം നുറുക്കുവാൻ കൂടി വന്നു (അപ്പൊ. 20:7) കൊരിന്തിൽ അവർ അപ്പം നുറുക്കുവാൻ കൂടി വന്നു (1 കൊരി.11:20). ഇങ്ങനെ പ്രാദേശിക സഭകൾ കൂടിവന്ന് ആരാധിച്ചു. ഇവിടെ ആരാധനയ്ക്ക് പകരം 'അപ്പം മുറി' എന്ന് ഉപയോഗിച്ചിരിക്കുന്നത് മറ്റ് യുഗങ്ങളിൽ നിന്നും വ്യത്യസ്തമായി കർത്താവ് ഏർപ്പെടുത്തിയ അപ്പം

മുറി ഈ ആരാധനയെ വ്യത്യസ്ഥമാക്കുന്നതിനാലാണ്.

***b. ആരാധന സ്ഥലംസഭ കൂടിവന്നപ്പോൾ മാത്രം.*** പ്രാദേശിക സഭകളിൽ മാത്രമേ ആരാധനയുണ്ടായിരുന്നുള്ളൂ. അതായത് കഴിവുള്ള സഹോദരന്മാർ കൂടിവന്നിടത്ത് പോലും അവർ ആരാധിക്കാതെ പ്രാർത്ഥിച്ചാണ് പിരിഞ്ഞത്. അതും സഭയുടെ പ്രാധാന്യത്തെയും സഭകൂടി ആരാധിക്കുന്നതിനെയും ഉറപ്പിക്കുന്നു. മിലേത്തൊസിൽ വെച്ച് പൗലൊസ് എഫെസൊസിലെ മൂപ്പന്മാരെ വരുത്തി സംഭാഷിച്ചു. ഇനി ഒരിക്കലും അവരെ സന്ധിക്കാൻ ആവില്ലെന്ന് അറിഞ്ഞിട്ടും പൗലൊസ് അവരോട് ചേർന്ന് പ്രാർത്ഥിച്ച് പിരിഞ്ഞു (അപ്പൊ. 20:36). ഇത്ര വികാരനിർഭരമായ വിശുദ്ധന്മാരുടെ ഒരു സദസ്സ് ആരാധിക്കാതെ പ്രാർത്ഥിച്ച് പൗലൊസ് പിരിച്ചുവിട്ടു. അവർ ആരാധിച്ച് പിരിഞ്ഞെങ്കിൽ എത്ര നന്നായി പോയേനേ. പക്ഷേ അവരൊരു പ്രാദേശിക സഭയല്ല, സദസാണ്. പൗലൊസിനെയും ബർന്നബാസിനേയും അയയ്ക്കാൻ അന്ത്യൊക്യ സഭ കൂടിയിട്ടുപോലും ആരാധിച്ചല്ല അവരെ അയച്ചത്; ഉപവസിച്ച് പ്രാർത്ഥിച്ചു അവരെ അയച്ചു. ഇന്നാകട്ടെ ക്യാമ്പുകൾ, കോൺഫറൻസുകൾ, സെമിനാറുകൾ മാത്രവുമല്ല വിവാഹം, മരണ ശുശ്രൂഷ തുടങ്ങിയ സദസ്സെല്ലാം ആരാധനാ വേദികളാണ്. പൗലൊസ് ആരാധിക്കാത്ത സദസ്സിൽ നാം ആരാധിപ്പിക്കുന്നതെന്തിന്? സദസ്സ് സദസ്സായും സഭ സഭയായും ഇരിക്കട്ടെ.

***c. സഭയുള്ളപ്പോൾ സദസ്സിൽ ആരാധിക്കുന്നത് അന്യാരാധനയാണ്.*** സഭയുള്ളപ്പോൾ നാം സദസ്സിൽ ആരാധിച്ചാൽ നാം നാബാത്തിന്റെ മകനായ യെരോബെയാമിനെപ്പോലെ പാപഹേതുവായ ആരാധന കഴിക്കയാണ് (1 രാജാ.13:30). മാത്രവുമല്ല, സഭാജനത്തെ ആശയക്കുഴപ്പത്തിന്റെ പല തട്ടുകളിലാക്കി തങ്ങളുടെ പിന്നാലെ വലിച്ചുകളയുകയാണ്. അയ്യോ! അങ്ങനെ പറയരുതേ, സഭയ്ക്ക് പുറത്ത് ഒന്നാരാധിച്ചാൽ ദോഷമൊന്നും ഇല്ല എന്ന് ചിലരെങ്കിലും ചിന്തിച്ചേക്കാം. യെരോബെയാം ദാനിലും ബേഥേലിലും ഓരോ പൂജാഗിരികൾ പണിതത് ആരാധിക്കാനുള്ള ഉത്സാഹം കൊണ്ടൊന്നുമല്ല. മറിച്ച്, തന്റെ ജനം യെരുശലേമിൽ യാഗം കഴിപ്പാൻ പോയാൽ അവർ യെഹൂദാ രാജാവിന്റെ പക്ഷം ചേർന്ന് തന്നെ കൊല്ലും എന്നതിനാലാണ് യെരോബെയാം ദാനിലും ബേഥേലിലും ആരാധന തുടങ്ങിയത്.

***d. ഇതിനൊക്കെ ഇത്രയും പ്രാധാന്യമുണ്ടോ? തീർച്ചയായും ഉണ്ട്.*** നോഹയും ഇയ്യോബും സ്ഥലകാല പരിമിതികളില്ലാതെ ആരാധിച്ചിരുന്നു (ഇയ്യോബ് 1:5; ഉല്പത്തി 8:20). എന്നാൽ അബ്രാഹാമി

നോടാകട്ടെ യിസ്ഹാക്കിനെ യാഗം കഴിപ്പാൻ, എവിടെയെങ്കിലുമല്ല, "*മോരിയാദേശത്തു ചെന്നു, അവിടെ ഞാൻ നിന്നോട് കല്പിക്കുന്ന ഒരു മലയിൽ അവനെ ഹോമയാഗം കഴിക്ക*" എന്ന് സ്ഥലം ദൈവം കല്പിച്ചു കൊടുത്തു (ഉല്പത്തി 22:2). മോശെ ഫറവോനോട് ആവശ്യപ്പെട്ടത് ദൈവത്തെ ആരാധിപ്പാൻ തങ്ങളെ വിട്ടയയ്ക്കണമെന്നാണ്; മിസ്രയീമിൽ ആരാധിച്ചാൽ പോരാ; പുരുഷന്മാർ മാത്രം പോയാൽ പോരാ; സഭയെല്ലാം പോരേണം എന്ന് മോശെ നിർബന്ധം പറഞ്ഞു (പുറ. 10:7-11). പുരുഷന്മാരെ മാത്രം മതിയെന്ന് മോശെ തീരുമാനിച്ചിരുന്നെങ്കിൽ ദൈവം മോശെയോട് കോപിക്കുമായിരുന്നു; കാരണം അവരുടെ മക്കളെയും മൃഗങ്ങളെയും സഹിതം രക്ഷിപ്പാൻ ഉള്ള ദൈവ തീരുമാനം തകിടം മറിഞ്ഞേനെ. നാം ഇന്ന് ഫറവോന്മാർ നിഷ്കർഷിക്കുന്ന വിധത്തിൽ ആരാധിച്ചാൽ നമ്മുടെ കുഞ്ഞുകുട്ടികൾ മിസ്രയീമിൽ ആയിപ്പോകും; സഭ കൂടി ആരാധിച്ചില്ലെങ്കിൽ തലമുറ താറുമാറാകും.

***e. ആലയത്തിലല്ലാതെ യാഗം കഴിക്കുന്നവനത് രക്തപാതകം. അവനെ ഛേദിക്കേണം (ലേവ്യ.17:4).*** ആലയത്തിലല്ലാതെ യാഗം കഴിക്കുന്നവനത് രക്തപാതകം; അവനെ ജനത്തിന്റെ നടുവിൽ നിന്നും ഛേദിക്കേണം (ലേവ്യ. 17:4). സമാഗമനകൂടാരം നിലവിൽ വന്നപ്പോൾ മൃഗത്തെ പുറത്തെവിടെയെങ്കിലും വെച്ച് അർപ്പിച്ചാൽ അവനെ ഛേദിച്ചുകളവാൻ കല്പന വന്നു (ലേവ്യ.17:4). അവർ കനാൻ നാട്ടിലെത്തിയപ്പോൾ "*നിനക്ക് ബോധിക്കുന്നേടത്തൊക്കെയും നിന്റെ ഹോമയാഗങ്ങൾ കഴിക്കാതിരിപ്പാൻ സൂക്ഷിച്ചുകൊൾക. യഹോവ നിന്റെ ഗോത്രങ്ങളിൽ ഒന്നിൽ തിരഞ്ഞെടുക്കുന്ന സ്ഥലത്തു നീ നിന്റെ ഹോമയാഗങ്ങൾ കഴിക്കേണം*" (ആവ.12:13,14) എന്ന് ദൈവം നിഷ്കർഷിച്ചു. പിന്നീട് ദൈവം ശീലോവിൽ തിരുനിവാസവും മനുഷ്യരുടെ ഇടയിൽ കൂടാരവും അടിച്ചപ്പോൾ (സങ്കീ. 78:60) ഇവിടേയ്ക്കാണ് യിസ്രായേൽ മുഴുവനും എല്കാനയും ഹന്നയും ആണ്ട് തോറും യാഗം കഴിപ്പാൻ പോയിരുന്നത് (1 ശമൂ.1:3). ജനത്തിന്റെ അതിക്രമം നിമിത്തം ശീലോവെ ഉപേക്ഷിച്ച് (സങ്കീ. 78:60) ദൈവം സീയോൻ പർവ്വതത്തെ തിരഞ്ഞെടുത്തു (സങ്കീ.78:68). ശലോമോൻ ഇവിടെ ഒരു ബൃഹത് ആലയം പണിത് പ്രതിഷ്ഠാപ്രാർത്ഥനയും നടത്തി. അതിനുത്തരമായി ദൈവം "*ഞാൻ നിന്റെ പ്രാർത്ഥന കേട്ട് ഈ സ്ഥലം എനിക്ക് യാഗത്തിനുള്ള ആലയമായിട്ട് തിരഞ്ഞെടുത്തിരിക്കുന്നു. ഈ സ്ഥലത്ത് കഴിക്കുന്ന പ്രാർത്ഥനയ്ക്ക് എന്റെ കണ്ണ് തുറന്നിരിക്കയും എന്റെ ചെവി ശ്രദ്ധിച്ചിരിക്കയും ചെയ്യും*" (2 ദിന. 7:12,15) എന്നരുളിച്ചെയ്തു.

ഈ ക്രമങ്ങളെ സ്വന്തം രാജ്യത്ത് ആളെത്തളച്ചിടുവാനായി ആരാധനയുടെ പേരും പറഞ്ഞ് യെരോബെയാം താറുമാറാക്കി. ലേവ്യരല്ലാത്തവരെ പുരോഹിതന്മാരുമാക്കി (1 രാജാ.12:29–31) എന്നാൽ ദൈവം ഇതെല്ലാം അവർക്ക് പാപഹേതുവാക്കി (1 രാജാ.13:34). പിന്നെ വന്ന രാജാക്കന്മാരെ നല്ലവരെന്നും തീയവരെന്നും തിരിച്ചത് അവർ ദൈവാലയത്തെ സംരക്ഷിച്ചോ അതോ പ്രതിഷ്ഠകളും ബലിപീഠങ്ങളും പണിതോ എന്ന മാനദണ്ഡത്താലാണ് ബി.സി. 586–ൽ ദൈവാലയം തകർന്നതിന് ശേഷം യിസ്രായേൽ മക്കൾ ബഹുകാലം യാഗമില്ലാതെയും പ്രതിഷ്ഠയില്ലാതെയും ഇരിക്കുമെന്ന് (ഹോശേയ 3:4) ഹോശേയ ബി.സി. 715 അടുപ്പിച്ച് പ്രവചിച്ചത് നിവൃത്തിയായി. ദൈവാലയത്തിലേ യാഗം അർപ്പിക്കാവൂ വേറെവിടെയെങ്കിലും ആയാൽ അത് തന്നെ ശാപമാണ്. അതിനാൽ യാഗത്തിന്റെ സാദ്ധ്യത നിന്നുപോയി. ബി.സി. 516–ൽ വീണ്ടും ആലയം പണിതെങ്കിലും എ.ഡി.70 –ൽ നശിപ്പിക്കപ്പെട്ടു. ഈ ദൈവാലയം നശിക്കാൻ ദൈവം അനുവദിച്ചു; കാരണം, ദൈവത്തിന് ഭൂമിയിൽ ഒരു ആലയമേ പാടുള്ളൂ; അത് ഇപ്പോൾ കർത്താവിന്റെ ശരീരമായ സഭയാണ് – "*ജീവനുള്ള ദൈവത്തിന്റെ സഭയാകുന്ന ദൈവാലയം*" (1 തിമൊ. 3:15). സഭ എടുത്ത് കൊള്ളപ്പെട്ടതിനു ശേഷം മാത്രമേ, അതായത് യെഹൂദ ജാതിയോട് പ്രത്യേകമായി ദൈവം ഇടപെടുമ്പോൾ മാത്രമേ, വേറൊരു ദൈവാലയം പണിയപ്പെടൂ.

പുതിയനിയമസഭ ക്രിസ്തുവിന്റെ രക്തത്താൽ വാങ്ങപ്പെട്ടതും ശരീരമായി ചേർക്കപ്പെട്ടതും, കർത്താവ് പാതാളഗോപുരങ്ങൾക്ക് ജയം നൽകാതെ പണിതതും ആയിരിക്കെ, അതിന്റെ അംഗങ്ങൾ എന്നതിൽ അന്തസ്സോടെ അഭിമാനം കൊണ്ട് സഭ കൂടി ദൈവത്തെ ആരാധിച്ചില്ലെങ്കിൽ അത് കർത്താവിനെ അവഹേളിക്കലാണ്. ചിലരാകട്ടെ, പൗലൊസിന്റെ പരാമർശങ്ങളായ "*ഞാൻ പിതാക്കന്മാരുടെ ദൈവത്തെ ആരാധിക്കും*" (അപ്പൊ. 24:14) "*ദൈവത്തിന്റെ ആത്മാവ് കൊണ്ട് ആരാധിക്കും*" (ഫിലി. 3:3) എന്നിവ സഭയില്ലാതെ ഒറ്റയ്ക്കുള്ള ആരാധന എന്ന് ചിന്തിച്ചേക്കാം. ഇവിടെ 'ആരാധന' എന്ന വാക്ക് '*ലാട്ര്യു–ഓ*' എന്ന ഗ്രീക്ക് പദത്തിന്റെ തർജ്ജമയാണ്. ഈ പദത്തിന്റെ ശരിയായ അർത്ഥം 'സേവിക്കുക' എന്നാണ്. ആരാധന എന്നത് സഭ കൂടിയേ സാധ്യമാകൂ. സഭയായ് കൂടാതെ 'തമ്മിൽ സംസാരിപ്പാനോ' (എഫെ. 5:19) 'പഠിപ്പിപ്പാനോ, ബുദ്ധിയുപദേശിപ്പാനോ' (കൊലൊ.3:16) കൂട്ടായ്മ ആചരിപ്പാനോ അപ്പം നുറുക്കുവാനോ (അപ്പൊ. 2:42) കഴിയാത്തതിനാൽ "*ചിലർ ചെയ്യുന്നത് പോലെ നമ്മുടെ സഭായോഗങ്ങളെ ഉപേ*

*ക്ഷിക്കാതെ*" (എബ്രാ.10:24) സഭയായി കൂടി വന്ന് തക്കമഹത്വം കരേറ്റാം. യെഹിസ്ക്കീയാവിന്റെ കാലത്ത് പെസഹ ആചരിപ്പാനുണ്ടായിരുന്ന തടസ്സം ജനം യെരുശലേമിൽ ഒരുമിച്ചു കൂടാതെ ഇരുന്നതാണ് (2 ദിന. 30:3) എന്നത് സഭയെ കൂടാതെ ആരാധിക്കുന്നവർ തക്കതായ ആരാധന കഴിക്കുന്നില്ല എന്നതിന്റെ തെളിവല്ലാതെന്ത്?

**2. ആഴ്ചവട്ടത്തിന്റെ ഒന്നാം നാളിൽ കൂടിവരണം**

***a. അപ്പൊസ്തലന്മാർ വെച്ചിരിക്കുന്ന മാതൃക ആഴ്ചവട്ടത്തിന്റെ ഒന്നാം നാളാണ്.*** ഇതിന് കാരണങ്ങൾ ഉണ്ട്. "*ആഴ്ചവട്ടത്തിന്റെ ഒന്നാം ദിവസത്തിൽ ഞങ്ങൾ അപ്പം നുറുക്കുവാൻ കൂടിവന്നപ്പോൾ*" (അപ്പൊ. 20:7) എന്നതും "*ഞാൻ വന്നശേഷം മാത്രം ശേഖരം ഉണ്ടാകാതിരിക്കേണ്ടതിനു ആഴ്ചവട്ടത്തിന്റെ ഒന്നാം നാൾതോറും നിങ്ങളിൽ ഓരോരുത്തൻ . . . പക്കൽ വെച്ചുകൊള്ളേണം*" (1 കൊരി.16:2) എന്നതും മുകളിൽ പറഞ്ഞ കീഴ്വഴക്കത്തെ സൂചിപ്പിക്കുന്നു.

***b. യഹോവയുടെ ഉത്സവങ്ങൾക്ക് കൃത്യമായ സമയം ഉണ്ടായിരുന്നു.*** എല്ലാ യെഹൂദ ഉത്സവങ്ങൾക്കും കൃത്യമായ ദിവസവും സമയവും ഉണ്ടായിരുന്നു (പുറ.13:10; ലേവ്യ. 23; ആവ.16). "*നിന്റെ ദൈവമായ യഹോവ നിനക്ക് തരുന്ന ഏതെങ്കിലും ഒരു പട്ടണത്തിൽ വെച്ചു പെസഹാ അറുത്തുകൂടാ. നിന്റെ ദൈവമായ യഹോവ തന്റെ നാമം സ്ഥാപിക്കാൻ തിരഞ്ഞെടുക്കുന്ന സ്ഥലത്തുവെച്ചു മാത്രം സന്ധ്യാസമയത്ത് നീ മിസ്രയീമിൽ നിന്ന് പുറപ്പെട്ട നേരത്തു തന്നെ സൂര്യൻ അസ്തമിക്കുമ്പോൾ പെസഹയെ അറുക്കേണം. നിന്റെ ദൈവമായ യഹോവ തിരഞ്ഞെടുക്കുന്ന സ്ഥലത്ത് വെച്ച് അതിനെ ചുട്ടുതിന്നേണം; രാവിലെ നിന്റെ കൂടാരത്തിലേയ്ക്ക് മടങ്ങിപ്പൊയ്ക്കൊള്ളാം*" (ആവ.16:5-7). ഇവയ്ക്കെല്ലാം കൃത്യമായ ദിവസവും സമയവും ഉണ്ടെങ്കിൽ ആഴ്ചവട്ടത്തിന്റെ ഒന്നാം നാളിന് എത്ര അധികം.

ഈ ഖണ്ഡികയിൽ പറഞ്ഞിരിക്കുന്ന മൂന്ന് ഉത്സവങ്ങളും ദൈവം തിരഞ്ഞെടുത്ത സ്ഥലത്തോ, പിന്നെ യെരുശലേമിനെ ദൈവം തിരഞ്ഞെടുത്തതായി പ്രഖ്യാപിച്ചപ്പോൾ അവിടെ വെച്ചോ മാത്രമേ ആചരിക്കാൻ അനുവാദമുണ്ടായിരുന്നുള്ളൂ (പുറ. 23:14-19). പെസഹാമൃഗത്തെ അറുപ്പാനും തിന്നാനും പുരുഷന്മാർ മാത്രം തിരഞ്ഞെടുത്ത സ്ഥലത്ത് രാത്രി പാർത്ത് ആചരിച്ച് രാവിലെ കൂടാരത്തിൽ വരാം (ആവ.16:5-7). പെന്തക്കൊസ്തു നാളിൽ തന്റെ നാമം സ്ഥാപിപ്പാൻ ദൈവം തിരഞ്ഞെടുത്ത സ്ഥലത്ത് കുടുംബസമേതം ദാസീദാസ, പരദേശി അനാഥ വിധവ സമേതം സന്തോഷിക്കേണം (ആവ.16:11). കൂടാരപ്പെരുനാളിൽ ഏഴ് ദിവസവും അവർ കൂടാരങ്ങൾ ഉണ്ടാക്കി സന്തോഷത്തോടെ

അതിൽ പാർത്തിരുന്നു (ലേവ്യ. 23:42,43).

ഇതിൽ നിന്നും ചില പുതിയനിയമ ദൃശ്യങ്ങൾ. പെസഹ ആചരിപ്പാൻ പുരുഷന്മാർ മാത്രം രാത്രിയിൽ പോകുന്നു. മൃഗത്തെ കൊന്ന് കഴിച്ചശേഷം രാവിലെ മടങ്ങി കൂടാരത്തിലേക്ക് വരുന്നു. ശിഷ്യന്മാർ മാത്രം രാത്രിയിൽ പെസഹക്കുഞ്ഞാടായ കർത്താവിനോടൊപ്പം പെസഹ ആചരിച്ചു. പെസഹകുഞ്ഞാടായ കർത്താവ് തന്റെ ശരീരത്തെയും രക്തത്തെയും കുറിക്കുന്ന കർത്തൃമേശ അവർക്ക് നൽകി പെസഹകുഞ്ഞാടിനെ തിന്നുകയും കുടിക്കയും ചെയ്തു.

പെന്തക്കൊസ്ത് നാളിൽ 120 പേരടങ്ങുന്ന സ്ത്രീപുരുഷരുള്ള ഒരു സംഘമാണ് കൂടിയിരുന്നത്. അവരിലേയ്ക്ക് പരിശുദ്ധാത്മാവ് പകരപ്പെടുകയും അവർ സന്തോഷിക്കയും ആഗോളസഭ ഉടലെടുക്കുകയും ചെയ്തു. പെരുന്നാളിൽ ഒന്നായ പെന്തക്കൊസ്തിലും യെരുശലേമിൽ കൂടിയ എല്ലാവരും സന്തോഷിക്കയാണല്ലോ.

കൂടാരപ്പെരുനാളിൽ അവർ വീട്ടിലും മുറ്റത്തും, വിശാലസ്ഥലത്തും പാർത്തത് കാലങ്ങൾ കഴിയുമ്പോൾ ഉണ്ടാകേണ്ട പ്രാദേശിക സഭകളുടെ നിഴലല്ലേയെന്ന് ചിന്തിക്കേണ്ടതാണ്. അവസാനത്തേതിൽ സ്ഥലത്തിന് പ്രാധാന്യം കുറഞ്ഞെങ്കിലും ദിവസത്തിന് മാറ്റമില്ല.

***c. ശബ്ബത്തും ആഴ്ചവട്ടത്തിൻ ഒന്നാംദിവസവും.*** ശബ്ബത്തിന്റെ പ്രത്യേകത, അത് ദൈവം സർവ്വവും സൃഷ്ടിച്ചതിന് ശേഷമുള്ള സ്വസ്ഥതയാണെങ്കിൽ ആഴ്ചവട്ടത്തിൻ ഒന്നാം നാൾ തന്റെ സൃഷ്ടിയെ പുത്രന്റെ യാഗത്താൽ രക്ഷിച്ച ശേഷമുള്ള വിജയഭേരി മുഴക്കിയ അവിസ്മരണീയ ദിവസമാണ്. സഭയുടെ ജന്മദിനം കൂടിയാണ് ആ ദിവസം.

മുകളിൽ പ്രതിപാദിച്ച കാരണങ്ങൾ കൊണ്ടാവാം ഫിലിപ്പയിൽ നിന്ന് കപ്പൽ കയറി ത്രോവാസിൽ വന്ന പൗലൊസ് അവിടെ ഏഴ് ദിവസം പാർത്തിട്ടും ആഴ്ചവട്ടത്തിന്റെ ഒന്നാം നാളിലെ അപ്പം നുറുക്കിയുള്ളൂ. പരിജ്ഞാനസമ്പന്നനായ പൗലൊസ് കപ്പലിലോ കരയിലെ ഏഴ് ദിവസമോ ആരാധിക്കാതെ ആഴ്ചവട്ടത്തിന്റെ ഒന്നാം നാൾ തിരഞ്ഞെടുത്തത് യാത്രാവാഹനങ്ങളിലും, എല്ലാ ദിവസവും, ക്യാമ്പുകളിലും ആരാധിക്കുന്നവർക്ക് ഒരു മാതൃക കാട്ടാനും കൂടിയാണ്.

അപ്പോൾ ചിലർ, നിങ്ങൾ ഇത്ര ചിട്ട പറയുന്നെങ്കിൽ ആഴ്ചവട്ടത്തിൻ ഒന്നാംനാൾ രാത്രി തന്നെ വല്ല മാളികമുറിയിലും ആരാധിക്കണമെന്ന് പറഞ്ഞ് പുച്ഛിച്ചേക്കാം. പെസഹയെക്കുറിച്ച് ദിവസം മാത്രമല്ല സമയവും കൂടെ പറഞ്ഞിരിക്കുന്നു- "*ഇതു തന്നെ യിസ്രായേൽ മക്കൾ ഒക്കെയും തലമുറതലമുറയായി യഹോവയ്ക്ക് പ്രത്യേകം ആച*

*രിക്കേണ്ട രാത്രി*" (പുറ. 12:42) . പുതിയനിയമസഭയ്ക്ക് "*ആഴ്ചവട്ട ത്തിന്റെ ഒന്നാം നാൾ തോറും*" (1 കൊരി.16:2), "*നിങ്ങൾ കൂടിവരു മ്പോൾ*" (1 കൊരി.11:20) എന്നേ പറഞ്ഞിട്ടുള്ളൂ. എന്നാൽ പെസഹ പോലെ രാത്രിയിൽ കൂടണമെന്ന് പറഞ്ഞിരുന്നെങ്കിൽ അങ്ങനെ ചെയ്യാതെ നിർവ്വാഹവുമില്ല.

**3. ദൈവത്തെ സ്തുതി സ്തോത്ര ഗാനാലാപനങ്ങളോടെ നമസ്കരിക്കണം**

ഇപ്പോൾ ചിലർ സ്തുതിക്കുന്നതാണ് അല്ലെങ്കിൽ നമസ്കരി ക്കുന്നതാണ് ആരാധനയെന്ന് പഠിപ്പിക്കുന്നുണ്ട്. എന്നാൽ അത് ആരാ ധനയുടെ ഒരു ഭാഗം മാത്രമാണ്. അത് മാത്രമായാൽ ലോകജാതി കൾ ദൈവങ്ങളേയോ ദാസൻ യജമാനനേയോ മാനിക്കുന്നത് പോലെ പുതിയനിയമസഭയുടെ ആരാധന തരംതാഴ്ത്തപ്പെടും. നമ്മുടെ ദൈവം ആരാധ്യൻ എന്നു മാത്രമല്ല വ്യത്യസ്തനുമാണ്. തന്റെ സഭയായ നാമും വ്യത്യസ്തരാണ്, പൗലൊസിന്റെ ഭാഷയിൽ "മതഭേദം എന്ന് ഇവർ പറയുന്ന മാർഗ്ഗ"ക്കാരാണ് (അപ്പൊ. 24:14). ആരാധനയിലും ഈ ഭേദം കാണിച്ചില്ലെങ്കിൽ നാം ഊതിയതോ മീട്ടിയതോ എന്തെന്നറിയാത്ത തെളിവില്ലാത്ത നാദം (1 കൊരി.14:7,8) പുറപ്പെടുവിക്കുന്ന ആരാധന ക്കാരാകുന്നതിനാൽ എന്ത് പ്രയോജനം? സഭകൂടി ആഴ്ചവട്ടത്തിന്റെ ഒന്നാം നാൾ ആരാധിക്കുന്നവരെ നിർജ്ജീവ ആരാധനക്കാരെന്ന് പുച്ഛിച്ച് സജീവ ആരാധനയുടെ പുതിയ മാനങ്ങൾ സൃഷ്ടിപ്പാൻ ഒറ്റയ്ക്കും തെറ്റയ്ക്കും യാത്രയിലും ക്യാമ്പുകളിലും സഭാകൂടിവരവു കളെ വെല്ലുവിളിച്ച് ആരാധിക്കുന്നവരുടേതാണ് സർവ്വസാധാരണവും, ചത്തതുമായ ആരാധന എന്ന് സുവ്യക്തം. ഇവരുടെ കാഹളങ്ങൾ നാദഭേദം കാട്ടാത്തതിനാൽ അവരോട് കൂടെ പടയ്ക്ക് ആരും ഒരു ങ്ങില്ലെന്ന് മനസ്സിലാക്കി അവർ പാളയത്തിൽ മടങ്ങി വന്ന് സഭയായി കൂടി "ഭേദം" കാട്ടി ആരാധിക്കട്ടെ. പുതിയനിയമ സഭയുടെ "നാദ ഭേദം" എന്നത് പ്രധാനമായും കർത്തൃമേശയാണ്.

ആരാധനയ്ക്ക് ഗ്രീക്കിൽ ഏറ്റവും അധികം ഉപയോഗിച്ചിട്ടുള്ളത് "*പ്രൊസ്കുനെ-ഓ*" ആണ്, അർത്ഥാൽ *പ്രൊസ്*=മുമ്പോട്ട് ആഞ്ഞ്, *കുനെ-ഓ*=മുത്തം ചെയ്യുക. പിശാചിനോട് പരീക്ഷാവേളയിൽ കർത്താവ് "*നിന്റെ ദൈവമായ കർത്താവിനെ മാത്രമേ നമസ്കരി ക്കാവൂ*" (മത്തായി 4:10) എന്ന് പറഞ്ഞിടത്തും, യേശുകുഞ്ഞിനെ വിദ്വാ ന്മാർ നമസ്കരിച്ചതിനും (മത്തായി 2:2,8,11), കുഷ്ഠരോഗി യേശുവിനെ നമസ്കരിച്ചതിനും (മത്തായി 8:2), പ്രമാണി നമസ്കരിച്ചതിനും (മ ത്തായി 9:18), വെള്ളത്തിൽ താണ പത്രൊസിനെ രക്ഷിച്ചപ്പോൾ

അവൻ യേശുവിനെ നമസ്കരിച്ചതിനും (മത്തായി 14:33) കനാന്യസ്ത്രീ നമസ്കരിച്ചതിനും (മത്തായി 15:25) പിറവിക്കുരുടൻ കർത്താവിനെ നമസ്കരിച്ചതിനും (യോഹ. 9:38) *പ്രൊസ്കുനെ-ഓ* ആണ് ഉപയോഗിച്ചിരിക്കുന്നത്. മുമ്പോട്ട് കുനിഞ്ഞ് മുത്തുന്ന ഈ രീതി ഏറ്റവും നല്ല ആരാധന ആണെങ്കിലും മുത്തുന്നതിന് കർത്താവ് ദേഹരൂപത്തിൽ ഇല്ലല്ലോ. ഇങ്ങനെ നാം ആരാധിക്കുന്നത് ഭാവിയിൽ അവനെ കാണുമ്പോഴാണ്. അന്ന് പ്രായോഗികമാകുന്നത് ഇന്ന് പ്രയോഗിച്ച് ആരാധനയെ നാം അവഹേളിക്കരുത്.

ആരാധന എന്നു തർജ്ജമ ചെയ്തിരിക്കുന്ന മറ്റൊരു വാക്ക് "*സെബൊമായ്*" ആണ്. ഇതിന്റെ അർത്ഥം "ഭക്തി കാണിക്കുക" എന്നതാണ്. ലുദിയാ, തീത്തൊസ്, യുസ്തൊസ് എന്നിവർ 'ദൈവഭക്ത'രെന്ന് പറഞ്ഞിരിക്കുന്നിടത്ത് *സെബൊമായ്* ആണ് (അപ്പൊ.16:14;18:7) ഉപയോഗിച്ചിരിക്കുന്നത്. "*ഞാൻ പിതാക്കന്മാരുടെ ദൈവത്തെ ആരാധിക്കും*" (അപ്പൊ. 24:14), "*ദൈവത്തിന്റെ ആത്മാവ് കൊണ്ട് ആരാധിക്കും*" (ഫിലി. 3:3), "*മതഭേദം എന്നിവർ പറയുന്ന മാർഗ്ഗപ്രകാരം . . . ദൈവത്തെ ആരാധിക്കയും*" (അപ്പൊ. 24:14) എന്നീ ഭാഗങ്ങളിലെല്ലാം "*ലാട്ര്യു-ഒ*" ആണ് പൗലൊസ് ഉപയോഗിച്ചിരിക്കുന്നത്. ഈ പദത്തിന്റെ ശരിയായ തർജ്ജമ 'സേവിക്കുക' എന്നാണ്. ഈ ഭാഗങ്ങളിൽ കർത്തൃസേവ ചെയ്യുന്നു എന്നല്ലാതെ പൗലൊസ് ഏകനായിട്ടിരുന്ന് ആരാധിക്കുന്നു എന്നല്ല അർത്ഥം. '*യുസെബെ-ഒ*' എന്ന ഗ്രീക്കുപദത്തിന് 'ഭക്തിയോടെ പെരുമാറുന്നതെന്നാണ്' അർത്ഥം. ഉദാഹരണത്തിന് അഥേനർ വേദിക്കല്ല് പൂജിക്കുന്നത് സൂചിപ്പിക്കുന്നതിന് '*യുസെബെ-ഒ*' എന്ന ഗ്രീക്കുപദം ഉപയോഗിച്ചിരിക്കുന്നു (അപ്പൊ.17:23).

*പ്രൊസ്കുനെ-ഓ* അഥവാ 'കുനിഞ്ഞ് മുത്തുക' എന്ന പദത്തോട് മുകളിൽ പറഞ്ഞ മൂന്ന് ആരാധനാ പദങ്ങളും കൂട്ടിക്കെട്ടിയാലും പുതിയനിയമ ആരാധന ആകില്ല. അതിന് പ്രധാന കാരണം കർത്താവ് ദേഹരൂപത്തിൽ ദൈവവലഭാഗത്തായതിനാൽ അവനെ കാൽ കെട്ടിപ്പിടിച്ച് നമസ്കരിപ്പാൻ കഴികയില്ല. നമസ്കാരമാണ് ആരാധനയെന്ന് പറയുന്നവർക്ക് മുത്തുവാൻ കർത്താവ് ദേഹരൂപത്തിൽ ഭൂമിയിൽ ഉണ്ടെങ്കിലേ ഈ നമസ്ക്കാരം യാഥാർത്ഥ്യമാകൂ എന്ന തിരിച്ചറിവ് ഉണ്ടാകേണ്ടതാണ്. കുറഞ്ഞ പക്ഷം 'കുനിഞ്ഞ് മുത്തുക' എന്നതാണ് അർത്ഥം എന്ന് മനസ്സിലാക്കി വിനയാന്വിതരാകണം. "*ഈ ജനം അധരം കൊണ്ട് മാത്രം എന്നെ ബഹുമാനിക്കുന്നു*" (മത്തായി15:8) എന്ന് കർത്താവ് വിലപിച്ചത് ഇത്തരം ആരാധനയെ ഉദ്ദേശിച്ചാണ്.

### 4. കർത്താവ് ഏല്പിച്ചുതന്ന കർത്തൃമേശയിലൂടെ അവനെ ഓർക്കണം

നമസ്കരിക്കാൻ വേണ്ടും വിധം ഓർമ്മകൾ അവശേഷിപ്പിച്ചാണ് കർത്താവ് പോയത്. ആ ഓർമ്മകൾ വെറുതെ അയവിറക്കിയാലും പോരാ; "*എന്റെ ഓർമ്മയ്ക്കായി ഇതു ചെയ്യ്വിൻ*" എന്ന് കർത്താവ് കല്പിച്ചു. എല്ലാവരും ചിലത് ചെയ്തുകൊണ്ടാണ് എല്ലാക്കാലവും ആരാധിച്ചത്. ഹാബേൽ തുടങ്ങി യിസ്രായേൽ ജനമെല്ലാം യാഗങ്ങളും വഴിപാടുകളും അർപ്പിച്ചാണ് ആരാധിച്ചത്. അർപ്പിക്കേണ്ടത് എന്തൊക്കെയാണെന്ന് ദൈവമാണ് അവരെ പഠിപ്പിച്ചത്; 'വെറുങ്കയ്യോടെ നിങ്ങൾ എന്റെ മുമ്പാകെ വരരുത്'(പുറ. 23:15) എന്ന് ദൈവമാണ് അനുശാസിച്ചത്. അന്ത്യത്താഴ സമയത്ത് സാക്ഷാൽ കർത്താവ് തന്റെ ഓർമ്മയ്ക്കായി തന്റെ വരവ് വരെ അനുഷ്ഠിപ്പാൻ ഏല്പിച്ചുതന്നതാണ് കർത്തൃമേശ.

***a. ഓർക്കുക.*** പെസഹ ആചരിച്ചപ്പോഴും ഓർത്ത് ആചരിപ്പാൻ ദൈവം കല്പിച്ചു. "നീ മിസ്രയീം ദേശത്ത് നിന്നു പുറപ്പെട്ട ദിവസത്തെ നിന്റെ ആയുഷ്ക്കാലം ഒക്കെയും ഓർക്കേണ്ടതിന്" (ആവ.16:3) എന്നാണ് വചനത്തിൽ കാണുന്നത്. പെസഹ ആചരിച്ചപ്പോൾ എല്ലാ യിസ്രായേലും മിസ്രയീമിലെ അവരുടെ ആദ്യത്തെ പെസഹയെ ഓർത്താണ് ആചരിച്ചത്. നമ്മുടെ പെസഹ കുഞ്ഞാടായ കർത്താവ് (1 കൊരി. 5:7) ലോകത്തിന്റെ പാപം ചുമന്ന് കൊണ്ട് ക്രൂശിൽ കയറി. അത് പിറകോട്ട് തിരിഞ്ഞ് ഓർത്താണ് നാമും ആരാധിക്കേണ്ടത്.

***b. ആചരിക്കുക.*** പെസഹയിൽ ഓർമ്മ മാത്രമല്ല, ആചരണവും ഉണ്ട്. "*യിസ്രായേൽ സഭ ഒക്കെയും അത് ആചരിക്കേണം*" എന്നാണ് കല്പന (പുറ.12:47). വെറുതെ ഓർത്തു കൊണ്ടിരുന്നാൽ പെസഹ ആചരിച്ചതാകില്ല. പുതിയനിയമസഭ കർത്താവിനെ ഓർക്കുമ്പോൾ ആചരിക്കേണ്ടതാണ് നിങ്ങൾ എന്റെ ഓർമ്മയ്ക്കായി ഇവ്വണ്ണം ചെയ്വിൻ എന്ന് പറഞ്ഞ് കർത്താവ് ഏല്പിച്ചത്. ഇത് ഏല്പിച്ചു തന്ന സമയവും സന്ദർഭവും കർത്തൃമേശയുടെ പ്രാധാന്യം വർദ്ധിപ്പിക്കുന്നു. കർത്താവിന്റെ കഷ്ടാനുഭവത്തിനു മുമ്പെ, പിടിക്കുന്നവരുടെ കൈകൾ അരികെ എത്തിയിരിക്കെ, പെസഹ കഴിപ്പാൻ താൻ എത്ര വാഞ്ഛയോടെ ആഗ്രഹിച്ചെന്ന് കർത്താവ് പറഞ്ഞിട്ടുണ്ട് (ലൂക്കൊസ് 22:15). ഇത് കേവലം ഒരു പെസഹ കഴിക്കാനുള്ള വാഞ്ഛയല്ല; താൻ മുമ്പേയും അവരോട് കൂടെ പെസഹ കഴിച്ചിട്ടുണ്ടല്ലോ. എന്നാൽ കർത്തൃമേശ എന്ന ആചരണം അവർക്ക് കൊടുക്കുവാൻ വേണ്ടിയും അതിലൂടെ തന്നെ ഓർത്ത് അവർ ആചരിക്കണം എന്നതിനുമാണ് ഈ

സമയത്ത് കർത്താവ് ഇത്രയും വാഞ്ചിച്ചത്. ആയതിനാൽ തന്നെ ഓർക്കുന്നവർ വെറുതെ ഓർത്താൽ പോരാ എന്നും, ഓർമ്മയ്ക്കായി ഇവ്വണ്ണം തന്നെ ചെയ്യണമെന്നും കർത്താവിന് നിഷ്ഠയുണ്ട്. അയോഗ്യമായിട്ട് ഈ ആചരണത്തോട് പ്രതികരിച്ചവരിൽ ചിലർ നിദ്രകൊള്ളുന്നതും ബലഹീനരായതും രോഗബാധിതരായതും ഇതിന്റെ ദൈവിക അനുമതിയെ തെളിയിക്കുന്നു.

മാത്രവുമല്ല “What is Christian in Christian worship is the Lord’s table.” പുതിയനിയമ ആരാധനയുടെ മാത്രം പ്രത്യേകതയാണ് കർത്തൃമേശാചരണം. പുതിയനിയമസഭയ്ക്ക് കർത്താവ് കാന്തനും സഭ ശരീരവുമാകയാൽ ഈ സഭ മറ്റെല്ലാ സഭകളിൽ നിന്നും വിഭിന്നം ആണ്. അതിനാൽ ഈ സഭയുടെ ആരാധനയും വിഭിന്നമാണ്; വിഭിന്നമായിരിക്കണം. കാരണം നാം ദൈവപുത്രന്റെ ചോരയാൽ വീണ്ടെടുക്കപ്പെട്ടതിനാൽ ഏറ്റവും ശ്രേഷ്ഠമായ ഭേദപ്പെട്ട ആരാധന കാഴ്ചവച്ചേ മതിയാവൂ. അതിന് നമ്മെ സഹായിക്കുന്ന ആചരണം കർത്തൃമേശയാണ്, അത് സഭയ്ക്ക് ഏല്പിച്ചതാണ്; സ്ഥലംസഭകൾ ആചരിക്കേണ്ടതാണ്. സഭ കൂടിയാലെ ഇതിന് സാധ്യതയുമുള്ളൂ എന്നതിനാൽ സഭയും കൂടണം. അല്ലാതെ സ്തുതിയും നമിക്കലും, കൊടുക്കലും മാത്രമാണെങ്കിൽ ജാതികൾ അവരുടെ മിത്ഥ്യാമൂർത്തികൾക്ക് കൊടുക്കുന്ന ആരാധനയേ ജീവനുള്ള ദൈവത്തിനും നമ്മുടെ ജീവന്റെ നാഥനും നമുക്ക് കരേറ്റാനാകൂ.

***c. ഏല്പിച്ചു തന്നതാണ് കർത്തൃമേശാചരണം.*** സഭയെക്കുറിച്ചുള്ള മർമ്മങ്ങൾ തനിക്ക് വെളിപ്പെട്ടത് പോലെ കർത്തൃമേശയും കർത്താവിൽ നിന്ന് പ്രാപിച്ച് താൻ സഭയ്ക്ക് ഏല്പിച്ചതാണെന്ന് പൗലൊസ് പറയുന്നു. സഭ പെന്തക്കൊസ്ത് നാൾ മുതൽക്കേ ഉണ്ടെങ്കിലും എ.ഡി. 60-61-ൽ എഫെസ്യർക്കും, കൊലൊസ്യർക്കും ലേഖനങ്ങൾ എഴുതുമ്പോഴാണ് സഭയുടെ മർമ്മങ്ങൾ പൗലൊസ് വെളിവാക്കുന്നത്. അതുപോലെ കർത്തൃമേശ കർത്താവ് ഏർപ്പെടുത്തിയെങ്കിലും എ.ഡി.58-ൽ കൊരിന്ത്യർക്ക് പൗലൊസ് എഴുതുമ്പോൾ താൻ കർത്താവിൽ നിന്ന് വ്യക്തമായ കർത്തൃമേശാചരണ നിർദ്ദേശങ്ങൾ പ്രാപിച്ചതായി പ്രതിപാദിക്കുന്നു.

**5. പ്രബോധനവും സ്വീകരിച്ച് പോകുന്നു**

ത്രൊവാസിൽ പൗലൊസ് ആഴ്ചവട്ടത്തിന്റെ ഒന്നാം നാൾ പ്രസംഗിച്ചതായി പറഞ്ഞിരിക്കുന്നു (അപ്പൊ. 20:7). നെഹെമ്യാവിന്റെ കാലത്തെ കൂടാരപ്പെരുന്നാളിൽ ഏഴ് ദിവസങ്ങളിലും അവർ ന്യായപ്രമാണം വായിച്ചുകേട്ടു എന്നും രേഖയുണ്ട് (നെഹ. 8:9,18). കൂടാര

ങ്ങൾ കെട്ടി അവർ മിസ്രയീമിൽ നിന്ന് പോരവേ അവർക്ക് ന്യായപ്രമാണപുസ്തകം ഇല്ലായിരുന്നു. ഈ താമസത്തിന്റെ ഓർമ്മയ്ക്കായി കൂടാരപ്പെരുനാൾ സ്ഥാപിച്ചപ്പോഴാകട്ടെ അവർക്ക് ന്യായപ്രമാണവും, പുസ്തകവും, സൗകര്യവും ഉണ്ടായതിനാൽ അത് വായിച്ച് കേട്ട് കരഞ്ഞു. ആയതിനാൽ കർത്തൃമേശ ആചരിച്ചശേഷം വിശ്വാസികൾ പ്രബോധനം കേട്ടിട്ടു വേണം മടങ്ങിപോകേണ്ടത്.

ഈ പഠനത്തിന്റെ അടിസ്ഥാനത്തിൽ, സഭ കൂടി ആഴ്ചവട്ടത്തിന്റെ ഒന്നാം നാളിൽ സ്തുതി സ്തോത്രനമസ്കാരങ്ങൾ അർപ്പിച്ചും കർത്താവിനെ ഓർത്ത് കർത്തൃമേശ ആചരിച്ചും പ്രബോധനം കേട്ടും പോകുന്നതാണ് ആരാധന എന്ന് വ്യക്തമാണ്. എല്ലാ പാതയും റോമിലേയ്ക്കാണ്; പക്ഷേ എല്ലാ പാതയും ദൈവത്തിലേയ്ക്കല്ല എന്ന് "*ഞാൻ മുഖാന്തരമല്ലാതെ ആരും പിതാവിന്റെ അടുക്കൽ എത്തുന്നില്ല്*"എന്ന കർത്തൃവാക്കിൽ നിന്ന് സുവ്യക്തം. അതുപോലെ എല്ലാ ആരാധനാശ്രമങ്ങളും ദൈവത്തിങ്കലേയ്ക്ക് എത്തുകയില്ല. ദുഷ്ടനോട് എന്റെ നാമം നാവിൽ എടുക്കാൻ എന്ത് കാര്യം എന്ന് ദൈവം ചോദിക്കുന്നു. ദൈവം നിഷ്കർഷിച്ച രീതിയിലൂടെ രക്ഷപ്രാപിച്ച നാം ദൈവം നിഷ്കർഷിച്ച രീതിയിൽ ആരാധിച്ചാലെ തക്ക മഹത്വം കരേറ്റാനാകൂ.

ആയതിനാൽ ആരാധനയെ സ്വന്തനീതിയും യുക്തിയും ചേർത്ത് നേർമ്മിപ്പിപ്പാൻ ആഗ്രഹിക്കുന്നവരോട് ഒരു ചോദ്യം. മനപ്പൂർവ്വമായി നാം ചെയ്യുന്ന ഉപവാസപ്പോരാട്ട പ്രാർത്ഥനയും ഉണ്ട്; വേണ്ടുമ്പോലെ നമുക്ക് പ്രാർത്ഥിപ്പാൻ കഴിയാത്തതിനാൽ ആത്മാവിന്റെ ഉച്ചരിച്ചുകൂടാത്ത ഞരക്ക പ്രാർത്ഥനയുമുണ്ട്. രണ്ടും പ്രാർത്ഥനയല്ലേ? ആണ്. എന്നാൽ മനപ്പൂർവ്വപ്പോരാട്ടത്തിന് മുതിരാതെ എപ്പോഴും ആത്മാവിന്റെ ഞരക്കം മതിയെന്ന് വയ്ക്കുന്നവരും ഉണ്ട്. അത് ദുരന്തമാണ്. എന്നാൽ ആരാധനയുടെ കാര്യത്തിൽ ഇതുപോലും സാധ്യമല്ല. കാരണം, പ്രാർത്ഥനയ്ക്ക് ഞരക്കം ഏർപ്പെടുത്തിയതും ആത്മാവ് തുണനിൽക്കുന്നതും വേണ്ടുമ്പോലെ പ്രാർത്ഥിപ്പാൻ നമുക്ക് അറിയാത്തതിനാലാണ്. എന്നാൽ ആരാധനയ്ക്കാകട്ടെ വേണ്ടുമ്പോലെ ആരാധിക്കേണ്ട വിധം ദൈവം വരച്ചു ഏല്പിച്ചു തന്നിരിക്കേ അത് ചെയ്യുവാൻ നാം ബാധ്യസ്ഥരാണ്. ആരാധനാവിധം തന്നിരിക്കയാൽ വേണ്ടുമ്പോലെ ആരാധിച്ച് തക്കമഹത്വം കരേറ്റിയില്ലെങ്കിൽ നാമാണ് കുറ്റക്കാർ. ഇവിടെ ദൈവം തുണനില്ക്കുകയില്ല; മറിച്ച്, നമ്മെ കൊരിന്ത്യരെപ്പോലെ ശിക്ഷിക്കുകയേ ഉള്ളൂ. ഈ ശിക്ഷകൾ ആരാധനാ ലംഘികൾക്ക് (കൂടുതൽ സ്പഷ്ടമായി- കർത്തൃമേശാ ലംഘികൾക്ക്) നൽകിയത് വ്യവസ്ഥ ലംഘിച്ചതിനാലാണ്. അതായത്, ആരാധനയ്ക്ക് വ്യവസ്ഥയു

ണ്ടെന്ന് സ്പഷ്ടം; നിയമം ഉള്ളിടത്താണല്ലോ ശിക്ഷയും.

## D. എല്ലാം ആരാധന അല്ല; തക്ക ആരാധന ദൈവം ചിട്ടപ്പെടുത്തിയത്

പല്ല് വൃത്തിയാക്കുവാൻ തലമുറയായി പിൻപറ്റി പ്രയോഗത്തിൽ ഇരിക്കുന്ന മാർഗ്ഗം ബ്രഷും പേസ്റ്റും ഉപയോഗിച്ചുള്ളതാണ്. എന്നാൽ മറ്റ് മാർഗ്ഗങ്ങളായ വായ് കഴുകുക, കൈയ്യോടിക്കുക, കടുംകാപ്പി കുടിക്കുക എന്നിവയും ശുചിയാക്കും. എന്നാലും അത് തക്കതല്ലായ്കയാൽ അല്പം കഴിഞ്ഞ് ദുർഗന്ധം വമിക്കും. തക്ക ആരാധന അല്ലെങ്കിൽ സൗരഭ്യവാസനയ്ക്ക് പകരം അസഹ്യവാസനയേ ഉയരൂ. ഈ ആരാധന പാരമ്പര്യത്തിന്റെ പിൻപറ്റലോ? ആരാധനയെ പുച്ഛിക്കുന്നവരുടെ ഒരു ന്യായമാണിത്. ഇന്നത്തെ പല്ല് തേയ്പ്പും, സോപ്പുതേയ്പ്പും എല്ലാം പരമ്പരയായി നമ്മെ മാതാപിതാക്കൾ പഠിപ്പിച്ചതെങ്കിലും ആരാധന അങ്ങനെയും അല്ല കിട്ടിയത്. പിതാക്കന്മാർ ഇങ്ങനെ ആരാധിച്ച പാരമ്പര്യം കൊണ്ട് മാത്രമല്ല മറിച്ച്, കർത്താവ് ഇങ്ങനെ ചെയ്യാൻ പറഞ്ഞതുകൊണ്ടും പൗലൊസ് പ്രാപിക്കയും ഏല്പിക്കയും ചെയ്തത് കൊണ്ടും ആണ് നാം ഇത് ആചരിക്കുന്നത്.

### 1. കർത്തൃമേശയോടുള്ള സമീപനം

കർത്തൃമേശ കാണുമ്പോൾ അതിനോട് വിഗ്രഹതുല്യമായ വിനയവും വന്ദനവും ആണെന്ന് പറഞ്ഞ് പുതിയനിയമ ആരാധനയെ പുച്ഛിക്കുന്നവർ ഉണ്ട്. കർത്തൃമേശയാണ് ആരാധനയിൽ ഉള്ള പുതിയ ഘടകം എന്നിരുന്നാലും പഴയതൊന്നും കുറച്ച് കണ്ടിട്ടില്ല. കർത്താവ് ആരംഭം കുറിച്ച ആദ്യ കർത്തൃമേശയിൽ തന്നെ സ്തോത്രം അടങ്ങിയിരുന്നു. “*അവൻ അപ്പം എടുത്ത് സ്തോത്രം ചൊല്ലി നുറുക്കി*” (മത്തായി 26:26). സന്ദർഭം പാട്ടിന് പ്രതികൂലമായിട്ട് പോലും പാട്ട് ഉണ്ടായിരുന്നു, “*പിന്നെ അവർ സ്തോത്രം പാടിയശേഷം ഒലിവ് മലയ്ക്കു പോയി*” (മർക്കൊസ് 14:26). കർത്താവ് പ്രബോധിപ്പിച്ചു; പൗലൊസ് ത്രോവാസിൽ പ്രസംഗിച്ചു. അപ്പോൾ പ്രസംഗവും ഉണ്ടായിരുന്നു. അവർ സ്തോത്രക്കാഴ്ചയും എടുത്തിരുന്നത് “*ഞാൻ വന്നശേഷം മാത്രം ശേഖരം ഉണ്ടാകാതിരിക്കേണ്ടതിന് ആഴ്ചവട്ടത്തിന്റെ ഒന്നാം നാൾ തോറും ഓരോരുത്തൻ . . . ചരതിച്ചു തന്റെ പക്കൽ വെച്ചുകൊള്ളേണം*” എന്നതിൽ നിന്നും വ്യക്തം (1 കൊരി.16:2). അപ്പോൾ സ്തുതി, വാഴ്ത്തൽ, ഗാനാലാപനം, പ്രസംഗം, കാണിക്ക എല്ലാം അന്നു മുതൽക്കേ ആരാധനയിൽ ഉണ്ട്. എന്നാൽ അവർ കൂടിവന്ന മറ്റ് യോഗങ്ങളിലും ഇതെല്ലാം ഉണ്ടായിരുന്നു. ആഴ്ചവട്ടത്തിന്റെ ഒന്നാം നാളിനെ മറ്റ് കൂടിവരവുകളിൽ നിന്ന് വ്യത്യസ്തമാക്കിയത് ഈ കർത്തൃമേശ

യാണ്. ത്രോവാസിൽ ചെലവിട്ട ഞായറാഴ്ച യോഗത്തെ "അപ്പം നുറുക്കുവാൻ കൂടിവന്നപ്പോൾ" എന്ന് നാമകരണം ചെയ്‌വാൻ ലൂക്കൊസിനെ പ്രേരിപ്പിച്ചത് അതാണ്.

**2. നമസ്ക്കാരം കർത്തൃമേശയല്ല; കർത്തൃമേശ നമസ്ക്കാരവുമല്ല**

നമസ്ക്കാരത്തിന്റെ അർത്ഥം ഇതിനു മുമ്പ് സൂചിപ്പിച്ചതാണ്. അത് അതിനാൽ കർത്തൃമേശയ്ക്ക് പകരമാവില്ല. കർത്തൃമേശ നമസ്ക്കാരവുമല്ല; കാരണം, അത് ഓർത്ത് ആചരിക്കലാണ്. ഇത് വളരെ വ്യക്തമാക്കുവാൻ എല്ക്കാനാ ഹന്ന ദമ്പതികളുടെ യാഗത്തെ നോക്കിയാൽ മതിയാകും. അവർ "ശീലോവിൽ സൈന്യങ്ങളുടെ യഹോവയെ നമസ്കരിപ്പാനും അവനു യാഗം കഴിപ്പാനും ആണ്ടു തോറും പോയിരുന്നു" (1 ശമൂ.1:3). ഇവിടെ നമസ്കാരവും യാഗാർപ്പണവും ഉണ്ട്. ഏതെങ്കിലും ഒന്നു ചെയ്താൽ ആരാധന അപൂർണ്ണമാണ്. അവർ നമസ്കരിച്ച് മാത്രം മടങ്ങിയെങ്കിൽ അല്ലെങ്കിൽ യാഗം മാത്രം അർപ്പിച്ച് മടങ്ങിയെങ്കിൽ ദൈവം പ്രസാദിക്കുമായിരുന്നോ? യാഗങ്ങളെ ദൈവം പിന്നത്തേതിൽ വെറുക്കാൻ കാരണം അവർ നമസ്ക്കാര മനോഭാവം ഇല്ലാതെ അർപ്പിച്ചതിനാൽ മാത്രമാണ്. സത്യനമസ്കാരികൾക്ക് പിന്നെ നമസ്ക്കാരം മാത്രം മതിയെന്ന് ദൈവം വെയ്ക്കാത്തതിനാലാണ് നിർവ്വാഹം ഒട്ടും ഇല്ലെങ്കിലും കുറുപ്രാവിനേയോ പ്രാവിൻകുഞ്ഞിനെയെങ്കിലുമോ കൊണ്ട് വന്ന് യാഗം കഴിക്കണമെന്ന് നിർദ്ദേശിച്ചത്. നമസ്ക്കാരവും യാഗവും പഴയനിയമ ആരാധനയിൽ ഉള്ളതു പോലെ നമ്മുടെ ആരാധനയിലും സ്തോത്രസ്തുതി ഗാനപ്രസംഗത്തോട് കൂടെ കർത്തൃമേശയും ഉണ്ട്.

**3. പുതിയനിയമ സഭാരാധനയെ താഴ്ത്തിക്കെട്ടരുത്**

സ്തുതിയെ മാത്രം ആരാധനയെന്ന് പറഞ്ഞാൽ അത് സകലചരാചരങ്ങളുടെയും ആരാധനയുടെ നിലവാരത്തിലേ ആകുന്നുള്ളൂ. "*ജീവനുള്ളതൊക്കെയും യഹോവയെ സ്തുതിക്കട്ടെ; യഹോവയെ സ്തുതിപ്പിൻ*" (സങ്കീ.150:6) എന്ന വാക്യം അതു വ്യക്തമാക്കുന്നു. ജീവനുള്ളത് എന്നത് നമ്മെ മാത്രം ആണ് ഉദ്ദേശിക്കുന്നത് എന്ന് വിചാരിച്ചാൽ തെറ്റി. കാരണം, "*അവന്റെ ആധിപത്യത്തിലെ സകല സ്ഥലങ്ങളിലുമുള്ള അവന്റെ സകല പ്രവൃത്തികളുമേ യഹോവയെ വാഴ്ത്തുവിൻ*" (സങ്കീ.103:22) എന്നാണല്ലോ ആഹ്വാനം. നമസ്ക്കാരമാണ് ആരാധനയെന്ന് പരിമിതപ്പെടുത്തിയാൽ യെഹിസ്ക്കീയാവിന്റെ കാലത്ത് യാഗങ്ങൾ അർപ്പിച്ചവർ "*സന്തോഷത്തോടെ സ്തോത്രം ചെയ്തു തല കുനിച്ച് നമസ്കരിച്ച്*"തു പോലെ മാത്രമേ ആകയുള്ളൂ (2 ദിന. 29:30).

സ്വന്തപുത്രനെ ആദരിക്കാതെ നമുക്ക് എല്ലാവർക്കും വേണ്ടി ഏല്പിച്ചു തന്നവനെ സൃഷ്ടി ആരാധിക്കുന്നത് പോലെ ആരാധിച്ചാൽ മതിയോ? ന്യായപ്രമാണത്തിന്റെ ശാപത്തിൽ നിന്ന് നമ്മെ വിലയ്ക്ക് വാങ്ങുവാൻ പുതിയനിയമത്തിന്റെ മദ്ധ്യസ്ഥനായി വന്ന കർത്താവിനെ തല കുനിച്ചാരാധിച്ചാൽ മതിയോ? കർത്താവ് പറഞ്ഞത് ശ്രദ്ധിക്കുക: "*നിങ്ങൾ ആർത്തില്ലെങ്കിൽ ഈ കല്ലുകൾ ആർക്കും.*" നിങ്ങൾക്ക് വായുണ്ടെങ്കിലും അത് ഉപയോഗിച്ചില്ലെങ്കിൽ കല്ലുകൾ ആർക്കും എന്നാണതിന്റെ അർത്ഥം. സൃഷ്ടിക്ക് നമ്മെപ്പോലെ കൈയും കാലും മെയ്യും മനവും എല്ലാം ഉണ്ടായിരുന്നെങ്കിൽ അവർ കേവലം ആർക്കാതെ ആരാധിച്ചേനേ. നമുക്കോ ആരാധിക്കാൻ ചിട്ടയും നിയമവും നിർദ്ദേശവും തന്നിരിക്കേ ആർക്കുന്നു. മറ്റുള്ളവരെ കൂടെ ആർപ്പിടുവിക്കുന്നു. സൃഷ്ടി പോലും ആരാധനക്കാര്യത്തിൽ നമ്മെ തോൽപ്പിക്കുന്നു.

## E. ആരാധകന്റെ ജീവിതം

എന്നാൽ പുതിയനിയമ ആരാധനാ ചർച്ചകൾക്കിടയിൽ വ്യക്തികളായ നമ്മെ നല്ല വിശ്വാസികളും സ്ഥലം സഭയ്ക്ക് പ്രയോജനമുള്ളവരും നല്ല ആരാധനക്കാരും ആക്കുന്ന കാര്യങ്ങൾ നാം മറക്കരുത്; അല്ലായെങ്കിൽ നമുക്ക് അയോഗ്യമായിട്ടേ ആരാധിക്കാനാകൂ. ആയതിനാൽ വ്യക്തികളായി നാം ഓരോരുത്തരും നമ്മുടെ ശരീരങ്ങളെ ജീവനും വിശുദ്ധിയും ദൈവത്തിന് പ്രസാദവുമുള്ള യാഗമായി സമർപ്പിക്കേണ്ടതാണ് (റോമർ 12:1). ഇതാണ് ആദ്യം നടക്കേണ്ടത്.

## ഉപസംഹാരം

സഭകളെക്കുറിച്ച് വെളിപ്പാട് പുസ്തകത്തിൽ പറയുമ്പോൾ ഏറ്റവും നന്നായി ആരാധിച്ചതിന് പ്രതിഫലമൊന്നും പറഞ്ഞിട്ടില്ല. സഭയുടെ ആരാധന ആരാധനക്കാരന്റെ വ്യക്തിപരമായ ജീവിതം പോലെയേ ഉയരൂ.

പുതിയനിയമ സഭാരാധനയുടെ നാദഭേദം ആയ സ്തുതിസ്തോത്രഗാന പ്രബോധനാദികളോട് കൂടിയ കർത്തൃമേശയെ അതത് സ്ഥലം സഭകളോട് കൂടി ആഴ്ചവട്ടത്തിന്റെ ഒന്നാം നാൾ ആചരിച്ച് തക്ക മഹത്വം കരേറ്റാം. ഈ നാദഭേദം കാണിക്കാതെ സൃഷ്ടിയുടെയോ യിസ്രായേലിന്റെയോ ആരാധനയ്ക്കായി യെരോബെയാമിന്റെ മനസ്സോടെ വചനത്തിന്റെയോ സത്യത്തിന്റെയോ പിൻബലമില്ലാതെ തെളിവില്ലാനാദം ഊതുന്ന കാഹളക്കാരോട് കൂടെ പടയ്ക്ക് പുറപ്പെടാതിരിക്കാം (1 കൊരി.14:8). യാതൊരു നാദഭേദം ഇല്ലെങ്കിലും ചിലർ ഊതുന്നതിനാലും ചില പരമാർത്ഥികൾ പുറപ്പെടാൻ ഒരുങ്ങിയതിനാലുമാണ് ഭേദാഭേദങ്ങളെ വിവേചിപ്പാനറിയുന്ന വിശ്വാസികൾക്ക് മനസ്സിലാകുന്ന

ഈ നിർമ്മല സത്യങ്ങളെ എഴുതേണ്ടിവന്നത്. ലോകജനം, സമുദായം, സഭാവിഭാഗങ്ങൾ പലരീതിയിൽ ആരാധിച്ചേക്കാം. പക്ഷേ പുതിയനിയമസഭയുടെ ആരാധനയ്ക്ക് നിഷ്കർഷിച്ച നിയമം ഉള്ളതിനാൽ കൊരിന്തിൽ അത് ലംഘിച്ചവരെ ഛേദിച്ചുകളഞ്ഞു. പഴയനിയമത്തിൽ ആരാധനാലംഘികളെ ഛേദിക്കാൻ ജനത്തോട് പറയുന്നെങ്കിൽ (ലേവ്യ. 17:4) ഇപ്പോൾ ദൈവം തന്നെ അത് ചെയ്യുന്നു. ദൈവത്തെ ഹാസ്യമാക്കിയ മോവാബ് ദേശത്തെ ദൈവം ശിക്ഷിച്ചതിനാൽ അവർക്ക് "ആർപ്പല്ലാത്ത ആർപ്പേ ആർക്കാനായുള്ളൂ" (യിരെ. 48:33). ദൈവം ആരാധനയ്ക്കായി കൊടുത്ത ചട്ടങ്ങളെ ലംഘിച്ചാൽ ആരാധനയല്ലാത്ത ആരാധനയാണ് ഉണ്ടാകുക. ഈ അബദ്ധം നമുക്ക് വരാതെ ശരിയായ ആരാധന കഴിക്കണമെങ്കിൽ ദൈവം അനുശാസിച്ച രീതിയാംവണ്ണം നമുക്കത് അർപ്പിക്കാം.

# വിവിധ ആരാധനകൾ

സജി എ. ജോൺ

## ആമുഖം

ആരാധന എന്ന വിഷയം വിശുദ്ധവേദപുസ്തകത്തിൽ ഏറ്റവും പ്രാധാന്യത്തോടെ കാണപ്പെടുന്ന ഒന്നാണ്. മനുഷ്യനെ സൃഷ്ടിക്കുന്നതിനുമുമ്പേ ദൈവം ദൂതന്മാരാൽ ആരാധന സ്വീകരിക്കുന്നവനായിരുന്നു. സകല രത്നങ്ങളാലും നിർമ്മിക്കപ്പെട്ട (യെഹ. 28:13) 'ലൂസിഫർ' മൂന്നിലൊന്ന് ദൂതന്മാരുടെ സംഘവുമായി സ്വർഗ്ഗത്തിൽ നിന്നും വെട്ടേറ്റു വീണതിനുശേഷം (യെശ. 14:12-17; യെഹ. 28:12-19), ആരും നിഗളിക്കാതിരിക്കേണ്ടതിന് തന്റെ സൃഷ്ടിയുടെ മകുടമായി മനുഷ്യനെ മണ്ണുകൊണ്ട് നിർമ്മിക്കുകയും ചെയ്തു. വിണ്മയരും ആത്മരൂപികളുമായ ദൂതന്മാരേക്കാളധികം മണ്മയരായ മനുഷ്യന്റെ ആരാധന സ്വീകരിക്കുന്നതിൽ ദൈവം സന്തോഷിച്ചു. മനുഷ്യനുമായി കൂട്ടായ്മ ആചരിപ്പാനും മനുഷ്യരുടെ ആരാധന സ്വീകരിപ്പാനുമായിട്ടാണ് ദൈവം മനുഷ്യരെ സൃഷ്ടിച്ചത് (ഉല്പത്തി 3:8,9). എന്നാൽ ദൈവത്തിന്റെ ശത്രുവായ പിശാച് തനിക്കു 'പകരമായി' ദൈവം സൃഷ്ടിച്ച മനുഷ്യനെ വഞ്ചിച്ച് പാപത്തിലകപ്പെടുത്തി സത്യാരാധന ഭൂമിയിൽ നിന്നും ഇല്ലായ്മ ചെയ്യുവാൻ തീരുമാനിച്ചു. ഇതിൽ സാത്താൻ ഒരു പരിധി വരെ വിജയിക്കുകയും ചെയ്തു. തന്നോടു പാപം ചെയ്ത മനുഷ്യന് വീണ്ടെടുപ്പു നൽകുവാനും സത്യദൈവാരാധന ഭൂമിയിൽ തുടരുവാനുമായി ദൈവം ക്രമീകരണം ചെയ്തു (ഉല്പത്തി 3:15; 4:4,5). ആദാം ദൈവത്തെ ആരാധിക്കുന്നതു കണ്ടു പഠിച്ചിട്ടാവാം അവന്റെ തലമുറയും യാഗം കഴിച്ച് ദൈവത്തോടു നിയമം ചെയ്ത് ആരാധിക്കുവാൻ ആരംഭിച്ചത് (സങ്കീ. 50:5). എന്നാൽ ഹാബേലിനെപ്പോലെ ദൈവത്തെ അവന്റെ നിയമപ്രകാരം ദൈവഹിതാനുസരണം ദൈവം പ്രസാദിക്കുന്ന ആരാധന കഴിക്കുന്ന നൂനപക്ഷവും കയീനെപ്പോലെ ദൈവഹിതത്തിനു വിപരീതമായി പാപഹൃദയത്തോടെ ദൈവം പ്രസാദിക്കാത്ത ആരാധന കഴിക്കുന്ന ഭൂരിപക്ഷവും ഭൂമിയിൽ വർദ്ധിച്ചുവന്നു. അങ്ങനെ സത്യാരാധന കഴിക്കുന്ന നൂനപക്ഷവും മിഥ്യാരാധന കഴിക്കുന്ന ഭൂരിപക്ഷവും കൊണ്ട് ഇന്ന് ഭൂമി നിറഞ്ഞിരിക്കുകയാണ്. സത്യാരാധനയുടെ വിവിധ മുഖങ്ങളെ പരാമർശിക്കുന്ന ഒരു ഗ്രന്ഥമായി സത്യവേദപുസ്തകം ഇരിക്കുന്നു. നിത്യതയിൽ ആരാധന എങ്ങനെ ആയിരിക്കുമെന്നും സത്യവേദപുസ്തകം പരാമർശിക്കുന്നു.

ദൈവവചനത്തിന്റെ വെളിച്ചത്തിൽ സത്യ ആരാധന എപ്രകാരം ആയിരിക്കണമെന്നും, സത്യവചനം വിതയ്ക്കപ്പെടുന്നതിനോടു കൂടെ കളയും വിതയ്ക്കുന്ന (മത്തായി 13:25) പിശാച് ദൈവത്തെ സത്യത്തിലും ആത്മാവിലും ആരാധിക്കുന്നവരുടെ ഇടയിൽ പരത്തുന്ന തെറ്റിദ്ധാരണകളേയും ഇന്ന് ലേകത്തിൽ നടക്കുന്ന വിവിധാരാധനകളേയും കുറിച്ച് ഒരു അവലോകനം നടത്തുകയെന്നതാണ് ഈ ലേഖനത്തിന്റെ ലക്ഷ്യം.

## A. വിവിധ മിഥ്യാരാധനകൾ

മനുഷ്യന്റെ ഉല്പത്തി മുതൽ അവൻ ഒരു ആരാധകനാണ്. സത്യദൈവത്തെ ആരാധിച്ച ആദാമിന്റെ സന്തതി പരമ്പര പിന്നീട് സ്രഷ്ടാവിനെ മറന്ന് സൃഷ്ടിയെയും പ്രപഞ്ചശക്തികളെയും പിശാചിനെയും ആരാധിക്കുന്ന ചരിത്രം കാണുവാൻ കഴിയും. ലോകത്തിലുള്ള എല്ലാ മനുഷ്യരും ഒരു തരത്തിലല്ലെങ്കിൽ മറ്റൊരുതരത്തിൽ ആരാധകരാണ്. ആരാധനയ്ക്കു യോഗ്യനായ സത്യദൈവത്തെ ഒഴികെ ആരെയോ എന്തിനെയോ ആരാധിച്ചാലും അത് മിഥ്യാരാധനയും വ്യർത്ഥവുമാണ്. ആ ആരാധന സ്വീകരിക്കുന്നത് ദൈവമല്ല, പിന്നെയോ അവന്റെ ശത്രുവായ സാത്താനാണ് (1 കൊരി.10:19,20; ലേവ്യ.17:7). ഇത്തരത്തിലുള്ള വ്യർത്ഥവും നീചവും സത്യമല്ലാത്തതുമായ ചില മിഥ്യാരാധനകളെക്കുറിച്ച് ലഘുവായി പരാമർശിക്കട്ടെ.

**1. വിഗ്രഹാരാധന**

ആരാധനാപാത്രമായ ദൈവത്തെ മനുഷ്യൻ ആരാധിക്കാതെ അക്ഷയനായ ദൈവത്തിന്റെ തേജസ്സിനെ ക്ഷയമുള്ള പക്ഷി, നാല്ക്കാലി, ഇഴജാതി എന്നിവയുടെ രൂപസാദൃശ്യമാക്കി മാറ്റുന്നതാണിത് (റോമർ 1:23). ഇങ്ങനെ രൂപങ്ങളും സാദൃശ്യങ്ങളും വെച്ച് ആരാധിക്കുന്നവരാണ് മനുഷ്യരിലേറിയ പങ്കും. വിഗ്രഹങ്ങളെ വണങ്ങുവാൻ ഒരു രാജ്യത്തുനിന്നും മറ്റൊരു രാജ്യത്തിലേക്കും ഒരു സംസ്ഥാനത്തു നിന്നും മറ്റൊരു സംസ്ഥാനത്തിലേക്കും ജനം ഒഴുകുകയാണ്. നാമധേയക്രൈസ്തവരും, ഹിന്ദുക്കളും, മറ്റു വിവിധ മതക്കാരും വിഗ്രഹങ്ങളെ ആരാധിക്കുകയും വണങ്ങുകയും ചെയ്യുന്നവരാണ്.

വിഗ്രഹാരാധന ദൈവം വെറുക്കുന്ന പാപമാണ് (പുറ. 20:4,5; ആവ. 5:8,9; അപ്പൊ. 17:16). യിസ്രായേൽ ബഥേലിലും ദാനിലും സ്വർണ്ണക്കാളക്കുട്ടികളെ വെച്ചാരാധിച്ചു ദൈവത്തെ കോപിപ്പിച്ചു (1 രാജാ.12:26-33). ലോകജനതയെ വിഗ്രഹങ്ങളെ ആരാധിക്കുവാൻ പ്രേരിപ്പിക്കുന്നതിലൂടെ സാത്താൻ തനിക്കൊരു ആരാധകവൃന്ദത്തെ തയ്യാറാക്കുകയും മഹാപീഢനകാലത്ത് സകല അവിശ്വാസികളും അവന്റെ

പ്രതിമയെ ആരാധിക്കുവാനായി ലോകജനതയെ തയ്യാറാക്കുകയും ചെയ്യുകയാണ് (വെളി.13:14-17).

തേജോമയനായ ദൈവത്തിന്റെ സ്ഥാനത്ത് നാം എന്ത് പ്രതിഷ്ഠിച്ചാലും അതു വിഗ്രഹമാണ്. *അതുകൊണ്ട് പ്രിയന്മാരേ, വിഗ്രഹാരാധന വിട്ടോടുവിൻ* (1 കൊരി.10:14).

**2. വിപ്ലവാരാധന**

ഇന്ന് തീവ്രവാദ സംഘടനകളും വിപ്ലവ പ്രസ്ഥാനങ്ങളും വളരെയധികം വളർന്നു കൊണ്ടിരിക്കുകയാണ്. ഈ പ്രസ്ഥാനങ്ങളുടെ നേതാക്കന്മാരെ അന്ധമായി വിശ്വസിച്ച് അവർക്കുവേണ്ടി പ്രാണനും നൽകുന്നവരാണ് അവരുടെ അനുയായികൾ. നെബുഖദ്നേസറും, ഫറവോന്മാരും, റോമൻ കൈസർമാരും, ഹിറ്റ്ലറും, ബിൻ ലാദനും മറ്റും ഇങ്ങനെ അനേകരുടെ ആരാധനാപാത്രങ്ങളായിട്ടുള്ളവരാണ്.

**3 മനുഷ്യാരാധന**

സിനിമാതാരങ്ങൾ, കായികതാരങ്ങൾ (ഉദാ. സച്ചിൻ), രാഷ്ട്രീയ നേതാക്കൾ ഇങ്ങനെയുള്ള സാമൂഹിക നായകന്മാരെ ആരാധിക്കുന്ന പ്രവണത വർദ്ധിച്ചുവരുന്നു. ഇത് അനേക മനുഷ്യ ദൈവങ്ങളുടെ കാലഘട്ടമാണ്. ചരിത്രത്തിലുടനീളം മരണത്തിനധീനനായ മനുഷ്യൻ ആരാധനാപാത്രമായി തീർന്നിട്ടുണ്ട്. മതങ്ങൾ തീർത്ത ദൈവങ്ങളേറെയും മനുഷ്യദൈവങ്ങളാണ്. ആരാധന സ്വീകരിക്കുന്ന എത്രയോ മനുഷ്യദൈവങ്ങൾ നമ്മുടെ ഭാരതത്തിൽ തന്നെയുണ്ട്. ഉദാ: സത്യസായി ബാബ, മാതാ അമൃതാനന്ദമയി തുടങ്ങിയവർ.

**4. ദൂതാരാധന**

ദൈവത്തിന്റെ ദൂതന്മാരെ ആരാധിക്കുന്ന അനേകരുണ്ട്. ദൈവദൂതന്മാർ ദൈവത്തിന്റെ ആജ്ഞയനുസരിക്കുന്നവരും സദാസമയം അവനെ ആരാധിക്കുന്നവരുമാണ് (സങ്കീ.103:20,21; എബ്രാ.1:6). ദൈവത്തിന്റെ ദൂതന്മാർ രക്ഷപ്രാപിപ്പാനുള്ളവരുടെ ശുശ്രൂഷക്കാരാണ് (എബ്രാ.1:14). അതുകൊണ്ട് ദൂതന്മാരെ ആരാധിക്കുന്നത് പാപമാണ്. അപ്പൊസ്തലനായ യോഹന്നാൻ പോലും ദൂതനെ ആരാധിക്കുവാൻ തുനിഞ്ഞത് നാം കാണുന്നു. എന്നാൽ ദൈവദൂതൻ ആ ആരാധന സ്വീകരിക്കാതെ, ദൈവത്തെ നമസ്കരിക്ക എന്നാണ് പറഞ്ഞത് (വെളി.19:10; 22:8,9).

**5. പ്രകൃതി ശക്തികൾ, ജ്യോതിർഗോളങ്ങൾ, ജീവജാലങ്ങൾ ഇവയോടുള്ള ആരാധന**

ദൈവം മനുഷ്യനുവേണ്ടിയാണ് ജീവജാലങ്ങളെ സൃഷ്ടിച്ചത്. അവയെ ഭുജിക്കുന്നതിനുപകരം ഭജിക്കുകയാണ് പലരും ചെയ്യുന്നത്.

അവയെ വണങ്ങുവാനല്ല അവയുടെ മേൽ വാഴുവാനാണ് ദൈവം മനുഷ്യനോട് കല്പിച്ചത് (ഉല്പത്തി 1:28,29). ജ്യോതിർഗോളങ്ങളായ സൂര്യനേയും ചന്ദ്രനേയും നക്ഷത്രങ്ങളേയും ആരാധിക്കുന്നവരോട് അവർ ദൈവനിഷേധികളാണെന്ന മുന്നറിയിപ്പും അത് ശിക്ഷാർഹ മായ പാപമാണെന്നും പുരാതന ഭക്തനായ ഇയ്യോബ് പറയുന്നു (ഇ യ്യോബ് 31:26-28).

മഴ, കാറ്റ്, അഗ്നി മുതലായ പ്രകൃതിശക്തികളെ ആരാധിക്കുന്ന വരും സ്രഷ്ടാവിനെ മറന്ന് സൃഷ്ടിയെ ഭജിക്കുന്നവരാണ് (അപ്പൊ.14:17; സങ്കീ.136:5-9).

**6. കന്യക മറിയാമിനെയും വിശുദ്ധന്മാരെയും ആരാധിക്കുന്നത്**

കിഴക്കു നിന്നുവന്ന വിദ്വാന്മാർ രാജാവായി പിറന്നവനെ 'ആരാ ധിക്കുവാൻ' വന്നപ്പോൾ അമ്മയായ മറിയയോടു കൂടി ശിശുവിനെ കണ്ടെങ്കിലും, *വീണു **അവനെ** നമസ്കരിച്ചു* (മത്തായി 2:10,11) എന്നാ ണെഴുതിയിരിക്കുന്നത്. മറിയ ഭാഗ്യവതിയാണ്. എന്നാൽ ആരാധന സ്വീകരിപ്പാൻ തക്കവണ്ണം ദൈവമല്ല.

**7. സാത്താനെ ആരാധിക്കുന്നത്**

"സാത്താൻ സഭ" ഇന്ന് വളരെയധികം ശക്തിയോടെ വളരുക യാണ്. ഇതിലെ അംഗങ്ങൾ സാത്താനെ ആരാധിക്കുന്നവരാണ്. കറു ത്ത കുർബാനയും (Black Mass) നരബലിയും നടത്തുകയും, വർഷം തോറും ഉയിർപ്പുബലി നടത്തി, യേശുവിന്റെ ക്രൂശീകരണത്തിൽ സാത്താൻ വിജയിച്ചു എന്ന ഓർമ്മ പുതുക്കുകയും, അവരുടെ പിതാ വായ സാത്താന് എല്ലാ വിജയവും ബലവും മഹത്വവും അവർ ഉച്ച ത്തിൽ പ്രഖ്യാപിച്ച് അവനെ നമസ്കരിക്കുകയും മനുഷ്യശരീരം ഭക്ഷി ക്കുകയും രക്തം വീഞ്ഞിൽ കലർത്തി കുടിക്കുകയും ചെയ്യുന്ന ഹീന പ്രവർത്തി നടത്തുകയും ചെയ്യുന്നു. സാത്താൻ ആരാധന ഇഷ്ടപ്പെടു ന്നു. കർത്താവായ യേശുക്രിസ്തുവിനോട് "*വീണു എന്നെ നമസ്കരി ച്ചാൽ ഇതൊക്കെയും നിനക്കു തരാം*" എന്നു പറഞ്ഞവനാണവൻ. സാത്താൻ സഭകളും സാത്താനെ ആരാധിക്കുന്നവരും നമ്മുടെ കൊച്ചു കേരളത്തിലും ധാരാളമുണ്ട്. സാത്താന്റെ തന്ത്രങ്ങളെ അറിയുന്ന വിശ്വാ സികളായ നാം (2 കൊരി. 2:11; എഫെ. 6:11) പിശാചിനോട് എതിർത്തു നിൽക്കുവാനും അവൻ നമ്മെ വിട്ടു ഓടിപ്പോകുവാനും ഇടയാകട്ടെ (യാക്കോബ് 4:7).

**8. നാമധേയ ക്രൈസ്തവരുടെ ആരാധന**

പട്ടത്വസഭകളുടെ ആരാധന ദൈവവചനാടിസ്ഥാനമല്ല. കാരണം അവർ ആരാധിക്കുകയല്ല, ആരാധന കാണുകയാണ്. ആരാധിക്കുക

യല്ല, ആരാധിപ്പിക്കുകയാണ്. എല്ലാ വിശ്വാസികളും പുരോഹിതന്മാരാണെന്ന് അവർ വിശ്വസിക്കുന്നില്ല. എന്നാൽ പുതിയനിയമത്തിന്റെ അടിസ്ഥാനത്തിൽ പട്ടക്കാരും അയ്മേനികളും എന്നീ രണ്ടു വിഭാഗങ്ങൾ സഭയിലില്ല. രക്ഷിക്കപ്പെട്ട എല്ലാവരും സഭയിലെ അംഗങ്ങളാണ് (പ്രവ. 2:47). രക്ഷിക്കപ്പെട്ട എല്ലാവരും പുരോഹിതവർഗ്ഗമാണ് (1 പത്രൊസ് 2:9). പുരുഷനെന്നോ സ്ത്രീയെന്നോ വ്യത്യാസമില്ലാതെ എല്ലാവർക്കും ദൈവത്തെ ആരാധിക്കുവാൻ അവകാശം ഉണ്ട്. മനുഷ്യസംഘടിത പൗരോഹിത്യങ്ങൾ എല്ലാം ദൈവവചന വിരുദ്ധവും ദൈവപൈതലിനു നിഷിദ്ധവുമാണ് (എബ്രാ. 7:26-28; 1 പത്രൊസ് 2:5). ദൈവത്തിനു പ്രസാദമുള്ള ആത്മികയാഗം കഴിപ്പാൻ അവൻ നമ്മെ യോഗ്യരാക്കി (എഫെ. 2:19-22; 1 പത്രൊസ് 2:5,6).

## B. യഥാർത്ഥ ആരാധന

വീണ്ടെടുക്കപ്പെട്ട ദൈവപൈതലിന്റെ അന്തരാത്മാവിലും ദേഹിയിലുമുള്ള ഏറ്റവും ആഴമേറിയ ആത്മീയാനുഭൂതിയാണ് ആരാധന. ഹൃദയം നന്ദിയാൽ നിറഞ്ഞു കവിഞ്ഞ് ദൈവസന്നിധിയിലെത്തി പരിപൂർണ്ണ വിശുദ്ധിയിൽ സ്വമേധയാ അർപ്പിക്കുന്ന സ്തോത്രയാഗമാണ് ആരാധന (സങ്കീ. 45:1; യെശ. 6:1-5). ദൈവമഹത്വം മനസ്സിലാക്കി സൃഷ്ടികർത്താവിന്റെ തേജസ്സും ശ്രേഷ്ഠതയും കണ്ട് വണങ്ങുന്നതാണ് ആരാധന (വെളി.1:12-17). ദൈവം ആരാണെന്നും ഞാനാരായിരുന്നു, ഇന്ന് ആരാണ്, ദൈവം എനിക്കു വേണ്ടിയെന്തു ചെയ്തു എന്നും ധ്യാനിച്ച് അവന്റെ വിശുദ്ധിയും തേജസ്സുമുള്ള സന്നിധിയിൽ അവന്റെ യോഗ്യതയെ വർണ്ണിച്ചു വണങ്ങുന്നതാണ് യഥാർത്ഥ ആരാധന (വെളി. 5:9-12).

## C. ആരാധനയെക്കുറിച്ചുള്ള ചില തെറ്റിദ്ധാരണകൾ

### 1. പ്രാർത്ഥനയും അപേക്ഷകളും ആരാധനയല്ല

പ്രാർത്ഥനയിൽ ദൈവത്തോടു ചോദിക്കുകയാണ്. ആരാധനയിൽ ദൈവത്തിനു നൽകുകയാണ്.

### 2. ക്രൂശീകരണം ധ്യാനിച്ചു ദുഃഖിക്കുന്നത് ആരാധനയല്ല

നമ്മുടെ പല ആരാധനകളും ഒരു ശവസംസ്കാര ചടങ്ങിൽ പങ്കെടുക്കുന്ന പ്രതീതി ഉളവാക്കാറുണ്ട്. ക്രിസ്തുവിന്റെ ക്രൂശീകരണരംഗത്തിന്റെ ഭീകരരംഗങ്ങളോർത്ത് ദുഃഖിച്ചു കരയുന്നതും ദുഃഖാചരണം നടത്തുന്നതും ആരാധനയല്ല. എന്നാൽ ക്രൂശീകരണ രംഗങ്ങളിലെ ദൈവമഹത്വം ധ്യാനിക്കുന്നത് ആരാധനയ്ക്കു പ്രേരകമേകുന്നതുമാണ്.

**3. പ്രസംഗം ആരാധനയല്ല**

ഇന്ന് നമ്മുടെ പല ആരാധനായോഗങ്ങളും പ്രസംഗപരമ്പരകൾ നടത്തുന്ന വേദികളാകാറുണ്ട്. രണ്ടോ മൂന്നോ പേർ മാത്രം സ്തോത്രം ചെയ്തതിനു ശേഷം ആറും ഏഴും പേർ തങ്ങളുടെ വാചാലതയുടേയും കഴിവിന്റേയും പ്രകടനവേദിയായി ആരാധനായോഗങ്ങളെ തീർക്കാറുണ്ട്. ഒരു യോഗത്തിൽ രണ്ടോ മൂന്നോ പേർ ലളിതമായ നിലയിൽ ഉചിതമായ ആരാധനാചിന്തകൾ പറഞ്ഞ് സഭയെ ആരാധനയ്ക്കായി പ്രേരിപ്പിക്കുകയാണ് വേണ്ടത്.

**4. കർത്തൃമേശ ആരാധനയല്ല**

കർത്തൃമേശ ആരാധനയ്ക്കായി നമ്മെ പ്രേരിപ്പിക്കുകയും അർത്ഥവത്തായി ദൈവത്തെ ആരാധിക്കുവാൻ നമ്മെ സഹായിക്കുകയും ചെയ്യുന്ന ഒരു അനുഷ്ഠാനമാണ്. എന്നാൽ കർത്തൃമേശയെ ആരാധിക്കുന്നവരായി നാം തീരരുത്. അതിൽ നിന്നു പങ്കെടുക്കുന്നതാണ് ആരാധനയെന്ന് തെറ്റിദ്ധരിക്കയുമരുത്. കർത്തൃമേശയിൽ പങ്കെടുക്കുന്നതിലൂടെ പ്രത്യേക അനുഗ്രഹം ലഭിക്കുമെന്നും, അപ്പവും വീഞ്ഞും മേശപ്പുറത്തു വെച്ചു കഴിഞ്ഞാൽ എന്തോ പവിത്രതയുള്ളതായി മാറുമെന്നും തെറ്റിദ്ധരിച്ചിരിക്കുന്നവരുണ്ട്. "അപ്പത്തെ വാഴ്ത്തി അനുഗ്രഹിച്ചു തരണം," "അദൃശ്യകരങ്ങളാൽ അനുഗ്രഹച്ചു നുറുക്കിത്തരണം" എന്നും പ്രാർത്ഥിച്ചില്ലെങ്കിൽ അപ്പത്തിനായി സ്തോത്രം ചെയ്യുന്നത് ശരിയായില്ലെന്നു വിശ്വസിക്കുന്ന അനേകരുണ്ട്.

എന്നാൽ ഇത് കർത്താവു സ്ഥാപിച്ചതാകയാലും അവന്റെ കല്പനയാകയാലും ആദിമസഭ ചെയ്തതുപോലെ ആഴ്ചവട്ടത്തിന്റെ ഒന്നാം നാൾതോറും കർത്താവിന്റെ വരവുവരേയും അവന്റെ സഭ അനുഷ്ഠിക്കേണ്ടതാണ് (1 കൊരി.11:23-31).

## D. ആരാധിക്കുന്നവരുടെ യോഗ്യതകൾ

**1. വീണ്ടെടുക്കപ്പെട്ടവർ അഥവാ ദൈവമക്കളായവർ ആയിരിക്കണം**

യേശുക്രിസ്തുവിനെ രക്ഷകനും കർത്താവുമായി അംഗീകരിച്ച് വീണ്ടും ജനിച്ചവരാണ് ദൈവമക്കൾ (യോഹ.1:12). അവരെ ദൈവം തന്റെ പുത്രന്റെ രക്തത്താൽ വീണ്ടെടുത്തത് അവനെ ആരാധിക്കുവാനായിട്ടാണ് (1 പത്രൊസ് 1:18-19). യിസ്രായേലിനെ ഫറവോന്റെ അടിമത്വത്തിൽ നിന്നും വീണ്ടെടുത്ത്, തന്നെ ആരാധിക്കുവാനായി വേർതിരിച്ച ഒരു സമൂഹമാക്കി ദൈവം അവരെ തീർത്തു. അതേപോലെ വിശ്വാസികളെ വീണ്ടെടുത്തത് ദൈവത്തെ ആരാധിക്കുവാ

നാണ് (സങ്കീ.103:1-3). വിശ്വാസികളെ വീണ്ടെടുത്ത് രാജകീയ പുരോഹിതന്മാരാക്കിയിരിക്കുകയാണ് (വെളി.1:6; 5:9,10; 1 കൊരി. 6:19,20; 7:23). വീണ്ടെടുക്കപ്പെട്ടവർക്കു മാത്രമേ വീണ്ടെടുപ്പുകാരനെ ആരാധിപ്പാൻ യോഗ്യതയുള്ളൂ. വീണ്ടെടുക്കപ്പെട്ടിട്ടില്ലാത്ത യാതൊരുത്തർക്കും ആരാധിപ്പാൻ കഴിയുകയില്ല. എത്രനല്ല പ്രാദേശിക സഭയിലെ അംഗത്വമുണ്ടായിരുന്നാലും വീണ്ടെടുപ്പിന്റെ അഥവാ രക്ഷയുടെ അനുഭവമില്ലാതെ സ്നാനപ്പെട്ടവരും ആരാധിപ്പാൻ യോഗ്യരല്ല.

**2. വേർപെട്ടവരായിരിക്കണം**

സത്യാരാധകർ വീണ്ടെടുക്കപ്പെട്ടവർ മാത്രമല്ല ആരാധനയ്ക്കായി വേർപെട്ടവരും ആയിരിക്കണം. രക്ഷിക്കപ്പെട്ടവർക്ക് വേർപെടാതെ ആയിരിക്കുന്ന സമൂഹത്തിൽ തുടർന്നു കൊണ്ട് ആരാധിക്കാം എന്നത് വചനാടിസ്ഥാനമല്ല. രക്ഷിക്കപ്പെട്ടെങ്കിലും ആരാധിക്കുവാനായി വേർപെടാത്തവരോടു കൂടി നാം ആരാധിച്ചാൽ, വേർപെടാതെ ആരാധിക്കാം എന്ന് ചിന്തിക്കുവാൻ നാം അവരെ പ്രേരിപ്പിക്കുകയാണ്. അവിശ്വാസികളുടെ സമൂഹത്തിൽ നിന്ന് നാം ആരാധിക്കുമ്പോൾ നമ്മോടു ചേർന്ന് അവരും ആരാധിക്കുവാനായി പ്രേരിപ്പിക്കുന്നത് വേദപുസ്തകാടിസ്ഥാനമല്ല.

യിസ്രായേലിനെ ആരാധിക്കുവാൻ വിടാതിരിപ്പാൻ ഫറവോൻ മെനഞ്ഞ നാലു തന്ത്രങ്ങൾ ഇന്നും വീണ്ടും ജനിച്ചവർ സമുദായങ്ങൾ വിടാതിരിപ്പാനായി സാത്താൻ പ്രയോഗിക്കുന്നു. ഫറവോന്റെ നാല് തന്ത്രങ്ങൾ ഇവയായിരുന്നു

a. മിസ്രയീം വിടാതെ അവിടെ വെച്ചു തന്നെ ആരാധിക്കുക (പുറ. 8:25).

b. മിസ്രയീം വിടാൻ നിർബ്ബന്ധമെങ്കിൽ അതിദൂരം പോകരുത് (പുറ. 8:28).

c. പുരുഷന്മാർ മാത്രം പോയി ആരാധിക്കുക. കുടുംബമായി പോകരുത് (പുറ. 10:11).

d. ആടുമാടുകൾ മിസ്രയീമിൽ തന്നെയിരിക്കട്ടെ (പുറ. 10:24).

ഈ തന്ത്രങ്ങളെയെല്ലാം മോശെ തള്ളിക്കളഞ്ഞു (പുറ.5:3; 8:27; 10:9,26) ഒരുനാളും മിസ്രയീമ്യരെ കാണാത്തവിധം അവരിൽ നിന്നും വേർപെട്ടു (പുറ.14:13). അവിശ്വാസികളുടെ ഇടയിലല്ല നാം ആരാധിക്കേണ്ടത്, വിശ്വാസികളുടെ ഇടയിലാണ്. അപ്പൊ. പ്രവ. 2:41,42-ന്റെ അടിസ്ഥാനത്തിൽ രക്ഷിക്കപ്പെട്ടവർ സ്നാനപ്പെട്ടു വേർപെട്ടു ഉപദേശം പഠിച്ച് ആ അനുഭവമുള്ളവരുമായി കൂട്ടായ്മ ആചരിച്ച് വേണം അപ്പം നുറുക്കാൻ. 2 കൊരി. 6:14-16-ന്റെ അടിസ്ഥാനത്തിൽ അവിശ്വാസികളു

മായി ദൈവത്തെ ആരാധിക്കുകയും സേവിക്കുകയും ചെയ്യുന്നതിൽ നമുക്ക് യാതൊരു കൂട്ടായ്മയും ഉണ്ടാകുവാൻ പാടുള്ളതല്ല. വീണ്ടെടുക്കപ്പെട്ട് വേർപെട്ടവർ ഒന്നിച്ചാണ് ദൈവത്തെ ആരാധിക്കേണ്ടത്. രക്ഷിക്കപ്പെട്ടവർ സ്നാനപ്പെടുമ്പോൾ ആ സ്നാനം തന്നെ വേർപാടിനെ കാണിക്കുന്നു. സ്നാനപ്പെടുത്തുന്നതു തന്നെ അവിശ്വാസികളുടെ ഇടയിൽ നിന്ന് വേർപെട്ട് രക്ഷിക്കപ്പെട്ടവരോട് ചേർന്ന് ആരാധിക്കുന്നതിന്റെ ഭാഗമാണ്. അവർ "ദൈവജനം" എന്ന പേരിന് അർഹതയുള്ളവരാകും. ദൈവജനത്തിന്റെ മദ്ധ്യത്തിലാണ് ദൈവാത്മാവിന്റെ സ്വൈരവിഹാരം നടക്കുന്നത്.

**3. സത്യാരാധന ചെയ്യുവാനുള്ള ദൈവിക വ്യവസ്ഥകൾ പാലിക്കുന്നവരായിരിക്കണം**

a. സത്യാരാധകർ ദൈവത്തിന്റെ ആത്മാവുള്ളവരായിരിക്കണം (ഫിലി. 3:3).

b. ദൈവമഹത്വം ഗ്രഹിച്ച് ആരാധിക്കുന്നവരായിരിക്കണം (1 ദിന.16:29; യോഹ.4:22; വെളി. 5:9,12,13).

c. ആത്മാവിലും സത്യത്തിലും ആരാധിക്കുന്നവരാകണം (യോഹ. 4:24).

d. സ്തുതിക്കു യോഗ്യനായ ദൈവത്തെ മാത്രമേ ആരാധിക്കാവൂ (2 ശമൂ. 22:4; സങ്കീ. 29:2; 65:1,2; വെളി. 4:11; 5:8-12;14:7).

e. വിശ്വാസത്തോടെ ആയിരിക്കണം (എബ്രാ.11:4).

f. ആരാധകൻ തന്റെ ശരീരത്തെ ജീവനും വിശുദ്ധിയും ദൈവത്തിനു പ്രസാദവുമുള്ള യാഗമായി സമർപ്പിക്കണം (റോമർ 12:1).

g. ഇടവിടാതെ സ്തോത്രയാഗം അർപ്പിക്കണം (എബ്രാ.13:15).

h. ദൈവഭയം ഉള്ളവരായിരിക്കണം (സങ്കീ. 2:11).

i. വിഗ്രഹം ഉണ്ടാക്കിയുള്ള ആരാധനയാകരുത് (പുറ. 20:4,5; ആവ. 5:8,9).

j. അന്യദൈവങ്ങളെ സേവിക്കുന്നവരിൽ നിന്നും വേർപെട്ടായിരിക്കണം ആരാധിക്കുന്നത് (പുറ. 5:1; 2 കൊരി.6:14-17).

## E. ആരാധനായോഗ്യമായ സ്ഥലം

ആരാധനാ സ്ഥലങ്ങൾക്കുവേണ്ടിയുള്ള യുദ്ധങ്ങളും വഴക്കുകളും കേസുകളും വർദ്ധിച്ചിരിക്കുന്ന ഒരു കാലമാണിത്. എന്നാൽ കർത്താവിന്റെ സഭ ആരാധിക്കുവാനായി കൂടിവന്നത് പഴയനിയമത്തിലെപ്പോലെ നിയമപ്രകാരം പണിത ഒരു ആലയത്തിൽ ആയിരുന്നില്ല. യേശുക്രിസ്തു ശമര്യക്കാരി സ്ത്രീയോട് പറഞ്ഞവാക്കുകൾ ചിന്തനീയമാണ്. "*ഈ മലയിലും അല്ല യെരുശലേമിലും അല്ല*" (യോഹ. 4:21).

ശമര്യാക്കാർ ആരാധിച്ച ഗെരിസീം മലയിലും യെഹൂദന്മാർ ആരാധിച്ച യെരുശലേമിലും അല്ല എന്നു പറയുന്നതിനാൽ സത്യനമസ്കാരികൾ സത്യദൈവത്തെ ആരാധിക്കുന്നതിൽ സ്ഥലത്തിനു പ്രത്യേകതയില്ല എന്നു വ്യക്തമാണ്. ആത്മാവിലും സത്യത്തിലും ഉള്ള ആരാധനയായിരിക്കണം എന്നതാണ് കർത്താവു ഇവിടെ പറയുന്നത് (യോഹ. 4:23,24). ആരാധനാ സ്ഥലത്തിന്റെ പ്രാധാന്യം ചിന്തിച്ച് ആരാധനയുടെ പ്രാധാന്യം നാം മറന്നു പോകരുത്. സഭയുടെ ആരാധനയിൽ ഓരോ പ്രാദേശിക സ്ഥലം സഭയും തീരുമാനിച്ചുറപ്പിക്കുന്നിടത്ത് അവർക്കു ആരാധിക്കാവുന്നതാണ്.

വടക്കേഇന്ത്യയിലെ ചില സ്ഥലങ്ങളിലും മറ്റും പശുവിനെ കെട്ടുന്ന തൊഴുത്തുകളും മറ്റും വൃത്തിയാക്കി ആരാധനയ്ക്കായി നമ്മുടെ സഹോദരങ്ങൾ ഉപയോഗിച്ചിട്ടുണ്ട്. കഴിഞ്ഞ നാളുകളിൽ പള്ളിക്കൂടങ്ങളും, ഭവനങ്ങളും, ഓഡിറ്റോറിയങ്ങളും, മൈതാനങ്ങളും, വൃക്ഷത്തിന്റെ തണലും ഒക്കെ ആരാധനയ്ക്കായി സംഗമിക്കുവാൻ ദൈവമക്കൾ തിരഞ്ഞെടുത്തിട്ടുണ്ട്. രണ്ടോ അതിലധികമോ പേർ യേശുക്രിസ്തുവിന്റെ നാമത്തിൽ എവിടെ കൂടിയാലും അവരുടെ നടുവിൽ ഉള്ളവനാണ് നമ്മുടെ കർത്താവ് (മത്തായി18:20). ഇവിടെ ഒരു കാര്യം വ്യക്തമാണ്. കർത്താവിന്റെ നാമത്തിൽ വിശ്വസിക്കുന്ന രണ്ടു പേരുടെ ഇടയിൽ ഞാൻ ഉണ്ട് എന്നു പറഞ്ഞ കർത്താവ് അവന്റെ നാമത്തിൽ വിശ്വസിക്കാത്ത രക്ഷപ്രാപിക്കാത്തവർ 2 ലക്ഷം പേർ ഒന്നിച്ചുകൂടിയാലും അവരുടെ ആരാധന സ്വീകരിപ്പാൻ കടന്നു വരികയില്ല. അവനെ ആരാധിക്കുന്നവർ വിശുദ്ധരായിരിക്കണം (1 പത്രൊസ് 1:15,16). അപ്പൊസ്തലന്മാർ മാളികമുറിയിലും (അപ്പൊ. 20:8) വീട്ടിലും (റോമർ 16:5; ഫിലേ. 2) അവർക്ക് സൗകര്യമായി ലഭിച്ചിടത്തൊക്കെയും സഭയായി കൂടിവന്ന് ദൈവത്തെ ആരാധിച്ചു. അതിനാൽ സഭ മുൻകൂട്ടി തീരുമാനിക്കുന്ന ഏതു സ്ഥലത്തും വിശ്വാസികൾ ആരാധിക്കുന്നത് ദൈവം സ്വീകരിക്കും. ആരാധനയ്ക്ക് ഒരു നിർദ്ദിഷ്ട സ്ഥലം പുതിയനിയമത്തിൽ പറഞ്ഞിട്ടില്ല. ആരാധനയ്ക്കായി കൂടിവരുന്നത് ദൈവമക്കൾ ആയിരിക്കണമെന്നു മാത്രം.

## F. ആരാധിക്കേണ്ട വിധം

ആരാധന ആത്മാവിലും സത്യത്തിലും ആയിരിക്കണം (യോഹ. 4:24). പരിശുദ്ധാത്മാവിന്റെ സഹായത്താൽ നമ്മുടെ ആത്മാവിൽ ആണ് നാം ആരാധിക്കേണ്ടത് (റോമർ 1:10). ആത്മാവിന്റെ നിയന്ത്രണത്തിലായിരിക്കണം ഇത് (എഫെ. 5:18-20). സത്യസന്ധതയില്ലാതെയുള്ള ആരാധന ദൈവം സ്വീകരിക്കില്ല.

നമ്മുടെ ഹൃദയം ദൈവസന്നിധിയിൽ നേരുള്ളതായിരിക്കണം (അപ്പൊ. 8:21). നാം ഭയ ഭക്തിയോടെ ദൈവത്തെ ആരാധിക്കണം. ആരാധനാചിന്തകളാൽ നമ്മുടെ ഹൃദയം നിറഞ്ഞാൽ

"സാഷ്ടാംഗം വീണു പാദത്തിൽ
വണങ്ങിടുന്നു ഭക്തിയിൽ
നിനക്കും നിൻ പിതാവിന്നും
മഹത്വം ദൈവാത്മാവിന്നും" എന്ന് അന്തരംഗത്തിൽ നിന്നും പാടി നാം ആരാധിക്കും. അപ്പോൾ നാം സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെടുന്ന അനുഭവമായും അതു തീരും. താഴെ ഇരുന്നോ, മുട്ടിന്മേൽ നിന്നോ, കസേരയിലിരുന്നോ, ആരാധിച്ചാലും ഭയഭക്തി നമ്മുടെ ഹൃദയത്തിലുളവാകേണ്ടതാണ്.

## G. സത്യാരാധന വിവിധ നിലകളിൽ

വേർപെട്ട ദൈവജനമായ ബ്രദ്റൺ സഭയിലെ സഹോദരന്മാരുടെ ഇടയിൽ ആരാധനയെന്ന വിഷയത്തിൽ ചില തർക്കങ്ങളും വാദങ്ങളും നടക്കുന്നത് ഏവർക്കും അറിയാവുന്ന വസ്തുതയാണ്. ഈ വിഷയത്തിന്റെ പേരിൽ ഇന്നുണ്ടായിരിക്കുന്ന വാദങ്ങൾ, ദൈവവചനം അതിന്റെ മുഖവിലയ്ക്കെടുക്കുന്ന അതിന്റെ സത്യങ്ങൾ അതേപോലെ അനുഗമിക്കുവാനിച്ഛിക്കുന്ന നമ്മുടെ സമൂഹം പ്രാധാന്യത്തോടെ കണ്ട്, ദൈവത്തെ ആരാധിക്കുന്നതിന്റെ പ്രാധാന്യം വിട്ടുകളയാതിരിക്കണം. ആരാധനയുടെ വിഷയത്തിൽ സഹോദരൻ (കയീൻ) സഹോദരനെ (ഹാബേൽ) ദ്വേഷിച്ചു കൊല്ലുകയും പാപം ചെയ്തതിനാൽ ന്യായവിധിക്കു പാത്രനാവുകയും ചെയ്തത് ഓർത്തുകൊണ്ട്, "*നിന്റെ മുഖം വാടുന്നതും എന്ത്? നീ നന്മ ചെയ്യുന്നു എങ്കിൽ പ്രസാദമുണ്ടാകയില്ലയോ? നീ നന്മ ചെയ്യുന്നില്ലെങ്കിലോ പാപം വാതില്ക്കൽ കിടക്കുന്നു; അതിന്റെ ആഗ്രഹം നിങ്കലേക്കു ആകുന്നു; നീയോ അതിനെ കീഴടക്കേണം*" (ഉല്പത്തി 4:7) എന്ന കല്പനയോർത്ത് സാത്താന്റെ തന്ത്രങ്ങളെ ജയിക്കാം. ദൈവജനത്തെ ഭിന്നിപ്പിക്കുന്നതും വിപരീതോപദേശങ്ങൾ കൊണ്ടുവരുന്നതും നമ്മുടെ ശ്രദ്ധ പ്രാധാന്യമുള്ള കാര്യങ്ങളിൽ നിന്നു തിരിച്ചു വിടുന്നതും പിശാചിന്റെ തന്ത്രങ്ങളാണ്.

എപ്പോഴും ഭക്തിയുള്ളവരായി ആത്മാവിൽ സ്തോത്രം ചെയ്ത് ആരാധനാ മനോഭാവത്തോടെ നമ്മുടെ രക്ഷകനും കർത്താവുമായ യേശുക്രിസ്തുവിന്റെ വരവിനായി ഒരുങ്ങി, നിത്യതയിലെ ആരാധനയ്ക്കായി തയ്യാറാകാം. ഈ നാളുകളിൽ നമ്മുടെ ഇടയിലിറങ്ങുന്ന ചില മാസികകളിൽ "ശവാരാധന" "വിവാഹാരാധന" എന്നീ തലക്കെട്ടുകളിൽ പല ആശയങ്ങൾ വായിക്കുവാനിടയായി. അതിന്റെ

വാദവും പ്രതിവാദവും ശ്രദ്ധിച്ചാൽ ഒരു കാര്യം വ്യക്തമാണ്. ചില തെറ്റിദ്ധാരണകളിൽ നിന്നും ഉടലെടുത്ത ഒരു വിഷയമാണിത്. ‘‘ഉള്ളി പൊളിച്ചതു’’പോലെ മാത്രമേ ഇതിന്റെ അവസാനം വരുന്നുള്ളൂ. നാം എല്ലാവരും ഒരുപോലെ സമ്മതിക്കുന്നതാണ്, രക്ഷിക്കപ്പെട്ട് വേർപെട്ട ദൈവമക്കളാണ് കർത്താവിനെ ആരാധിക്കേണ്ടത് എന്ന്. ഇതിൽ ഒരു കൂട്ടർ വ്യക്തിപരമായ ആരാധനയ്ക്കു കൂടുതൽ പ്രാധാന്യം നൽകുന്നു; മറ്റേ കൂട്ടർ സഭയായുള്ള ആരാധനയ്ക്കു കൂടുതൽ പ്രാധാന്യം നൽകുന്നു. പരസ്പര ദൈവസ്നേഹത്തോടെ ഇതിനെ അവലോകനം ചെയ്ത് പരസ്പര ബഹുമാനത്തോടെ ഇതിന്റെ നിജസ്ഥിതി അംഗീകരിച്ച് വചനാടിസ്ഥാനത്തിൽ ദൈവത്തെ ആരാധിക്കുകയാണാവശ്യം. ഈ ബന്ധത്തിൽ സത്യാരാധനയുടെ വിവിധ നിലകൾ നമുക്കു പരിശോധിക്കാം. ദൈവമക്കളുടെ ജീവിതത്തിൽ ഏതെല്ലാം മേഖലകളിൽ അവർ ആരാധിക്കുന്നു എന്നത് ഒന്നു വിചിന്തനം ചെയ്യാം.

**1. വ്യക്തിപരമായ ആരാധന**

ഒരു വിശ്വാസി തനിയെ ആയിരിക്കുമ്പോൾ താൻ കർത്താവിന്റെ മഹത്വത്തേയും കൃപയേയും ദാനങ്ങളെയും ഓർത്ത് ദൈവത്തിന് നന്ദി അർപ്പിക്കുകയും, ദൈവത്തെ സ്തുതിക്കുകയും ആരാധിക്കുകയും ചെയ്യുന്നതാണ് വ്യക്തിപരമായ ആരാധന. ഇത് ആത്മികമായി സമ്പന്നമാകുവാനും അത്ഭുതകരവും മധുരതരവുമായ അനുഭവത്തോടെ ആത്മികസന്തോഷത്താൽ മുഖം ശോഭിക്കുവാനും ഇടയാക്കുന്നു. ദൈവത്തിനു പുകഴ്ച നൽകാൻ എപ്പോഴും ആഗ്രഹിക്കുന്ന, സ്തുതിസ്തോത്രങ്ങൾ നിറഞ്ഞ ഒരു ഹൃദയമുള്ള ദൈവപൈതലിന്റെ അവസ്ഥയാണിത് (സങ്കീ. 30:12; 34:1; 40:1-3;118:19). ഒരു വ്യക്തിക്ക് എപ്പോഴും ചെയ്യാവുന്ന ഒന്നാണിത്. വ്യക്തിപരമായ ആരാധനക്ക് സ്ഥലകാലഭേദങ്ങൾ ബാധകമല്ല (എഫെ. 5:3,4,18-20;1 തെസ്സ. 5:16-18).

**2. കുടുംബമായുള്ള ആരാധന**

ഒരു കുടുംബത്തിൽ ഒന്നിലധികം ആളുകൾ വിശ്വാസികളായുണ്ടെങ്കിൽ അവിടെ കുടുംബാരാധനയ്ക്കും പ്രാർത്ഥനയ്ക്കും വളരെ പ്രാധാന്യമുണ്ട്. പ്രാർത്ഥനായോഗങ്ങളിലും നാം ദൈവത്തെ ആരാധിക്കാറുണ്ട് അത് ആരാധനായോഗം എന്ന് അറിയപ്പെടുന്നില്ല. മാതാവും പിതാവും മക്കളും ചേർന്ന് ദൈവത്തെ പാടിസ്തുതിക്കുകയും ആരാധിക്കുകയും ചെയ്യുവാനാണ് ദേശത്തിന്റെ വിവിധ സ്ഥലങ്ങളിൽ വിശ്വാസികളുടെ കുടുംബങ്ങളെ ദൈവം ആക്കി വെച്ചിരിക്കുന്നത്. വ്യക്തിപരമായ ആരാധന എപ്പോൾ വേണമെങ്കിലും ചെയ്യാം. എന്നാൽ കുടുംബമായുള്ള ആരാധന സമയവും സാവകാശവും അനു

സരിച്ച് ചെയ്യേണ്ടതാണ്. കുടുംബങ്ങളിൽ നാം ദൈവത്തിന്റെ മഹത്വം ദർശിച്ചാരാധിക്കുമ്പോൾ സഭയായി കൂടി വരുമ്പോൾ ആരാധിക്കുവാൻ കൂടുതൽ ഉത്സാഹമുണ്ടാകും. ദൈവത്തെ ആരാധിക്കുവാനും വചനം പഠിക്കുവാനും പ്രാർത്ഥിക്കുവാനും കൂട്ടായ്മ ആചരിക്കുവാനും പരസ്പരം പ്രബോധിപ്പിക്കുവാനും ദൈവം ആക്കി വെച്ചിരിക്കുന്ന ഏറ്റവും ചെറിയ ഘടകമാണ് ഭക്തിയുള്ള കുടുംബങ്ങൾ (എഫെ. 5:19,20).

**3. സഭയായുള്ള ആരാധന**

സഭായോഗങ്ങളിലെല്ലാം ആരാധനയുണ്ടെങ്കിലും കർത്താവു കല്പിച്ചു നൽകിയ അനുഷ്ഠാനം ആചരിച്ച് ആരാധിക്കുന്ന യോഗമാണ് ആഴ്ചവട്ടത്തിന്റെ ഒന്നാം നാളായ കർത്തൃദിവസത്തെ ആരാധനായോഗം. ഓരോ പ്രാദേശിക സഭയിലേയും വിശ്വാസികൾ മുമ്പ് തീരുമാനിച്ചുറപ്പിച്ചതുപോലെ സൗകര്യാർത്ഥം സഭയായി കൂടിവന്ന് കർത്തൃമേശ ആചരിച്ച് വചനം കേട്ട് കൂട്ടായ്മ അനുഭവിക്കുന്ന യോഗമാണിത്. രക്ഷിക്കപ്പെട്ട് വേർപെട്ടവരുടെ കൂട്ടായ്മയാണിത്. അവിടെയാണ് കർത്തൃമേശാചരണം വേണ്ടത്. അയോഗ്യതയുള്ളവരും അവിശ്വാസികളും അതിൽ നിന്നു പങ്കെടുക്കുവാൻ പാടുള്ളതല്ല (1 കൊരി.11:23-31). യേശുക്രിസ്തുവിന്റെ ഓർമ്മയെ പ്രസിദ്ധമാക്കുന്ന, മരണ, പുനരുത്ഥാനങ്ങളെ പ്രസ്താവിക്കുന്നതാണിത് (ലൂക്കൊസ് 22:19 -22;1 കൊരി.11:23-29; അപ്പൊ. 2:41-42).

പുതിയനിയമസഭ കർത്താവിനെ ആരാധിപ്പാൻ ഒരുമിച്ചുകൂടി (അപ്പൊ.13:2). സഭയാണ് ആരാധിക്കുവാനായി കൂടിവരേണ്ടത്. അല്ലാതെ അവിശ്വാസികളുടെ കൂട്ടത്തിൽ സഭ വരികയല്ല ചെയ്യേണ്ടത്. വേർപെട്ടവരുടെ കൂട്ടമാണല്ലോ സഭ. എല്ലാ തരത്തിലുമുള്ളവരുമായി ചേർന്ന് ആരാധിക്കുന്നത് കരിസ്മാറ്റിക്കുകാരും, സാത്താൻ സഭക്കാരും മറ്റുമാണ്. വിശ്വാസികൾ ആയിരിക്കുന്ന സഭായോഗങ്ങളിൽ *അവിശ്വാസിയോ ആത്മവരമില്ലാത്തവനോ അകത്തുവന്നാൽ* എന്നു പറഞ്ഞിരിക്കുന്ന വേദഭാഗത്ത് (1 കൊരി.14:24,25) വലിയ ഒരു കൂട്ടം അവിശ്വാസികളുടെ സംഘം ചേർന്നിരിക്കുന്നത് എന്ന അർത്ഥമല്ല ഉള്ളത്. കൊരിന്തു സഭയിലേക്ക് വരുന്ന അവിശ്വാസികളെക്കുറിച്ചാണ് ഇവിടെ പറയുന്നത്. ഈ വാക്യത്തിന്റെ അടിസ്ഥാനത്തിൽ ശവസംസ്കാരവേളകളും വിവാഹവേളകളും ആരാധനാ യോഗങ്ങളാക്കി മാറ്റുന്നത് അനുചിതമാണ്. നമ്മുടെ ഏതൊരു യോഗത്തിലും പ്രാർത്ഥന ആരംഭിക്കുന്നതും പാട്ടുകൾ ആരംഭിക്കുന്നതും ആരാധനയുടെ വാക്കുകൾ ഉൾക്കൊള്ളിച്ചുകൊണ്ടു തന്നെയാണ്. അവിടെ വ്യക്തിപ

രമായി നമ്മുടെ ആരാധനയുടെ വാക്കുകൾ ദൈവത്തിനർപ്പിക്കുക മാത്രമാണ് നാം ചെയ്യുന്നത്. അതിന് അനാവശ്യ പ്രാധാന്യം നൽകി ആരാധനയോഗം എന്ന ചിന്ത വരുത്തുന്നതു മാത്രമാണ് ഏവരും വിമർശിക്കുന്നതും തെറ്റിദ്ധാരണകൾ ഉളവാക്കുന്നതുമായിത്തീർന്നിരിക്കുന്നത്. അവിശ്വാസിയോ ആത്മവരമില്ലാത്തവനോ അകത്തുവന്നാൽ (1 കൊരി.14:24,25) എന്നുള്ളതുകൊണ്ട് അവർ എല്ലാ സഭായോഗങ്ങളിലും വരണം എന്ന നിർബന്ധം പിടിക്കുന്നതും അവരുടെ സമൂഹത്തിലേക്കു ചെന്ന് ആരാധന നടത്തണം എന്നു വാശിപിടിക്കുന്നതും ഒരു തരം പരീശഭക്തി മാത്രമാണ്.

സഭയായുള്ള ആരാധനയ്ക്കു ദൈവവചനം വളരെ പ്രാധാന്യം നൽകുന്നു. എന്നാൽ കൂടുന്നിടത്തെല്ലാം തോന്നിയ പോലെ ദൈവം ആക്കിവെച്ച സഭയുടെ അടിസ്ഥാനങ്ങളും ക്രമീകരണങ്ങളും മറന്ന് ഇഷ്ടം പോലെ ആരാധിക്കുമ്പോൾ ആരാധനക്കു അമിതപ്രാധാന്യം നൽകാനുള്ള അമിതാവേശത്തിൽ ആരാധനയുടെ മഹാത്മ്യം നഷ്ടപ്പെടുത്തുകയാണ് നാം ചെയ്യുന്നത്.

ഇതിന് ഒരു നല്ല ഉദാഹരണമാണ് ശ്രീ. എം.എ. തോമസ് ചെയ്തത്. അപ്പൊസ്തലന്മാർ കൂടുമ്പോഴൊക്കെയും കർത്തൃമേശ ആചരിച്ചു എന്ന് അദ്ദേഹം തന്റെ പഠനത്തിൽ നിന്നും മനസ്സിലാക്കി എല്ലാ ദിവസവും തന്റെ ബൈബിൾ കോളേജിൽ രാവിലെ ആറ് മണിക്കു കർത്തൃമേശാചരണം ആരംഭിച്ചു. “എല്ലാ ദിവസവും കിടക്കയിൽ നിന്നും നേരിട്ടെഴുന്നേറ്റു ചെന്ന് പല്ലുപോലും തേക്കാതെ അപ്പം തിന്നുകയും പാനപാത്രം കുടിക്കുകയും ചെയ്ത് അതിന്റെ പ്രാധാന്യം നഷ്ടപ്പെട്ടുപോയി” എന്ന് ലേഖകനോട് പറഞ്ഞ എം.എ. തോമസിന്റെ ബൈബിൾ കോളേജിലെ വേദവിദ്യാർത്ഥികളെ ഓർത്തുപോകുകയാണ്. ഈ ഗതി നമുക്കു വരാതിരിക്കട്ടെ. നമ്മുടെ വല്ലഭനായ ദൈവത്തിന്റെ മഹാവിശുദ്ധിയും മഹത്വവും ഉൾക്കൊണ്ട് അവന്റെ നാമത്തിന്നുതക്ക മഹത്വം കൊടുത്ത് നമുക്കവനെ ആരാധിക്കാം.

വിവിധ ജാതിമതങ്ങളിൽ നിന്നും നാമധേയക്രൈസ്തവ വിഭാഗങ്ങളിൽ നിന്നും നാമൊക്കെ വേർപ്പെട്ടത് അവരോടു ചേർന്ന് നമ്മുടെ ദൈവത്തെ ആരാധിക്കാൻ കഴിയില്ല എന്ന ബോധം കൊണ്ടല്ലേ. എല്ലാവരോടും ചേർന്ന് നമുക്കാരാധിക്കാം എന്നു കാണിക്കുന്നതിലൂടെ വേർപാടിന്റെ ആവശ്യകതയില്ലയെന്ന് നാം അവരെ ധരിപ്പിക്കുകയാണ്. വിശ്വാസികൾ ജീവനുള്ള ദൈവത്തെ ആരാധിക്കുവാനായി അവിശ്വാസികളിൽ നിന്നും വേർപെട്ടേ മതിയാകൂ (യെശ. 52:11; ലേവ്യ. 20:26; സംഖ്യാ. 23:9; ആവ. 7:6; യോഹ.17:16; 2 കൊരി. 6:16; വെളി.18:4;

അപ്പൊ.15:14; എഫെ. 5:8). അല്ലെങ്കിൽ വേർപാടുകാർക്ക് എന്താണ് പ്രാധാന്യം? അവിശ്വാസികൾ ആരാധന കണ്ട് വിശ്വാസികളായിത്തീരണം എന്ന് വചനത്തിൽ എങ്ങും പറയുന്നില്ല. പിന്നെയോ അവർ വചനം കേട്ട് അതിനാൽ ആകർഷിക്കപ്പെട്ട് യേശുവിനെ രക്ഷകനും കർത്താവുമായി സ്വീകരിച്ച് സ്നാനപ്പെട്ട് വേർപെട്ടാണ് ആരാധിക്കേണ്ടത്. ഇതാണ് ദൈവിക വ്യവസ്ഥ. വ്യവസ്ഥ തെറ്റിച്ച് രക്ഷിക്കപ്പെട്ടവർ ആരാധിച്ചാലും ദൈവം ആ ആരാധന സ്വീകരിക്കുകയില്ല. വ്യക്തിപരമായ ആരാധനയും സഭയായുള്ള ആരാധനയും തമ്മിലുള്ള വ്യത്യാസം ഉൾക്കൊണ്ട് സഭയായുള്ള ആരാധന അതിന്റെ ക്രമപ്രകാരം ചെയ്യുവാൻ ദൈവം നമ്മെ സഹായിക്കട്ടെ.

**4. ഭൗതിക നന്മകൾ നൽകിയുള്ള ആരാധന**

ദൈവം നമുക്കു നൽകിയിരിക്കുന്ന ഭൗതിക നന്മകൾ സുവിശേഷത്തിന്റെ അഭിവൃദ്ധിക്കും ദൈവജനത്തിന്റെ അനുഗ്രഹത്തിനുമായി ചെലവിടുന്നത് ദൈവത്തിനു പ്രസാദകരമായ യാഗമാണ് (എബ്രാ.13:16; റോമർ 12:13; ഗലാ. 6:10; 1 യോഹ. 3:17,18; 1 കൊരി.16:2; 2 കൊരി. 8:5). ദാവീദ് തനിക്കുള്ളത് ചെലവിട്ടു ദൈവത്തെ ആരാധിച്ചു (2 ശമൂ. 24:24). ആത്മികമായതു നൽകുമ്പോൾ ആരാധനയാൽ സ്വർഗ്ഗം സമ്പന്നമാകുന്നു; ഭൗതികമായതു നൽകുമ്പോൾ ഭൂമിയിൽ ആരാധകർ വർദ്ധിക്കുവാൻ അത് മുഖാന്തിരമാകുകയും അതിനാൽ അനേക സ്തുതിസ്തോത്രങ്ങൾ ദൈവം പ്രസാദിക്കുന്ന സുഗ്രാഹ്യമായ യാഗമായി സ്വർഗ്ഗത്തിലേക്ക് ഉയരുകയും ചെയ്യുന്നു (ഫിലി. 4:18).

**5. സുവിശേഷ സത്യങ്ങൾക്കായുള്ള പോരാട്ടവും അതിനായുള്ള പ്രാണത്യാഗവും**

ഇതും ദൈവത്തിനു പ്രസാദകരമായ ഒരു യാഗമാണ് (ഫിലി. 2:17; 1 യോഹ. 3:17; അപ്പൊ. 15:25; 20:24; 21:12; റോമർ 16:3,4; ഫിലി. 2:30). പൗലൊസ്, ബർന്നബാസ്, അക്വിലാസ്, പ്രിസ്കില്ല, എപ്പഫ്രൊദിത്തോസ് തുടങ്ങിയവരെല്ലാം സുവിശേഷത്തിനു വേണ്ടി പ്രാണനും നൽകുവാൻ തയ്യാറായിരുന്നു.

**6. സുവിശേഷഘോഷണവും അതിലൂടെ നേടിയ ആത്മാക്കളെ ദൈവസന്നിധിയിൽ കാഴ്ചവെയ്ക്കുന്നതും**

ഇതും ദൈവം പ്രസാദിക്കുന്ന ഒരു ആത്മികയാഗമാണ് (റോമർ 15:15; 1 കൊരി.15:57,58; സദൃ.11:30; ദാനീ. 12:3). നമ്മുടെ കഠിനപ്രയത്നത്തിലൂടെയും അവനുവേണ്ടിയുള്ള അദ്ധ്വാനത്തിലൂടെയും അവൻ നൽകുന്ന ആത്മാക്കളെ നാം കാഴ്ചയർപ്പിക്കുമ്പോഴും ദൈവം മഹത്വപ്പെടുന്നു.

## ഉപസംഹാരം

നമ്മുടെ അകത്തും പുറത്തും ആരാധന നിറയട്ടെ. നാം ആത്മാവിൽ ആരാധിക്കുന്ന ദൈവം നമ്മുടെ ആരാധനയിൽ പ്രസാദിക്കട്ടെ. സത്യത്തിലും ആത്മാവിലും ദൈവവചനക്രമപ്രകാരമുള്ള ആരാധന ദൈവത്തിനു മഹത്വവും വിശ്വാസികൾക്കു സന്തോഷവും ഉളവാക്കട്ടെ. ദൈവത്തിന്റെ ''ജീവനുള്ള ആരാധനാലയങ്ങളായ'' നാം എല്ലായ്പ്പോഴും അവനെ ആരാധിച്ചുകൊണ്ട് അന്ധകാരം നിറഞ്ഞ ലോകത്തിന് അവൻ നൽകിയ പ്രകാശം കാണിച്ചുകൊടുക്കുവാൻ ദൈവം നമ്മെ സഹായിക്കട്ടെ. ഇന്നത്തെ സത്യാരാധന നിത്യാരാധനയിലേക്കു നമ്മെ നയിക്കട്ടെ. നാം സത്യത്തിലും ആത്മാവിലും ഭയ ഭക്തിയിലും ജീവനുള്ള ദൈവത്തെ അവന്റെ നാമത്തിനു തക്ക മഹത്വം കൊടുത്തു ആരാധിക്കുന്ന, അനേകരെ ആരാധകരാക്കുന്ന ഒരു സമൂഹമായി തുടരുവാൻ സർവ്വകൃപാലുവായ കർത്താവ് കൃപ നൽകട്ടെ.

# ആരാധനയ്ക്കുള്ള തടസ്സങ്ങൾ

**Dr. K.C. Johnson**

## ആമുഖം

ദൈവത്തോടും ദൈവവചനത്തോടും ശരിയായ കൂട്ടായ്മ പുലർത്തുന്ന ഒരു വിശ്വാസിക്കു മാത്രമേ ദൈവം ആഗ്രഹിക്കുന്ന നിലയിൽ ദൈവത്തെ ആരാധിക്കുവാൻ കഴികയുള്ളൂ. ഒരു വിശ്വാസി പരിശുദ്ധാത്മാവിനാൽ നിയന്ത്രിക്കപ്പെട്ട് ദൈവവചനത്തിന്റെ അടിസ്ഥാനത്തിൽ കർത്താവായ യേശുക്രിസ്തു മുഖാന്തരം പിതാവായ ദൈവത്തെ ആരാധിക്കുക എന്നതാണ് ദൈവത്തിനു പ്രസാദകരമായ ആരാധന. എന്നാൽ അനേക വിശ്വാസികൾക്കും ഈ നിലയിൽ ദൈവത്തെ ആരാധിക്കുവാൻ ഇന്ന് കഴിയുന്നില്ല. അങ്ങനെയുള്ള വിശ്വാസികളുടെ ജീവിതത്തിലെ ആരാധനയ്ക്കുള്ള ചില തടസ്സങ്ങൾ വിചിന്തനം ചെയ്യുകയാണ് ഈ ലേഖനത്തിന്റെ ഉദ്ദേശ്യം.

## A. ദൈവവചനത്തോടുള്ള അനുസരണക്കേട്

ദൈവവചനം അനുസരിക്കാതെയുള്ള ജീവിതം ആരാധനയ്ക്ക് ഒരു തടസ്സമാണ്. ജീവനുള്ള സത്യദൈവത്തെയാണ് ആരാധിക്കുന്നതെങ്കിൽപ്പോലും തെറ്റായ നിലയിലാണ് ചെയ്യുന്നതെങ്കിൽ അത് ദൈവം സ്വീകരിക്കുകയില്ല. ദൈവത്തിനത് പ്രസാദകരമല്ല. ദൈവം കൊടുത്ത നിയമങ്ങൾക്കും പ്രമാണങ്ങൾക്കും വിരുദ്ധമായാണ് നാം ആരാധിക്കുന്നതെങ്കിൽ ആ ആരാധന ദൈവം സ്വീകരിക്കുകയില്ല (ലേവ്യാ. 10:1,2; മലാഖി 1:7-14). ശമൂവേൽ അനുസരണക്കേട് കാണിച്ച ശൗലിനോട് പറഞ്ഞത് ഇതിനോടുള്ള ബന്ധത്തിൽ ശ്രദ്ധേയമാണ്-"*അനുസരിക്കുന്നത് യാഗത്തെക്കാളും ശ്രദ്ധിക്കുന്നത് മുട്ടാടുകളുടെ മേദസ്സിനെക്കാളും നല്ലത്*" (1 ശമൂ. 15:22). രക്ഷിക്കപ്പെട്ട്, സ്നാനപ്പെട്ട്, വേർപെട്ടവരാണ് ദൈവത്തെ ആരാധിക്കേണ്ടത്.

## B. രക്ഷാനിർണ്ണയം ഇല്ലാത്ത ജീവിതം

ഉന്നതനും നിത്യനും സർവ്വശക്തനും സർവ്വവ്യാപിയും സർവ്വാധികാരിയുമായ ദൈവത്തിന്റെ ഔന്നത്യം മനസ്സിലാക്കി അവനു തക്ക മഹത്വം കരേറ്റുകയും തന്റെ വലിയ രക്ഷണ്യ പ്രവർത്തനത്തെ ഓർത്ത് അതിന് വലിയവനായ ദൈവത്തിനു സ്തോത്രം അർപ്പിക്കുകയും ചെയ്യുന്നതാണല്ലോ ആരാധന. യേശുക്രിസ്തു മുഖാന്തരം ലഭിച്ച

നന്മകൾ ദൈവമക്കൾ ഓർത്ത് ദൈവത്തിനു സ്തോത്രം അർപ്പിക്കണമെങ്കിൽ അവർക്ക് രക്ഷാനിർണ്ണയം ഉണ്ടായിരിക്കണം. ഒരു പാപിയുടെ അവസ്ഥയെക്കുറിച്ചും പാപത്തിന്റെ ശമ്പളമായ മരണത്തെക്കുറിച്ചും എന്നാൽ ആ അവസ്ഥയിൽ കർത്താവ് അവർക്കു വേണ്ടി ഒരുക്കിയ രക്ഷയെക്കുറിച്ചും വ്യക്തമായ അവബോധമുള്ള ഒരു വിശ്വാസിക്കു മാത്രമേ ശരിയായ നിലയിൽ ദൈവത്തെ ആരാധിക്കുവാൻ കഴികയുള്ളൂ. തന്നെ ദൈവം രക്ഷിച്ചു എന്നും താൻ ഒരു ദൈവ പൈതൽ എന്നും ഉള്ള ബോധം ഒരു വിശ്വാസിക്കുണ്ടെങ്കിൽ മാത്രമെ തനിക്ക് തടസ്സം കൂടാതെ ദൈവത്തെ ആരാധിക്കുവാൻ കഴികയുള്ളൂ.

## C. ആത്മീയകാര്യങ്ങളിലെ താലപര്യക്കുറവ്

ആത്മീയകാര്യങ്ങളിലെ മന്ദത ഇന്ന് വിശ്വാസികളിൽ പൊതുവെ കാണുന്ന ഒരു പ്രവണതയാണ്. ഒന്നാം നൂറ്റാണ്ടിലെ സ്ഥിതിയും ഇതിൽനിന്നും ഒട്ടും വ്യത്യസ്തമായിരുന്നില്ല (എബ്രാ. 5:11; 6:12). ഈ താൽപര്യക്കുറവ് സഭായോഗങ്ങളെ അലക്ഷ്യമാക്കുന്ന അവസ്ഥയിലേക്ക് അവരെ എത്തിക്കുകയും ഉണ്ടായി. ഈ ആത്മീയ മന്ദത ദൈവാരാധനയ്ക്ക് ഒരു തടസ്സവുമാണ്. അതുകൊണ്ടാണ് സഭായോഗങ്ങളെ ഉപേക്ഷിക്കരുത് (എബ്രാ.10:24) എന്ന വ്യക്തമായ നിർദ്ദേശം എഴുത്തുകാരൻ വിശ്വാസികൾക്ക് നൽകുന്നത്.

## D. ലോകത്തിന് അനുരൂപമായുള്ള ജീവിതം

ലോകത്തിന് അനുരൂപമായി ഒരു വിശ്വാസി ജീവിക്കുമ്പോൾ അത് അവന്റെ ആരാധനയ്ക്ക് ഒരു തടസ്സമാണ്. രക്ഷിക്കപ്പെടാത്തവർ ജീവിക്കുന്നതുപോലെ ജഡമോഹം, കണ്മോഹം, ജീവനത്തിന്റെ പ്രതാപം (1 യോഹ. 2:16) എന്നിവയ്ക്ക് ഒരു വിശ്വാസി പ്രാധാന്യം നൽകുമ്പോൾ അവൻ ജഡികനായിത്തീരുകയാണ്. വിശ്വാസികൾ ഈ ലോകത്തിലാണ് ജീവിക്കുന്നതെങ്കിലും ലൗകികന്മാരായി ജീവിക്കുവാൻ പാടുള്ളതല്ല. ഈ ലോകത്തിന് അനുരൂപമാകാതെ ദൈവസന്നിധിയിൽ ദൈവത്തെ ആരാധിക്കുന്നതിന് ദൈവം നമ്മെ സഹായിക്കുമാറാകട്ടെ.

## E. അഹംഭാവം

ഞാൻ എന്ന ഭാവം നമ്മുടെ ആരാധനയ്ക്ക് ഒരു യഥാർത്ഥ തടസം തന്നെയാണ്. ദൈവം ബലഹീനമായതിനെയും കുലഹീനമായതിനെയും നികൃഷ്ടമായതിനെയും തിരഞ്ഞെടുത്തു രക്ഷിച്ചത് "*ദൈവസന്നിധിയിൽ ഒരു ജഡവും*

*പ്രശംസിക്കാതിരിക്കേണ്ടതിന്ന്*" (1 കൊരി.1:27-29) ആണ്. നമ്മുടെ സ്വയത്തെയും ഞാൻ എന്ന ഭാവത്തെയും ക്രൂശിച്ചുകൊണ്ട് ക്രിസ്തുവിനെ ഉയർത്തി, അവന്നു മഹത്വം അർപ്പിച്ച് ജീവിക്കുന്നതിന് നമുക്ക് നമ്മെത്തന്നെ ദൈവകരങ്ങളിൽ ഏൽപ്പിച്ചു കൊടുക്കാം.

## F. പരിശുദ്ധാത്മനിറവ് ഇല്ലാത്ത അവസ്ഥ

പരിശുദ്ധാത്മ നിറവില്ലാത്ത അവസ്ഥ ദൈവത്തിനു പ്രസാദകരമായ ആരാധനയ്ക്ക് ഒരു തടസ്സമാണ്. ഈ ദുഷ്കാലത്ത് നാം ദൈവഹിതം വാസ്തവമായി മനസ്സിലാക്കി വിശ്വാസികൾ എന്ന നിലയിൽ ജീവിക്കണം എന്ന് ദൈവം നമ്മെക്കുറിച്ച് ആഗ്രഹിക്കുന്നു (എഫെ. 5:17). അങ്ങനെ ദൈവഹിതപ്രകാരം ജീവിക്കുന്ന ഒരുവൻ പരിശുദ്ധാത്മനിറവിൽ (എഫെ. 5:18) ജീവിക്കുകയും ചെയ്യും. ആത്മനിറവ് എന്നതുകൊണ്ട് അർത്ഥമാക്കുന്നത് പരിശുദ്ധാത്മാവിന്റെ പരിപൂർണ്ണ നിയന്ത്രണത്തിൻ കീഴിലാകുക എന്നാണ്. പൗലൊസിന്റെ വാക്കുകൾ ശ്രദ്ധിക്കുക-"*ആത്മാവ് നിറഞ്ഞവരായിത്തീരുവിൻ*" [be filled with the Spirit] (എഫെ. 5:18). ഇത് ഏതെങ്കിലും പ്രത്യേക സന്ദർഭത്തിലേക്കോ ശുശ്രൂഷകൾക്കോ മാത്രമുള്ളതല്ല; കർത്താവിന്റെ ഇഷ്ടം ഗ്രഹിച്ചുകൊണ്ടുള്ള നിരന്തരമായ ഒരു ജീവിതത്തിനു വേണ്ടിയുള്ളതാണ് (എഫെ. 5:17). "ആത്മാവിൽ നിറഞ്ഞു കൊണ്ടേയിരിപ്പിൻ" [continue to be filled with the Spirit] എന്നാണ് ഗ്രീക്കിൽ അർത്ഥമാക്കുന്നത്. പരിശുദ്ധാത്മാവ് ഒരു വ്യക്തിയാണ്. ആ വ്യക്തിയെക്കൊണ്ടു നിറയുക എന്നു പറഞ്ഞാൽ ആ വ്യക്തിക്കു നമ്മുടെ മേൽ പരിപൂർണ്ണ നിയന്ത്രണം ഉണ്ടാകുക എന്നാണർത്ഥം. അതായത്, ആ വ്യക്തിയുടെ സ്വാധീനം നമ്മിൽ പൂർണ്ണമായി ഉണ്ടായിരിക്കുക. അതിന്നു നാം ചെയ്യേണ്ടത് നമ്മെ പൂർണ്ണമായി കർത്താവിന്നു സമർപ്പിച്ചുകൊണ്ട് പരിശുദ്ധാത്മാവിനു നമ്മിൽ പൂർണ്ണമായ പ്രവർത്തന സ്വാതന്ത്ര്യം അനുവദിക്കുക എന്നുള്ളതാണ്. അങ്ങനെ നാം പരിശുദ്ധാത്മാവിന്റെ പൂർണ്ണ സ്വാധീനത്തിനു വിധേയരാകുന്നു. ഈ നിറവിന്റെ ഫലം നമ്മുടെ ആരാധനയിൽ നമുക്ക് സഹായകമാണ് (എഫെ. 5:10-21).

## G. സ്വയശോധന ഇല്ലാത്ത ജീവിതം

ദൈവ വചനത്തിന്റെ അടിസ്ഥാനത്തിലുള്ള സ്വയശോധന ഒരു വിശ്വാസിയുടെ ജീവിതത്തിൽ ഇല്ലെങ്കിൽ അത് യഥാർത്ഥ ആരാധനയ്ക്ക് ഒരു തടസ്സമായിത്തീരും. ദൈവത്തെ നാം ഓർക്കുന്നതിന്നും ദൈവം നമുക്കുവേണ്ടി ചെയ്ത വലിയ പ്രവർത്തനത്തെ ഓർക്കുന്നതിനും വേണ്ടിയാണ് കർത്തൃമേശ

കർത്താവ് സ്ഥാപിച്ചത്. ദൈവം ആഗ്രഹിക്കുന്ന നിലയിൽ സഭയായി ദൈവത്തെ ആരാധിക്കുമ്പോൾ ആ ആരാധനയുടെ ഒരു ഭാഗമാണ് കർത്തൃമേശയിൽ പങ്കു കൊള്ളുക എന്നുള്ളത്. അതിനോടു ബന്ധപ്പെട്ട് പൗലൊസ് പറയുന്നത് ഇപ്രകാരമാണ്: "*മനുഷ്യൻ തന്നെത്താൻ ശോധന ചെയ്തിട്ടുവേണം ഈ അപ്പം തിന്നുകയും പാനപാത്രത്തിൽനിന്നു കുടിക്കുകയും ചെയ്‌വാൻ*" (1 കൊരി. 11:28). നാം സ്വയശോധന ചെയ്യുമ്പോൾ നമ്മുടെ ജീവിതത്തിൽ വന്നുപോയ പാപത്തെ ദൈവസന്നിധിയിൽ ഏറ്റുപറയുന്നതിനും അങ്ങനെ വിശുദ്ധജീവിതത്തിൽ തുടരുന്നതിനും ഇടയാകും. പാപവും അശുദ്ധിയും നമ്മുടെ ആരാധനാ ജീവിതത്തിനു തടസ്സമാണ്. ആ തടസ്സം നീക്കാൻ സ്വയശോധന നമ്മെ സഹായിക്കും.

## ഉപസംഹാരം

ദൈവവചനപ്രകാരം ജീവിക്കാതെ പാപത്തിൽ തുടരുന്ന ദൈവമക്കളെ ദൈവം ശിക്ഷിക്കും എന്ന് ദൈവവചനം വളരെ വ്യക്തമായി പഠിപ്പിക്കുന്നുണ്ട്. സ്നേഹനിധിയായ ഒരു പിതാവ് തന്റെ മക്കളെ അവരുടെ നന്മയ്ക്കുവേണ്ടി ശിക്ഷിക്കുന്നതുപോലെ നമ്മുടെ സ്വർഗ്ഗസ്ഥനായ പിതാവ് പാപത്തിൽ തുടരുന്ന തന്റെ മക്കളെ ശിക്ഷിക്കുന്നു. പുരോഗമനോന്മുഖമായ ശുദ്ധീകരണത്തിനുവേണ്ടി പിതാവായ ദൈവം നൽകുന്ന ഈ ശിക്ഷ ബാലശിക്ഷയാണ് (1 കൊരി. 11:27-32; എബ്രാ. 12:4-11). ആകയാൽ സ്വയശോധന ചെയ്ത് വിശുദ്ധിയോടുകൂടെ ദൈവവചനപ്രകാരം നമുക്ക് ദൈവത്തെ ആരാധിക്കാം. ഈ ലോകത്തിന് അനുരൂപമാകാതെ നമ്മെത്തന്നെ ദൈവസന്നിധിയിൽ താഴ്ത്തി നമുക്ക് ദൈവത്തെ ആരാധിക്കാം. അതിനായി ദൈവം നമ്മെ സഹായിക്കുമാറാകട്ടെ.

# ആരാധന: ചില ചിന്തകളും നിർദ്ദേശങ്ങളും

ചാൾസ് ഈ. വിഗ്

## ആമുഖം

കഴിഞ്ഞ അനേക വർഷങ്ങളായി ഞാൻ കേരളത്തിലും, കേരളത്തിനു വെളിയിൽ കേരളത്തിൽ നിന്നുള്ള സഹോദരന്മാരാൽ സ്ഥാപിതമായിട്ടുള്ളതുമായ മലയാള ഭാഷ ഉപയോഗിക്കുന്ന സഭകൾ സന്ദർശിക്കുന്നുണ്ട്. ലോകത്തിൽ മറ്റൊരിടത്തും ഞാൻ കാണാത്ത ഒരു കാര്യം ഈ സഭകളിൽ കാണുന്നു. അത് ആരാധനയ്ക്കായുപയോഗിക്കുന്ന സമയത്തിൽ ഏറിയപങ്കും പ്രസംഗത്തിനും പ്രബോധനത്തിനുമായി വിനിയോഗിക്കുന്നു എന്നുള്ളതാണ്. ആറു സഹോദരന്മാർവരെ എഴുന്നേറ്റു നിന്ന് വേദഭാഗങ്ങൾ വായിച്ച് ചില ചിന്തകൾ പങ്കുവെച്ച് ആരാധനയ്ക്ക് പ്രബോധിപ്പിക്കുന്നതായി കണ്ടിട്ടുണ്ട്. ഇങ്ങനെ ചെയ്യുന്നതുകൊണ്ട് അവർ ദൈവത്തെ ആരാധിക്കുകയാണെന്ന് അവർ ചിന്തിക്കുന്നു. എന്നാൽ അത് ആരാധനയേ അല്ല. അവർ ദൈവത്തോടല്ല സംസാരിക്കുന്നത്; അവന് ആരാധന അർപ്പിക്കുകയല്ല; അവർ മറ്റു വിശ്വാസികളോടു സംസാരിക്കുകയും, തങ്ങൾ ആരാധിക്കാതിരിക്കുമ്പോൾ തന്നെ മറ്റുള്ളവരെ ആരാധനയ്ക്കായി ഉൽബോധിപ്പിക്കുകയുമാണ്. അതിനുപകരം അവർ ദൈവവചനത്തിൽ നിന്ന് ഒരു വാക്യമോ, ഭാഗമോ വായിച്ച് അതിൽ നിന്നുള്ള ചിന്തകൾ ദൈവമുമ്പാകെ പകർന്ന് അവരുടെ ഹൃദയങ്ങളിലെ ആരാധന ദൈവസന്നിധിയിൽ അർപ്പിക്കുന്നു എങ്കിൽ അതു ദൈവത്തിന് കൂടുതൽ മഹത്വം കൈവരുത്തുമെന്നു ഞാൻ ചിന്തിക്കുന്നു.

## A. ആരാധന എന്നാൽ എന്ത്?

വീണ്ടെടുക്കപ്പെട്ട ഒരുവന്റെ അന്തരാത്മാവിലും ദേഹിയിലും ഉള്ള ഏറ്റവും ആഴമേറിയ ആത്മീയനുഭൂതിയാണ് ആരാധന. അതു ദൈവത്തിങ്കൽ - നിത്യനായ ത്രിയേക ദൈവം, ഏകജ്ഞാനിയായവൻ തന്റെ പുത്രനായ കർത്താവായ യേശുക്രിസ്തുവിൽ കൂടെ നമുക്ക് വെളിപ്പെടുത്തി തന്നവനായ ദൈവത്തിൽ മാത്രം കേന്ദ്രീകൃതമായിരിക്കുന്നു.

പിതാവ്, പുത്രൻ, പരിശുദ്ധാത്മാവാകുന്ന ദൈവത്തിന്റെ സമ്പൂർണ്ണ മഹത്വത്തിലും തേജസ്സിലും അവനെ അഭിസംബോധന ചെയ്തായിരിക്കും ആരാധന അർപ്പിക്കുക.

ആരാധനയിൽ പിതാവിനെയും പുത്രനെയും സംബോധന

ചെയ്യുന്നു. എന്നാൽ തിരുവെഴുത്തിൽ ഒരിടത്തും ആരാധനയിൽ പരിശുദ്ധാത്മാവിനെ വ്യക്തിപരമായി നാം സംബോധന ചെയ്യുന്നതായി കാണുന്നില്ല. ആരെങ്കിലും പരിശുദ്ധാത്മാവിനോടു സംസാരിക്കുന്ന ഒരു ദൃഷ്ടാന്തം തിരുവെഴുത്തിൽ ഒരിടത്തും കാണാൻ കഴിയുന്നില്ല. പരിശുദ്ധാത്മാവാണ് നമ്മോടു സംസാരിക്കുന്നവൻ. എന്നാൽ ദൈവത്തെ അവന്റെ സമ്പൂർണ്ണതയിൽ നാം ആരാധിക്കുമ്പോൾ പിതാവിനോടും പുത്രനോടുമൊപ്പം പരിശുദ്ധാത്മാവിനെയും ദൈവമായി നാം ആരാധിക്കുന്നു.

ഏറ്റവും ആത്മാർത്ഥമായ ആരാധന ദൈവത്തോടു നേരെ, വ്യക്തിപരമായി സംബോധന ചെയ്ത് അർപ്പിക്കുന്നതാണ്. വ്യക്തിപരമായ സർവ്വനാമങ്ങൾ ഉപയോഗിച്ച് സംബോധന ചെയ്യുക. ആരാധന വ്യക്തിപരമല്ലാതെയും ആകാം. രണ്ടിന്റേയും ഒരു ദൃഷ്ടാന്തം വെളിപ്പാട് 5:9-ൽ കാണുന്നു. അവിടെ സിംഹാസനത്തിനു ചുറ്റും നില്ക്കുന്നവർ, ആ അകത്തേ വൃത്താകാരത്തിലുള്ളവർ "*നീ യോഗ്യൻ*" എന്നു പറയുന്നതു നാം കേൾക്കുന്നു. എന്നാൽ ദൂതന്മാരുടെ സൈന്യവും വീണ്ടെടുക്കപ്പെട്ടവരുടെ കുടുംബങ്ങളും 12-ാം വാക്യത്തിൽ പറയുന്നത് "*കുഞ്ഞാടു യോഗ്യൻ*" എന്നാണ്. പിന്നീട് ആരാധനകരുടെ മണ്ഡലം സ്വർഗ്ഗവും ഭൂമിയും മുഴുവനും വ്യാപിക്കുന്നതോടെ എണ്ണമില്ലാത്ത സംഘം പാടുന്നു "*സിംഹാസനത്തിൽ ഇരിക്കുന്നവനും കുഞ്ഞാടിനും*" എന്ന്. ഈ ഒടുവിലത്തെ രണ്ടു ഭാഗങ്ങളിലും സംബോധന വ്യക്തിപരമല്ല.

## B. ദൈവത്തെ സംബോധന ചെയ്യാനുള്ള വിവിധ തലങ്ങൾ

ദൈവത്തെ അഭിസംബോധന ചെയ്യാനുള്ള വിവിധ തലങ്ങളെക്കുറിച്ച് തിരുവെഴുത്തു പറയുന്നത് വകതിരിച്ചു മനസ്സിലാക്കുന്നത് നന്നായിരിക്കും.

**1. പ്രാർത്ഥനയും അപേക്ഷകളും**

പ്രാർത്ഥന നല്ലതാണ്. അതു ദൈവം കല്പിച്ചിട്ടുള്ളതാണ് (1 തെസ്സ. 5:17). അത് അഭിലഷണീയവും അത്ഭുതകരവുമായ ഒരു പദവിയാണ്. എന്നാൽ അത് ആരാധനയല്ല.

പ്രാർത്ഥനയിൽ നാം ദൈവത്തോടു ചോദിക്കുകയാണ്. എന്നാൽ ആരാധനയിൽ നാം ദൈവത്തിനു കൊടുക്കുകയാണ്. ചില സഹോദരന്മാർ പരസ്യമായി, ആവശ്യങ്ങൾക്കായി പ്രാർത്ഥിക്കുകയും അത് ആരാധനയാണെന്ന് തെറ്റിദ്ധരിക്കുകയും ചെയ്യുന്നു.

**2. നന്ദി പറച്ചിൽ**

പ്രാർത്ഥനയെപ്പോലെ തന്നെ നന്ദി പറയുവാനും നമുക്ക് കല്പന തന്നിട്ടുണ്ട്. അതു നല്ലതും അഭിലഷണീയവുമാണ്. എന്നാൽ അതും ആരാധനയല്ല. നമ്മെ സഹായിക്കുന്ന, സേവിക്കുന്ന, നമുക്ക് ദാനങ്ങൾ നൽകുന്ന മനുഷ്യരോടു നാം നന്ദിയുള്ളവരായിരിക്കുകയും നന്ദിപറയുകയും ചെയ്യുക എന്നത് ആവശ്യമാണ്. എന്നാൽ ആ മനുഷ്യരെ നാം ഒരിക്കലും ആരാധിക്കുന്നില്ല; ദൈവത്തെ മാത്രമേ ആരാധിക്കുന്നുള്ളൂ. നമ്മുടെ പ്രാർത്ഥനയിൽ നന്ദിപറച്ചിലും ഉണ്ടായിരിക്കണം. നന്ദിപറയുക എന്നുള്ളതു ചോദിക്കുന്നതിനേക്കാൾ ഉത്തമമാണ്.

**3. സ്തുതി**

"*സ്തുതിക്കുന്നത് നേരുള്ളവർക്ക് ഉചിതമല്ലോ*" (സങ്കീ. 33:1) എന്നു പറയുന്നു. "*സ്തോത്രം എന്ന യാഗം അർപ്പിക്കുന്നവൻ എന്നെ മഹത്വപ്പെടുത്തുന്നു*" (സങ്കീ. 50:23) എന്നും കർത്താവു പറയുന്നു. എന്നാൽ സ്തുതിക്കുക, സ്തോത്രം അർപ്പിക്കുക ഇവയും ആരാധനയേക്കാൾ അല്പം താണനിലയിലുള്ളവയാണ്. എന്റെ കുഞ്ഞുങ്ങളെ അവരുടെ പരീക്ഷയിലെ വിജയത്തിന്റെ അടിസ്ഥാനത്തിൽ ഞാൻ പ്രശംസിച്ചെന്നുവരാം. എന്റെ ഭാര്യയുടെ നല്ല പാചകത്തിന് ഞാൻ അവളെ പുകഴ്ത്തിയെന്നു വരാം. എന്നാൽ ഞാൻ ഒരിക്കലും അവരെ ആരാധിക്കയില്ല. ദൈവം നമുക്കു നൽകുന്നതിനും ചെയ്യുന്നതിനും ഒക്കെ നാം ദൈവത്തെ സ്തുതിക്കും. എന്നാൽ ദൈവം ആരായിരിക്കുന്നു എന്നുള്ളതിന്റെ അടിസ്ഥാനത്തിൽ ആണ് നാം അവനെ ആരാധിക്കുന്നത്.

**4. ആരാധന**

ദൈവത്തെ സംബോധന ചെയ്യുന്നതിനുള്ള ഏറ്റവും ഉന്നതമായ വിധം ആണ് ആരാധന. ലൂക്കൊസ് 4:8-ൽ കർത്താവ് ഉപയോഗിച്ചിരിക്കുന്ന രണ്ടു ഗ്രീക്ക് വാക്കുകൾ ഉണ്ട്. ആദ്യത്തെ വാക്ക് 'Prosokuneo' എന്നാണ്. അതിന്റെ അർത്ഥം സ്നേഹത്തിന്റെയും ബഹുമാനത്തിന്റെയും ഫലമായി വീണുവണങ്ങുക, മുട്ടിന്മേൽ വീഴുക, നമ്മുടെ നേരെ നീട്ടിയിരിക്കുന്ന കരത്തിന്മേൽ മുത്തം ചെയ്യുക, തുടങ്ങിയവയാണ്. ഇത് ഭയത്തെയും അത്ഭുതത്തെയും സൂചിപ്പിക്കുന്നു. ആരുടെ സന്നിധിയിൽ നാം ആയിരിക്കുന്നുവോ ആ വ്യക്തിയോടുള്ള ആദരവിനെ കാണിക്കുന്നു. ആഴമായ ആരാധനയുടേയും ഹൃദ്യമായ സ്നേഹബന്ധത്തിന്റേയും അത്ഭുതത്തിന്റേയും പ്രതീകമാണ് ഈ വണക്കം. ഇതു കേവലം ശാരീരികമായ ഒരു വണക്കത്തേയോ നിലപാടിനെയോ അല്ല കാണിക്കുന്നത്. ശാരീരിക വഴക്കവും അതിൽ ഉൾപ്പെടാം. എന്നാൽ

അത് ഹൃദയത്തിന്റെ നിലയാണ് വ്യക്തമാക്കുന്നത്. വീണ്ടെടുക്കപ്പെട്ട ഒരു വ്യക്തിയുടെ ദേഹിയുടേയും ആത്മാവിന്റേയും ഏറ്റവും ആഴമേറിയതും വിലയേറിയതുമായ പ്രതികരണം ആണ് അത്. യഥാർത്ഥ ആരാധന ഉള്ളിൽ അധിവസിക്കുന്ന പരിശുദ്ധാത്മാവിന്റെ പ്രേരണയിലും ശക്തിയിലുമാണ് അർപ്പിക്കപ്പെടുന്നത്.

യോഹന്നാന്റെ സുവിശേഷം 9-ാം അദ്ധ്യായത്തിൽ നിന്ന് ഒരു ദൃഷ്ടാന്തം നോക്കാം. കുരുടനു കാഴ്ച കിട്ടിയശേഷം കർത്താവ് അവനു ചെയ്ത വൻകാര്യം നിമിത്തം അവൻ കർത്താവിനോടു വളരെ നന്ദിയുള്ളവനായിരുന്നു. എന്നാൽ യേശു എന്നു പേരുള്ള ഒരു മനുഷ്യനായിട്ടു മാത്രമേ അവൻ അപ്പോൾ കർത്താവിനെ മനസ്സിലാക്കിയുള്ളൂ. അവന്റെ സാക്ഷ്യം നിമിത്തം അവൻ പുറത്താക്കപ്പെട്ട ശേഷം കർത്താവു അവന്റെ അടുക്കൽ വന്നിട്ട് "*നീ ദൈവപുത്രനിൽ വിശ്വസിക്കുന്നുവോ*" എന്നു ചോദിച്ചു. യേശുക്രിസ്തു ദൈവപുത്രനാണെന്നുള്ള സത്യം അവനു വെളിപ്പെടുത്തപ്പെട്ടപ്പോൾ അവൻ "*കർത്താവേ ഞാൻ വിശ്വസിക്കുന്നു*" എന്നു പറഞ്ഞ് അവനെ നമസ്കരിച്ചു. യേശു കേവലം ഒരു മനുഷ്യനല്ല എന്ന് ഇപ്പോൾ അവനറിഞ്ഞു. യേശുക്രിസ്തുവിന്റെ മഹത്വം അവനു വെളിപ്പെട്ടു കിട്ടി. അവൻ ഭയഭക്തിയാലും അതിശയത്താലും നിറഞ്ഞു. അവന്റെ ഹൃദയം നന്ദിയാലും ആരാധനയാലും നിറഞ്ഞു. അവൻ മുട്ടിന്മേൽ വീണു. ബഹുമാനത്തോടെ ആരാധനയിൽ അവൻ കർത്താവിന്റെ മുമ്പാകെ കവിണ്ണു വീണു.

ലൂക്കൊസ് 4:8-ൽ ഉപയോഗിച്ചിരിക്കുന്ന രണ്ടാമത്തെ വാക്ക് 'Latreuo' എന്നുള്ളതാണ്. ഇതിന്റെ അർത്ഥം സേവിക്കുക, ശുശ്രൂഷിക്കുക, വിശുദ്ധസേവനങ്ങൾ നിറവേറ്റുക എന്നൊക്കെയാണ്. ഇത് ചൂണ്ടിക്കാണിക്കുന്നത് ആരാധന കേവലം അധരം കൊണ്ടുമാത്രമല്ല, ജീവിതം കൊണ്ടു കൂടെയാണെന്നാണ്. കർത്താവിനോടെനിക്കുള്ള ആഴമായ ആരാധനാ മനോഭാവവും ഭയഭക്തിയും എന്റെ മുഴുജീവിതത്തേയും ബാധിക്കുന്നതാകുന്നു. കർത്താവിനുവേണ്ടിയുള്ള എന്റെ സേവനം എന്റെ ആരാധനയുടെ ഒരു തുടർച്ചയായി തീരുന്നു. എന്റെ ഹൃദയത്തിൽ നിന്ന് അവനെ പൂജിക്കുന്നു എന്നുമാത്രമല്ല, ഞാൻ എന്നെത്തന്നെ അർപ്പിക്കുന്നു. എന്റെ ശരീരം ജീവനുള്ള ഒരു യാഗമായി, ബുദ്ധിയുള്ള ആരാധനയായി (റോമർ 12:2).

അതിനാൽ, ആരാധന എന്നതു ഞാൻ ദൈവത്തിന് എന്ത് അർപ്പിക്കുന്നുവോ അതാണ്. ഞാൻ ആരേ അഭിവന്ദിക്കുന്നുവോ ആ ആളത്വത്തിന്റെ തേജസ്സിനും മഹത്വത്തിനും എന്റെ അന്തരംഗത്തിന്റെ ആഴത്തിൽ ഉണ്ടാകുന്ന അംഗീകരണം ആണ് അത്. പിതാവോ,

പുത്രനോ, പരിശുദ്ധാത്മാവോ ചെയ്ത ഏതെങ്കിലും കാര്യത്തിന്റെയോ തന്ന ഏതെങ്കിലും ദാനത്തിന്റെയോ വിലമതിക്കൽ അഥവാ ആസ്വാദനം അല്ല. അവർ ചെയ്യുന്ന ഏത് അത്ഭുത പ്രവർത്തനങ്ങളെക്കാളും നൽകുന്ന ദാനങ്ങളെക്കാളും അവരുടെ ആളത്വങ്ങളാണ് മഹത്വ പൂർണ്ണമായിരിക്കുന്നത്. എന്നാൽ ആ ദാനങ്ങളേക്കാൾ അവൻ വലിയവനാണ്.

പിതാവായ ദൈവത്തിനു ആരാധന അർപ്പിക്കുന്നതിന്റെ ദൃഷ്ടാന്തങ്ങൾ പുതിയ നിയമത്തിൽ കാണുന്നുണ്ട് (എഫെ.1:3). അതുപോലെ തന്നെ പുത്രനും ആരാധന അർപ്പിക്കുന്ന രംഗങ്ങൾ കാണുന്നു (വെളി. 5:9). ത്രിയേക ദൈവത്തിനു തന്റെ പൂർണ്ണതയിൽ, തേജസ്സിൽ, രാജത്വത്തിന്റെ മഹിമയിൽ ആരാധന അർപ്പിക്കുന്നതായും കാണുന്നു (1 തിമൊ. 6:15-16). എന്നാൽ പരിശുദ്ധാത്മാവിനെ വ്യക്തിപരമായി ആരാധിക്കുന്ന രംഗങ്ങൾ കാണാനില്ല. ഇത് പരിശുദ്ധാത്മാവ് പിതാവിനെക്കാളും പുത്രനെക്കാളും താണ ആളത്വമായതിനാലല്ല, പിന്നെയോ അതിശയമാർന്ന കൃപയാൽ താൻ സ്വീകരിച്ചിരിക്കുന്ന സ്ഥാനം നിമിത്തമാണ്. താൻ പിതാവിനേയും പുത്രനേയും മഹത്വപ്പെടുത്തുകയും സേവിക്കുകയും ചെയ്യുന്നു. താൻ ആരിൽ വസിക്കുന്നുവോ, ആരെ താൻ ഉണർത്തുകയും ഉത്തേജിപ്പിക്കുകയും ചെയ്യുന്നുവോ അവർ പിതാവിനേയും പുത്രനേയും ആരാധിക്കുന്നതിൽ പരിശുദ്ധാത്മാവു സന്തോഷിക്കുന്നു. അവൻ തന്നെയാണ് നമ്മിലും നമ്മിൽ കൂടെയും "അബ്ബാ പിതാവേ" എന്നു വിളിക്കുന്നത് (ഗലാ. 4:6; റോമർ 8:15).

ആരാധനയിൽ ദേഹം, ദേഹി, ആത്മാവ് എന്ന മുഴു ആളത്വവും മുഴുകുന്നു. ലൂക്കൊസ് 1:47-ൽ മറിയ പറഞ്ഞു. "*എന്റെ ഉള്ളം എന്റെ കർത്താവിനെ മഹത്വപ്പെടുത്തുന്നു. എന്റെ ആത്മാവ് എന്റെ രക്ഷിതാവായ ദൈവത്തിൽ ഉല്ലസിക്കുന്നു.*" അവളുടെ ശരീരവും അതിൽ ഉൾപ്പെട്ടിരിക്കുന്നു. അവളുടെ മനസ്സ്, അധരം, നാവ്, ശബ്ദം ഇതെല്ലാം ആരാധനയ്ക്കായി ഉപയോഗിക്കപ്പെട്ടിരുന്നു.

## C. ദൈവ ശിരസ്ത്വത്തിലെ ആളത്വങ്ങൾ

ബുദ്ധിപൂർവ്വമായ ആരാധനയ്ക്കു ദൈവശിരസ്ത്വത്തിലെ ആളത്വങ്ങളെ പ്രത്യേകമായി മനസ്സിലാക്കേണ്ടിയിരിക്കുന്നു. ആ ആളത്വങ്ങളെ നമുക്ക് ഒരിക്കലും വേർപിരിക്കാൻ കഴിയുകയില്ല. എന്നാൽ ഓരോ ആളത്വങ്ങളുടേയും പ്രവർത്തനം. അവരുടെ മഹത്വം, എന്നിവയുടെ അടിസ്ഥാനത്തിൽ നമുക്കു ഓരോരുത്തരേയും പ്രത്യേകം മനസ്സിലാക്കാൻ സാധിക്കും. ഇങ്ങനെ വേർതിരിച്ചു ഗ്രഹിക്കുന്നില്ല എങ്കിൽ

ആരാധനയിൽ അല്പം കുഴച്ചിൽ നമുക്കുണ്ടാകും. പലപ്പോഴും വിശ്വാസികൾ പിതാവാം ദൈവത്തെ ക്രൂശിൽ മരിച്ചതിനും രക്തം ചിന്തിയതിനും സ്തുതിക്കുന്നതായി ഞാൻ കേട്ടിട്ടുണ്ട്. എന്നാൽ വളരെ ബഹുമാനത്തോടെ ഞാൻ പറയട്ടേ പിതാവ് ഒരിക്കലും മരിച്ചിട്ടില്ല. തന്റെ രക്തം ആർക്കും വേണ്ടി ചിന്തിയിട്ടുമില്ല. എന്തുകൊണ്ടെന്നാൽ പിതാവ് ഒരിക്കലും മനുഷ്യനായി തീർന്നിട്ടില്ല. ആ മഹത്വം പുത്രനും നമ്മുടെ കർത്താവുമായ യേശുക്രിസ്തുവിനുള്ളതാണ്.

എന്നാൽ ഒരു കാര്യം വ്യക്തമാക്കട്ടെ. നമ്മുടെ അജ്ഞതയിൽ നാം ഇങ്ങനെ പറഞ്ഞു പോകുന്നുവെങ്കിലും ദൈവം നമ്മുടെ ഹൃദയങ്ങളെ അറിയുന്നു. നാം എന്താണ് അർത്ഥമാക്കുന്നതെന്നു തനിക്കറിയാം. അതുകൊണ്ടു നാം നിരാശപ്പെടേണ്ടതില്ല. എന്നാൽ ബുദ്ധിപൂർവ്വമായ ആരാധന ചെയ്യാൻ നാം കാര്യങ്ങൾ ശരിയായി പഠിക്കേണ്ടിയിരിക്കുന്നു. നാം പിതാവിനെ പുത്രൻ മുഖാന്തിരം യേശുകർത്താവിന്റെ നാമത്തിൽ ആരാധിക്കുന്നു. പുത്രൻ നമ്മുടെ ശ്രേഷ്ഠ മഹാപുരോഹിതനായി നമ്മെ സേവിക്കുന്നു. നമ്മുടെ ആരാധനയിൽ ചേർച്ചയില്ലാതെ വരുന്നതൊക്കെ താൻ നീക്കം ചെയ്തിട്ടു പിതാവിനു സ്വീകാര്യമായിട്ടുള്ളതും തന്റെ ഹൃദയത്തിനു പ്രസാദകരമായിട്ടുള്ളതും മാത്രം പിതാവിനു അർപ്പിക്കുന്നു.

ഈ ചെറിയ ലേഖനത്തിൽ ത്രിത്വത്തിലെ ഓരോ ആളത്വത്തിന്റെയും പ്രത്യേക മഹത്വവും പ്രവർത്തികളും വിവരിക്കുക എന്നുള്ളത് എന്റെ ലക്ഷ്യമല്ല. എന്നാൽ എന്റെ സഹോദര സഹോദരിമാരോടുള്ള എന്റെ നിർദ്ദേശം നിങ്ങൾ പ്രാർത്ഥനാപൂർവ്വം ശ്രദ്ധയോടെ പുതിയ നിയമം പഠിച്ച് പിതാവിന്റേയും പുത്രന്റേയും പരിശുദ്ധാത്മാവിന്റേയും മഹത്വം, പദവികൾ, പ്രവൃത്തികൾ ഇതൊക്കെ ഗ്രഹിക്കണമെന്നുള്ളതാണ്.

## D. സ്വയത്തിൽ നിന്ന് ഒരിക്കലും ആരാധന ഒഴുകുകയില്ല

ആരാധന നമ്മുടെ സ്വയത്തിന്റെ വ്യാപാരത്തിൽ നിന്നുളവാകുന്നതല്ല. നാം പിതാവിനോടോ, പുത്രനോടോ, പരിശുദ്ധാത്മാവിനോടോ ഉള്ള ബന്ധത്തിൽ മുഴുകുമ്പോൾ നമ്മുടെ ഹൃദയാന്തർഭാഗത്തു നിന്നു ആരാധന ഉയരുന്നു.

ആരാധനാ സമയത്ത് വിശ്വാസികൾ അവർ ചെയ്തുപോയിട്ടുള്ളതും എന്നാൽ ക്ഷമിക്കപ്പെട്ടതുമായ പാപങ്ങളെക്കുറിച്ചുള്ള ചിന്തയുള്ളവരായിരിക്കുന്നതു ഞാൻ പലപ്പോഴും കണ്ടിട്ടുണ്ട്. കർത്താവ് തങ്ങളുടെ പാപങ്ങളും അകൃത്യങ്ങളും നിമിത്തം മരിച്ചു എന്നോർക്കു

ന്നു. എന്നാൽ ഇതു സ്വയത്തിന്റെ ഒരു വികൃതമായ വ്യാപാരമായി മാറാം.

യഥാർത്ഥ ആരാധനയിൽ എന്നെക്കുറിച്ചോ, എന്റെ പാപത്തെക്കുറിച്ചോ, അല്ല ഞാൻ ചിന്തിക്കേണ്ടത്. പിന്നെയോ എന്റെ കർത്താവിനെക്കുറിച്ചും സ്വർഗ്ഗീയ പിതാവിനെക്കുറിച്ചും ആണ്. യഥാർത്ഥ ആരാധനയിൽ ഞാൻ കർത്താവിനോടു അവനെക്കുറിച്ചു തന്നെ സംസാരിക്കുന്നു. ഇതിന്റെ ഒരു ദൃഷ്ടാന്തം 45-ാം സങ്കീർത്തനത്തിൽ കാണുന്നു. അവിടെ ദാവീദു പറയുന്നു. "*എന്റെ കൃതി രാജാവിനു വേണ്ടിയുള്ളത്*" രാജാവിനെക്കുറിച്ചു അവന്റെ ഹൃദയം വ്യാപൃതമായിരുന്നതിനാൽ അതു ശുഭവചനത്താൽ കവിഞ്ഞൊഴുകുകയായിരുന്നു. ഇതിൽ നിന്നു വ്യത്യസ്ഥമായ നിലയിൽ 32-ാം സങ്കീർത്തനത്തിൽ ദാവീദ് അവന്റെ പാപത്തെക്കുറിച്ചു ചിന്തിക്കുകയായിരുന്നു. അവൻ ഏറ്റു പറഞ്ഞവയും ക്ഷമിക്കപ്പെട്ടു കിട്ടിയവയുമായവ. എന്നാൽ ആരാധനയോടുള്ള ബന്ധത്തിൽ 45-ാം സങ്കീർത്തനം 32നേക്കാൾ വളരെ സമ്പുഷ്ടമായിരിക്കുന്നു.

പിമ്പിലുള്ളതിനെ മറക്കാൻ നമ്മോടു പറഞ്ഞിരിക്കുന്നു (ഫിലി. 3:13). ദൈവം നമ്മുടെ പാപങ്ങളെ ഒരു നാളും ഓർക്കയില്ലയെന്നു പറഞ്ഞിരിക്കുന്നു (എബ്രാ. 8:12). അതിനാൽ ദൈവം ഓർക്കാനാഗ്രഹിക്കാത്ത കാര്യങ്ങൾ നാം അവനെ ഓർപ്പിക്കാൻ ശ്രമിക്കാതിരിക്കാം. നമുക്ക് പ്രായപൂർത്തിയുടെ അനുഭവത്തിലേക്ക് മുന്നേറാം (എബ്രാ. 5:12-6:3).

## E. ആരാധനയുടെ രണ്ടു വശങ്ങൾ

ആരാധനയ്ക്കു രണ്ടു വശങ്ങളുണ്ട്. വ്യക്തിപരമായ ആരാധനയും, കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ കൂടി വന്ന് വിശുദ്ധന്മാരുടെ ഒരു കൂട്ടമായി കർത്താവിനെ ആരാധിക്കുന്നതും.

### 1. വ്യക്തിപരമായ അഥവാ ആളാംപ്രതിയുള്ള ആരാധന

കർത്താവിന്റെ അനുഗ്രഹിക്കപ്പെട്ട സന്നിധാനത്തിൽ ഞാൻ തനിയെ ആയിരിക്കുമ്പോൾ ഞാൻ കർത്താവിന് എന്ത് അർപ്പിക്കുന്നുവോ അതാണു വ്യക്തിപരമായ ആരാധന. ദൈവത്തെ, തന്റെ ആളത്വത്തിൽ, തന്റെ മഹത്വത്തിൽ, ദാനങ്ങളിൽ, കൃപയിൽ, പ്രവർത്തനങ്ങളിൽ എനിക്കുള്ള വ്യക്തിപരമായ അഭിനന്ദനം ഞാൻ അവന്റെ മുമ്പാകെ പകരുന്നതാണ് വ്യക്തിപരമായ ആരാധന. ഇത് മധുരതരവും അത്ഭുതകരവുമായ അനുഭവമാണ്. ഇതു നമ്മുടെ ആത്മാക്കളെ സമ്പന്നമാക്കുന്നു. നമ്മുടെ ജീവിതത്തെ രൂപാന്തരപ്പെടുത്തുന്നു. ചിലപ്പോൾ മോശെയുടെ മുഖം പോലെ നമ്മുടെ മുഖം സന്തോഷത്താൽ

തിളങ്ങുമാറാക്കുന്നു. ഈ അനുഭവത്തെ കൂടുതൽ പ്രോത്സാഹിപ്പിക്കേണ്ടതാണ്. എന്നാൽ നാം ഒരുമിച്ചുകൂടുമ്പോൾ അനുഭവം കുറെ വ്യത്യസ്ഥമാണ്.

**2. കൂട്ടായ ആരാധന**

സഭയിൽ ആരാധനയും പ്രതികരണവും എന്റെ ഹൃദയത്തിൽ നിന്നാണ് വരുന്നതെങ്കിലും ഞാൻ കർത്താവിനെ ശബ്ദമുയർത്തി പരസ്യമായി ആരാധിക്കുകയും സ്തുതിക്കുകയും ചെയ്യുമ്പോൾ ഞാൻ സഭയുടെ മൊത്തമായ വികാരത്തെയും ആരാധനയേയും ആണ് പ്രകടമാക്കുന്നത്, അഥവാ പ്രതിഫലിപ്പിക്കുന്നത്. അതു കേവലം എന്റെ ചിന്തകളോ വികാരങ്ങളോ അല്ല, പ്രത്യുത ഞാൻ സഭയെ നയിക്കുകയാണ്. പരിശുദ്ധാത്മാവിനാൽ ഞാൻ സഭയുടെ ശബ്ദമായി മാറുകയാണ്. അതുകൊണ്ട് കൂട്ടായ ആരാധനയിൽ നാം സാധാരണയായി ബഹുവചന പ്രയോഗം ആണ് നടത്തുന്നത്. ഞങ്ങൾ, ഞങ്ങൾക്ക് എന്നൊക്കെ ഞാൻ, എനിക്ക് എന്നിവയ്ക്കുപകരവും എന്റെ, എന്റേത് എന്നതിനുപകരം ഞങ്ങളുടെ, ഞങ്ങളുടേത് എന്ന പദപ്രയോഗങ്ങൾ ഉപയോഗിക്കുന്നു. വെളി. 4:11-ൽ ഇത് കാണുന്നു. "നമ്മുടെ ദൈവം" എന്ന് 5,9,10 വാക്യങ്ങളിൽ കാണുന്നു. "*നീ ഞങ്ങളെ ദൈവത്തിനായി വിലയ്ക്കുവാങ്ങി ഞങ്ങളെ രാജാക്കന്മാരും, പുരോഹിതന്മാരുമാക്കി.*" ഇങ്ങനെ നാം പറയുകയും വിശ്വാസികൾ "ആമേൻ" പറയുകയും ചെയ്യുമ്പോൾ അത് അങ്ങനെ തന്നെയെന്ന് അവരും പറയുകയാണ്. ആ സഹോദരൻ പറഞ്ഞതു തന്നെ ഞങ്ങളുടെയും ചിന്തയും അതു തന്നെ ഞങ്ങളും പറയുന്നു എന്നുമാണ്.

## F. ആരാധനയിൽ പാട്ടുകളുടെ ഉപയോഗം

ബുദ്ധിയോടു കൂടെ പാട്ടുകൾ ഉപയോഗിക്കുന്നതും വളരെ പ്രാധാന്യമർഹിക്കുന്ന കാര്യമാണ്. കൂട്ടായുള്ള ആരാധനയ്ക്ക് വിവേകപൂർവ്വം തിരഞ്ഞെടുക്കുന്ന പാട്ടുകൾ സന്തോഷത്തോടും വികാരാനുഭൂതിയോടും കൂടെ പാടുന്നത് വളരെ പ്രയോജനകരമാണ്. നമ്മുടെ പാട്ടുപുസ്തകം നാം ശരിയായി മനസ്സിലാക്കുകയും ബുദ്ധിപൂർവ്വം ഉപയോഗിക്കാൻ പഠിക്കുകയും ചെയ്യണം.

ചില സ്ഥലങ്ങളിൽ ചെയ്യുന്നതുപോലെ ഒരു സഹോദരൻ തന്നെ എല്ലാ പാട്ടും നിർദ്ദേശിക്കുന്നതു നന്നല്ല. യോഗങ്ങളുടെ ആരംഭത്തിൽ തന്നെ എല്ലാ പാട്ടും പാടുന്നതും അഭിലഷണീയമല്ല. പരിശുദ്ധാത്മാവ് ഈ കാര്യത്തിലും നമ്മെ നയിക്കാൻ നാം അനുവദിക്കേണ്ടതാണ്.

നമ്മുടെ കർത്താവായ യേശുവിനെ ഓർക്കാനായി നാം കൂടിവരുമ്പോൾ, അവിടെ മൂപ്പന്മാരോ, സുവിശേഷകന്മാരോ അല്ല, പ്രത്യുത

പരിശുദ്ധാത്മാവാണ് കൂടി വരവിനെ നയിക്കേണ്ടത് അഥവാ അതിന്റെ അദ്ധ്യക്ഷനായിരിക്കേണ്ടത്. പരിശുദ്ധാത്മാവിനു അർഹമായ സ്ഥാനം കൊടുത്ത് അവൻ അദ്ധ്യക്ഷം വഹിക്കുകയും നയിക്കുകയും ചെയ്യാൻ അനുവദിക്കേണ്ടതാണ്. ആഴ്ച മുഴുവനും നാം കർത്താവുമായുള്ള വ്യക്തിപരമായ കൂട്ടായ്മയിൽ ആയിരിക്കേണ്ടത് ഇതിനു വളരെ അത്യാവശ്യമാണ്. അങ്ങനെയെങ്കിൽ നാം കൂടിവരുമ്പോൾ പരിശുദ്ധാത്മാവിനെ ദുഃഖിപ്പിക്കാൻ ഇടവരികയില്ല. എങ്കിൽ പരിശുദ്ധാത്മാവ് പൂർണ്ണ സ്വാതന്ത്ര്യത്തോടെ നമ്മുടെ മദ്ധ്യേ പ്രവർത്തിക്കുകയും നാം അവനോടുള്ള കൂട്ടായ്മയിൽ ആയിരിക്കയും അവന്റെ നടത്തിപ്പിനെക്കുറിച്ചു ബോധവാന്മാരായിരിക്കുകയും ചെയ്യും.

ഇങ്ങനെയല്ലെങ്കിൽ നമ്മുടെ സഹോദരിമാർ നിരാശിതരായിതീരും. എന്തുകൊണ്ടെന്നാൽ പരിശുദ്ധാത്മാവു മാത്രം അറിയുന്ന അവരുടെ ചിന്തകളും ഹൃദയ ധ്യാനവും പ്രകാശിപ്പിക്കപ്പെടാതിരിക്കും. ഇതിനെക്കുറിച്ചു കൂടുതലായി പിന്നീടു പ്രസ്താവിക്കാം.

ചിലപ്പോൾ പതിവായി താമസിച്ചുവരുന്നവരുടെ സൗകര്യത്തേ കരുതി ആദ്യം ധാരാളം പാട്ടുകൾ പാടും. കൃത്യനിഷ്ഠയില്ലായ്മ, സമയം കൃത്യമായി പാലിക്കാത്തത്, നമ്മുടെ ജീവിതത്തിൽ ആരാധനയോടും ആത്മീയകാര്യങ്ങളോടുമുള്ള താൽപര്യക്കുറവിനെയും ശിക്ഷണബോധമില്ലായ്മയേയും കാണിക്കുന്നു. കർത്താവും ശിഷ്യന്മാരും കൂടെ മാളികമുറിയിൽ പെസഹാ ആചരണത്തിനായി കൂടിവന്നതിനെക്കുറിച്ചു നാം വായിക്കുന്നത് ''സമയമായപ്പോൾ അവൻ ഇരുന്നു'' എന്നാണ്. അവൻ ഒരിക്കലും താമസിക്കയില്ല. നമുക്കു താമസിക്കാമോ? നമുക്കു പ്രധാനമന്ത്രിയോടോ പ്രസിഡന്റിനോടോ ഒരു കൂടിക്കാഴ്ച അനുവദിച്ചാൽ നാം താമസിച്ചുചെല്ലാൻ ധൈര്യപ്പെടുമോ? അങ്ങനെയെങ്കിൽ രാജാധിരാജാവിന്റെ സന്നിധിയിൽ ചെല്ലാൻ നാം കൂടുതൽ കൃത്യനിഷ്ഠ പാലിക്കേണ്ടതല്ലേ?

ഓർമ്മയ്ക്കായുള്ള കൂടിവരവു നമ്മുടെ ഇഷ്ടകീർത്തനങ്ങളോ സുവിശേഷ ഗാനങ്ങളോ പാടാനുള്ള സമയമല്ല. സന്ദർഭത്തിനനുസരണമായ പാട്ടുകൾ മാത്രം തിരഞ്ഞെടുത്തു പാടണം. നാം കർത്താവിനോടുള്ള കൂട്ടായ്മയിലാണെങ്കിൽ നാം കൂടിവരുന്നതിനു മുമ്പു തന്നെ നമ്മുടെ ഹൃദയങ്ങളിൽ പാട്ടു ലഭിച്ചിരിക്കും. അതു നാം തന്നെ പാടിക്കൊണ്ടിരുന്നെന്നുവരാം. അതിലെ ഉത്തമമായ ചിന്തകളും മനോഹരമായ വാക്കുകളും നമ്മുടെ ഹൃദയത്തെ കോരിത്തരിപ്പിക്കും. അങ്ങനെ ഒരുക്കത്തോടുകൂടെ യോഗത്തിനു കടന്നുവരുന്നതിനാൽ എന്തെങ്കിലും പോരായ്മയോ കുറവോ അനുഭവപ്പെടുകയില്ല. ആത്മാവിൽ ഒരു പാട്ടു

പാടുമ്പോൾ ആ പാട്ടിൽ അടങ്ങിയിരിക്കുന്ന ആശയങ്ങൾ മറ്റു വിശ്വാസികളെയും ആരാധനയ്ക്കായി പ്രേരിപ്പിക്കുന്നതിന് പരിശുദ്ധാത്മാവ് ഉപയോഗിക്കും. ഒരു സഹോദരൻ വെളിപ്പെടുത്തുന്ന ചിന്തകൾ, അഥവാ അവന്റെ ദർശനത്തിൽ ഉണ്ടായിരിക്കുന്ന തേജസ്സിന്റെ അനുഭവം മറ്റു സഹോദരങ്ങളേയും ആരാധനയ്ക്കായി ഉണർത്തും അഥവാ അവന്റെ ഓർമ്മയിലേക്കും ആ ചിന്തകളോട് ബന്ധപ്പെട്ട് ഒരു പാട്ടു കൊണ്ടുവരും. ഇതിനു പാട്ടുകൾ നാം ശരിയായി അറിഞ്ഞിരിക്കേണ്ടതാണ്.

വിശ്വാസികൾ ഗ്രൂപ്പുകളായി ചില സഹോദരഭവനങ്ങളിൽ ചേർന്നു വന്നു പാട്ടുകൾ പഠിക്കുന്നതിനായി സമയം എടുക്കുന്നത് പ്രയോജനകരമാണ്. സാധാരണ പാട്ടുകൾ പാടുവാൻ കഴിവുള്ള ഒരു വ്യക്തിയെ എങ്കിലും സഭയിൽ കർത്താവ് എഴുന്നേൽപ്പിച്ചിരിക്കും. അങ്ങനെയുള്ളവർ മറ്റു വിശ്വാസികൾ നന്നായി ദൈവനാമ മഹത്വത്തിനുവേണ്ടി പാടുവാൻ പഠിക്കേണ്ടതിനു സഹായിക്കാൻ ക്രമീകരിക്കണം. ഇത് ആരാധനാ സമയത്തു മാത്രമല്ല, മറ്റു മീറ്റിംഗുകളേയും സമ്പന്നമാക്കുവാൻ സഹായിക്കും. നമ്മുടെ സുവിശേഷപ്രവർത്തനങ്ങളിലും ഇതു സഹായകമാകും. നല്ല പാട്ടുകൾ ആളുകളെ ആകർഷിക്കും. അതു ദൈവത്തിനു കൂടുതൽ മഹത്വവും ദൈവജനത്തിന് അനുഗ്രഹവും കൈവരുത്തും. ഒരിക്കലും പാടാത്തതും മറന്നുകിടക്കുന്നതുമായ നല്ല നല്ല ഗാനങ്ങൾ പാട്ടുപുസ്തകത്തിലുണ്ടായിരിക്കും. എന്നാൽ അതിനുപകരം ചെറിയതും ആവർത്തിച്ചു പാടുന്നതുമായ പല്ലവികൾ, കേവലം ഉപരിപ്ലവവും ആത്മീയ മൂല്യം കുറഞ്ഞതുമായവ ആയിരിക്കും ഉപയോഗിക്കുന്നത്.

## G. പരിശുദ്ധാത്മാവിന്റെ നടത്തിപ്പ്

കഴിഞ്ഞ അദ്ധ്യായത്തിൽ നാം ചിന്തിച്ച കാര്യങ്ങൾ പരിശുദ്ധാത്മ നടത്തിപ്പിനെക്കുറിച്ച് മനസിലാക്കാൻ നമ്മെ സഹായിക്കും. റോമർ 8:14,15-ൽ ദൈവമക്കളുടെ സവിശേഷത അവർ പരിശുദ്ധാത്മാവിനാൽ നടത്തപ്പെടുന്നു എന്നുള്ളതാണ് എന്നു പറയുന്നു. ആത്മാവ് അബ്ബാ പിതാവേ എന്നു വിളിക്കാനും, പിതാവുമായുള്ള ബന്ധം അനുഭവിച്ചറിയുവാനും ഉച്ചരിക്കുവാനും നമ്മെ സഹായിക്കുന്നു.

എന്നാൽ നാം കർത്താവിനെ ഓർക്കാനും ആരാധിപ്പാനും കൂടിവരുമ്പോൾ മാത്രമല്ല പരിശുദ്ധാത്മാവിന്റെ നടത്തിപ്പും കൂട്ടായ്മയും അനുഭവ വേദ്യമാകുന്നത്. നമ്മുടെ ജീവിതത്തിൽ പാപത്തിന്റെ ഫലമായോ, ആഴ്ചവട്ടത്തിന്റെ ഇതര ദിവസങ്ങളിലെ സൂക്ഷ്മതയില്ലാത്ത ജീവിതചര്യമൂലമോ പരിശുദ്ധാത്മാവിനെ ദുഃഖിപ്പിക്കുന്ന അനുഭവമു

ണ്ടായാൽ നാം കൂടി വരുന്ന സമയത്ത് പരിശുദ്ധാത്മ നടത്തിപ്പുണ്ടാകുമെന്നു പ്രതീക്ഷിക്കേണ്ട. അതിനാൽ നാം കൂടിവരുമ്പോൾ ഉണ്ടാകുന്ന സ്വാതന്ത്ര്യം, ആരാധനയുടെ നിലവാരം ഇതെല്ലാം നമ്മുടെ വ്യക്തിപരമായ ആത്മീയ അവസ്ഥയേയും സഭയുടെ മൊത്തമായ സ്ഥിതിയേയും ആശ്രയിച്ചിരിക്കുന്നു.

നാം ആരോഗ്യകരമായ ആത്മീയാവസ്ഥയിൽ ആണെന്നും പരിശുദ്ധാത്മാവിനാൽ നിറഞ്ഞവരാണെന്നും സങ്കല്പിക്കുക. അങ്ങനെയെങ്കിൽ നമ്മുടെ വ്യക്തിപരമായ വേദധ്യാനത്തിലും പ്രാർത്ഥനയിലും കുടുംബാരാധനയുടെ വേളയിലും ഒക്കെ ദൈവത്തിന്റെ ആത്മാവ് കർത്താവായ യേശുക്രിസ്തുവിന്റെയും പിതാവാം ദൈവത്തിന്റെയും മഹത്വം നമുക്കു വെളിപ്പെടുത്തിത്തരും (യോഹ.16:14-15) അങ്ങനെയായാൽ നാം കൂടിവരുമ്പോൾ നമ്മുടെ സ്വർണ്ണധൂപപീഠങ്ങൾ മുഴുവൻ സുഗന്ധവർഗ്ഗം കൊണ്ടു നിറഞ്ഞിരിക്കും. നമ്മുടെ വീണകൾ (ഹൃദയങ്ങൾ) ശരിയായ നാദം മീട്ടും (വെളി.5:8).

നമ്മുടെ ഹൃദയങ്ങൾ നിറവുള്ളതായിരിക്കുമെങ്കിലും ഒരേസമയം എല്ലാവരും കൂടെ ശബ്ദമുണ്ടാക്കുകയോ സ്തോത്രം ചെയ്യുകയോ ഒന്നും ചെയ്യേണ്ടിവരികയില്ല. ദൈവത്തിന്റെ പരിശുദ്ധാത്മാവ് നയിക്കുന്നതിനാൽ സകലവും ക്രമമായിത്തന്നെ നടക്കും. അവൻ ഒരിക്കലും കലക്കവും ക്രമക്കേടും ഉണ്ടാക്കുകയില്ല. പാടുന്ന പാട്ടുകളും സ്തോത്രാർപ്പണങ്ങളും എല്ലാം ഒന്നിനൊന്നു പൂരകമായിരിക്കും. ആദ്യവസാനം മനോഹരമായ ഒരു വിഷയബന്ധം ഉണ്ടായിരിക്കും.

സഹോദരിമാർക്കും ആരാധനയിൽ അവരുടെ പങ്കുണ്ടായിരിക്കും. പക്ഷേ ശബ്ദമുയർത്തിയല്ല. എന്തെന്നാൽ സഭയിൽ സംസാരിക്കാൻ സഹോദരിമാരെ അനുവദിച്ചിട്ടില്ലല്ലോ (1 കൊരി. 14:34). ചിലപ്പോൾ സഹോദരിമാർ നിരാശിതരായിത്തീരാം. പ്രത്യേകിച്ച് പരസ്യമായി സംസാരിക്കാനും ആരാധിക്കാനും ഒക്കെ അവകാശമുള്ള സഹോദരന്മാർ മൗനമായിരിക്കയും ദൈവസന്നിധിയിൽ ഒന്നും അർപ്പിക്കാൻ ഇല്ലാത്തവരായിരിക്കയും ചെയ്യുമ്പോൾ. എന്നാൽ സുഗന്ധവർഗ്ഗം പരിമളപൂർണ്ണവും, എല്ലാവരുടേയും അടുക്കലേക്കു സൗരഭ്യം ഊറി ചെല്ലുകയും ചെയ്യുമ്പോൾ, സഹോദരിമാരുടെ ഹൃദയത്തിലെ സൗരഭ്യവും ആരാധനയും സഹോദരന്മാരിൽ കൂടെ വ്യക്തമാകേണ്ടിയിരിക്കുന്നു.

ഉദാഹരണമായി ആരാധനയിൽ മുഴുകുന്ന ഒരു സഹോദരിക്ക് ഹൃദയത്തിൽ ഒരു പാട്ട് ഉണ്ടായിയെന്നു വരാം. ഞാൻ ഒരു പുരുഷനായിരുന്നെങ്കിൽ ഈ പാട്ടു പാടിയേനേം എന്ന് അവൾ ഹൃദയത്തിൽ

അഥവാ കർത്താവിനോടു തന്നെ പറഞ്ഞെന്നുവരാം. എന്നാൽ അവളുടെ മനസ്സിൽ വന്ന അതേപാട്ടു തന്നെ പാടുന്നതിനായി വേറൊരു സഹോദരൻ പറയുന്നുവെന്നു വിചാരിക്കുക. അപ്പോൾ അവളുടെ സന്തോഷം എത്രവലുതായിരിക്കും. ഇങ്ങനെയാണു പരിശുദ്ധാത്മാവ് നടത്തുന്നത്. അതവളുടെ പാട്ടാണ്. അതു പാടുന്നു. എന്നാൽ അവൾ സംസാരിക്കുകയോ ദൈവവചനത്തോട് അനുസരണക്കേടു കാണിക്കുകയോ ചെയ്യുന്നില്ല. ആരാധനയിലും ഇതേകാര്യം തന്നെ സംഭവിക്കാം. ഒരു സഹോദരിയുടെ ഹൃദയത്തിലുള്ള അതേ ചിന്തതന്നെ ഒരു സഹോദരനിൽ കൂടെ പ്രതിഫലിപ്പിക്കപ്പെടാം; അവളുടെ ഹൃദയത്തിൽ എന്താണുള്ളതെന്ന് അവൻ അറിഞ്ഞു പറയുന്നതുപോലെ തന്നെ അനുഭവപ്പെടാം. ഇങ്ങനെ പരിശുദ്ധാത്മാവിനാൽ നടത്തപ്പെടുമ്പോൾ ഈ കാര്യങ്ങളെല്ലാം ആരാധനയെ സമ്പുഷ്ടവും സന്തോഷപ്രദവുമാക്കിത്തീർക്കുന്നു. കേവലം സന്തോഷം അന്വേഷിച്ചല്ല നാം വരുന്നത് പിന്നെയോ കർത്താവിനെ ഓർക്കാനും ആരാധിക്കാനും ആണ്.

## H. കർത്താവിന്റെ അത്താഴവും ആരാധനയും

കഴിഞ്ഞ പല നൂറ്റാണ്ടുകളിൽ കർത്താവിന്റെ മേശ അന്ധവിശ്വാസത്തിന്റെയും രഹസ്യത്തിന്റെയും തിരശീലകളിൽ പൊതിഞ്ഞാണ് പലരും അനുഷ്ഠിച്ചു വന്നത്. ഇന്നു ചില സഭാവിഭാഗങ്ങളിൽ ഇതു കർത്താവിന്റെ മേശയായിട്ടല്ല ഇരിക്കുന്നത്; ഒരുമാതിരി വിഗ്രഹാരാധന പോലെയാണ്. നമ്മുടെ സഭകളിലും അജ്ഞത നിമിത്തം ഇതു അനുഗ്രഹം ലഭിക്കുന്നതിനുള്ള ഒരുപാധിയായി കണക്കാക്കുന്നു. പ്രകൃത്യാതീതമായ ഒരനുഗ്രഹം നഷ്ടപ്പെടാതിരിക്കാൻ വേണ്ടി പലരും തിരുവത്താഴത്തിൽ പങ്കുചേരുന്നു അഥവാ ഒഴിഞ്ഞിരിക്കാതെയിരിക്കുന്നു. ഇതു വേറൊരു തരത്തിലുള്ള അന്ധവിശ്വാസമാണ്.

തങ്ങൾ കർത്തൃമേശയിൽ പങ്കുകൊള്ളുമ്പോൾ ആരാധന കഴിക്കുകയാണെന്നു ചിലർ തെറ്റിദ്ധരിക്കുന്നു. വേദപുസ്തകത്തിൽ ഒരിടത്തും അങ്ങനെ പറഞ്ഞിട്ടില്ല. കർത്തൃമേശയുടെ ഉദ്ദേശം രണ്ടാണ്. ഒന്നാമത്, ഇതു നമ്മുടെ കർത്താവിനെത്തന്നെ ഓർക്കാൻ. "*എന്റെ ഓർമ്മയ്ക്കായി ഇതു ചെയ്വിൻ.*" രണ്ടാമത്, കർത്താവു വരുന്നതുവരെ അവന്റെ മരണത്തെ പ്രസ്താവിക്കാൻ . ഒന്നാമത്തേത് നമ്മിലേക്കു തന്നെയുള്ളതും മറ്റേതു പുറത്തേക്കുള്ളതുമാകുന്നു. എന്നാൽ ഓർമ്മയും പ്രസ്താവനയും അതിൽ തന്നെ ആരാധന ആയിരിക്കുന്നില്ല.

മിക്കസഭകളിലും ആരാധനയുടെ അവസാനഭാഗത്താണ് അപ്പം

നുറുക്കൽ നടത്തുന്നത്. ഇങ്ങനെ ചെയ്യുന്നിടത്തു വിശ്വാസികളുടെ ആരാധനയും സ്തോത്രവും അതിന്റെ ഉച്ചകോടിയിലെത്തുന്നു. ചില സഭകളിൽ അപ്പം നുറക്കൽ യോഗത്തിന്റെ ആരംഭത്തിൽ നടത്തുന്നു. ഇവിടെ മീറ്റിംഗിന്റെ സ്വരം അഥവാ ഗതിനിയന്ത്രിക്കാൻ അതു സഹായകമാകുന്നു. നമ്മുടെ ഹൃദയങ്ങളെ ആരാധനയ്ക്ക് നയിക്കുകയും ചെയ്യും. ഇതു രണ്ടും ശരിയാകാം. എങ്ങനെ, എപ്പോൾ (ആരംഭത്തിലോ, മദ്ധ്യത്തിലോ, ഒടുവിലോ) ചെയ്യണമെന്നു വ്യക്തമായി നിർദ്ദേശം വചനത്തിലില്ല.

അപ്പൊ. 20:7-ൽ നാം കാണുന്നത് അവർ അപ്പം നുറുക്കുവാൻ കൂടി വന്നത് ആഴ്ചവട്ടത്തിന്റെ ഒന്നാം ദിവസം ആയിരുന്നു എന്നാണ്. എന്നാൽ പാതിരാത്രിവരെ മേശയിൽ പങ്കെടുത്തിരുന്നില്ല എന്നു കാണാം (അപ്പൊ. 20:7,14). വചനശുശ്രൂഷ അതിനുമുമ്പേ ഉണ്ടായിരുന്നു. അതിനുശേഷം കൂട്ടായ്മ, ചർച്ചകൾ. എന്നാൽ വളരെ കർശനമായി പാലിക്കേണ്ട ഒരു ക്രമമായി ഇത് ആരും കരുതേണ്ടതില്ല. എന്തുകൊണ്ടെന്നാൽ അവിടെ പരിതസ്ഥിതികൾ പ്രത്യേകമായിരുന്നു. പൗലൊസിന്റെ അന്ത്യ സന്ദർശനം ആയിരുന്നു അത്. അവൻ അടുത്ത പ്രഭാതത്തിൽ അവിടെ നിന്ന് യാത്ര പറയുവാൻ ഒരുങ്ങുകയായിരുന്നു. പിന്നീട് അവരെ കാണാനുള്ള അവസരവും ശേഷിച്ചിരുന്നില്ല. അവരോടു സംസാരിപ്പാൻ തനിക്കുണ്ടായിരുന്ന അവസാനസന്ദർഭം ആയിരുന്നു. അതിനാൽ പാതിരാത്രിവരെ ദീർഘനേരം താൻ സംസാരിച്ചു.

നാം ഒരുമിച്ചുകൂടുമ്പോൾ പരസ്യമായി അർപ്പിക്കുന്ന ആരാധന കൂടിയിരിക്കുന്ന എല്ലാവരും കേൾക്കത്തക്കവണ്ണം ആയിരിക്കണം. എല്ലാവർക്കും കേൾക്കാൻ കഴിയുന്നില്ലെങ്കിൽ ഗ്രഹിപ്പാനും സാധിക്കുകയില്ല. ഗ്രഹിപ്പാൻ കഴിയുന്നില്ലെങ്കിൽ എങ്ങനെ 'ആമേൻ' പറയുവാൻ സാധിക്കും! 1 കൊരി.14:15-16 കാണുക. ഇവിടെ കാണുന്നത് ശുശ്രൂഷയിൽ പരസ്യമായ പങ്കുവഹിക്കുന്നവർ അതു വ്യക്തമായി മറ്റുള്ളവർക്കു കേൾക്കത്തക്കവണ്ണം ഉച്ചസ്വരത്തിൽ ചെയ്യണം. ശുശ്രൂഷയിൽ പങ്കുവഹിക്കുന്നവൻ പറയുന്നതു മറ്റുള്ളവർക്കു കേൾക്കാൻ കഴിയുന്നില്ലെങ്കിൽ അവർ നിരാശിതരായി പോകാൻ സാദ്ധ്യതയുണ്ട്.

മേശ, കൂടിവരവിന്റെ നടുവിലായിരിക്കുന്നത് കൂടുതൽ സൗകര്യപ്രദമായിരിക്കും. ഒരു യാഗപീഠം പോലെ, അൾത്താര പോലെ മുൻവശത്തായിരിക്കുന്നതിനേക്കാൾ അതാണുത്തമം. ആരാധനയ്ക്കായി വളരെ വലിയ കൂട്ടംകൂടുന്നതും അഭിലഷണീയമല്ല. അതു പലപ്രശ്നങ്ങളും ഉളവാക്കും. കൂടുതൽ ഔപചാരികമായ രംഗങ്ങൾ ഉണ്ടാകാൻ

അത് ഇടയാക്കും. മാത്രമല്ല അല്പം ലജ്ജയൊക്കെയുള്ളവർ പരിപൂർണ്ണ മൗനം പാലിക്കാനും ഇതുകാരണമാക്കും.

## I. ആരാധനയും സംഗീത ഉപകരണവും

ആരാധനയിൽ സംഗീത ഉപകരണങ്ങൾ ഉപയോഗിക്കുന്നതു ഈ കാലത്ത് ഒരു വിവാദ വിഷയമായി തീർന്നിട്ടുണ്ട്. ചിലർ എല്ലാവിധ വാദ്യങ്ങളും ഉപയോഗിച്ച് ആരാധനയുടെ സമയം ഒരു വിനോദവേളയോ ഒരു വിശുദ്ധ സംഗീതക്കച്ചേരിയോ ആക്കി മാറ്റാൻ ശ്രമിക്കുന്നു. പരിശുദ്ധാത്മാവിനുള്ള സ്വാതന്ത്ര്യം ആരാധനയിൽ ശരിയായി അനുവദിക്കുന്നുവെങ്കിൽ അവിടെ സംഗീത ഉപകരണങ്ങൾ ഒരാവശ്യമല്ല. പരിശുദ്ധാത്മാവു ദുഃഖിപ്പിക്കപ്പെടുകയും വിശ്വാസികളുടെ ഹൃദയങ്ങൾ ദൈവമുമ്പാകെ ശരിയല്ലാതിരിക്കുകയും ചെയ്യുന്നുവെങ്കിൽ യാതൊരു സംഗീത ഉപകരണങ്ങൾക്കും ആ കുറവു പരിഹരിക്കാൻ സാദ്ധ്യമല്ല.

പഴയനിയമകാലത്ത് ആരാധനയ്ക്ക് വാദ്യോപകരണങ്ങൾ ഉപയോഗിച്ചിരുന്നു എന്നും വെളിപ്പാടു പുസ്തകത്തിലും അതു കാണുന്നുണ്ടല്ലോ എന്നും ചിലർ പറഞ്ഞേക്കാം. പഴയനിയമത്തിൽ സംഗീതോപകരണങ്ങൾ കേവലം നിഴലുകളുടെ രൂപത്തിലും വെളിപ്പാടു പുസ്തകത്തിൽ പ്രതിരൂപങ്ങളുമായിട്ടാണ്. മുകളിൽ പ്രസ്താവിച്ചിട്ടുള്ളതായി തിരുവെഴുത്തിൽ പറയുന്ന കാര്യങ്ങൾ ആരാധനയിൽ പരിപാലിക്കപ്പെട്ടാൽ സംഗീത ഉപകരണങ്ങൾ ആവശ്യമായി വരികയില്ല എന്നു മാത്രമല്ല ആഗ്രഹിക്കുകയുമില്ല.

## ഉപസംഹാരം

ഇത് ആരാധനാചട്ടങ്ങളുടെ ഒരു ഗ്രന്ഥമല്ല. എന്നാൽ തലമുറകളായി ആരാധനയ്ക്ക് അനുഗ്രഹകരമായി അനുഭവപ്പെടുന്ന നിർദ്ദേശങ്ങൾ മാത്രം. ബെരോവക്കാരെപ്പോലെ മനസ്സൊരുക്കത്തോടെ ദൈവവചനം അംഗീകരിച്ചു നമ്മുടെ ആത്മീയമായ മാന്യത നമുക്കു വെളിപ്പെടുത്താം. ഈ പറഞ്ഞ കാര്യങ്ങൾ വചനാനുസൃതമോ എന്ന് ആരാഞ്ഞന്വേഷിക്കുക (അപ്പൊ. 17:11). ദൈവനാമം മഹിമപ്പെടണമെന്നും വിശ്വാസികൾ അനുഗ്രഹിക്കപ്പെടണമെന്നുമേ എനിക്കാഗ്രഹമുള്ളൂ. സത്യത്തിലും ആത്മാവിലുമുള്ള ആരാധനയ്ക്കായുള്ള ഒരു ഉണർവുണ്ടാകട്ടെ (യോഹ. 4:23). വിശുദ്ധന്മാരുടെ അർപ്പണങ്ങൾ (വഴിപാടുകൾ) പുരാതനകാലത്തെന്നപോലെയും പണ്ടത്തെ നാളുകളിലെന്നപോലെയും യഹോവയ്ക്കു പ്രസാദകരമായിതീരട്ടെ (മലാഖി 3:3-4).

വിവർത്തനം: T.M. Daniel, Pathanamthitta

*************